3
ഒക്ടോബർ
2019

# ക്രൈസ്തവ ചിന്ത

CHRISTHAVACHINTHA

www.cchintha.com

ക്രൈസ്തവ സാംസ്കാരിക പത്രിക

www.facebook.com/christhavachintha | പുസ്തകം 20 | ലക്കം 244 | കോട്ടയം | വാർഷിക വരിസംഖ്യ 100.00 | പേജ് 12

**പോൾ തങ്കയ്യ പിൻമാറിയതിലൂടെ വി.റ്റി. ഏബ്രഹാമും റ്റി.ജെ. ശാമുവലും തമ്മിൽ നേരിട്ടുള്ള മത്സരമായി മാറി. തുടർന്ന് നടന്ന ആദ്യ ബാലറ്റിൽ വി.റ്റി.ക്ക് 1313 വോട്ട് കിട്ടിയപ്പോൾ റ്റി.ജെ. ശാമുവലിന് കിട്ടിയത് 747 വോട്ട് മാത്രം. രണ്ടാം ബാലറ്റിൽ വി.റ്റി.യ്ക്ക് 1869 വോട്ടിന്റെ വമ്പൻ ഭൂരിപക്ഷം കിട്ടി. റ്റി.ജെ. ശാമുവലിന് വെറും 573 ആയി ചുരുങ്ങി. അഖിലേന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് കോൺഫ്രൻസിലും ജനറൽ സെക്രട്ടറിയായി മത്സരിച്ച റ്റി.ജെ. ശാമുവൽ കനത്ത തോൽവിയാണ് ഏറ്റുവാങ്ങിയത്.**

## സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് കോൺഫറൻസ് കന്യാകുമാരിയിൽ നടന്നു

# വി.റ്റി. എബ്രഹാമിനും കെ.ജെ. മാത്യുവിനും ഉജ്ജ്വല വിജയം

**അനീഷ് ഇരിട്ടി**

**കന്യാകുമാരി:** സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സൂപ്രണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഡോ. വി.റ്റി. ഏബ്രഹാമിന് ഉജ്ജ്വലവിജയം. തൊട്ടുപിന്നാലെ ജനറൽ സെക്രട്ടറിയായി കെ.ജെ. മാത്യു എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടതിനും പത്തര മാറ്റ് തിളക്കം. അസി. സൂപ്രണ്ടായി റവ. പോൾ തങ്കയ്യയും, ട്രഷററായി റവ.ഡി.സത്യനേശനും തെരഞ്ഞെടുക്കപ്പെട്ടു. റവ. തിമോത്തി റാവുവാണ് കമ്മറ്റി മെമ്പർ. അഞ്ചംഗ എക്സിക്യൂട്ടീവ് കമ്മറ്റിയാണ് എസ്.ഐ.ഏ.ജി.യെ നയിക്കുന്നത്.

സെപ്തംബർ 24-26 വരെ കന്യാകുമാരി ട്രൈസി ഹോട്ടൽ ഗ്രൗണ്ടിൽ പ്രൗഢഗംഭീരമായി തയ്യാറാക്കിയ എയർകണ്ടീഷൻഡ് പന്തലിലാണ് ഈ വർഷത്തെ കോൺഫ്രൻസ് നടന്നത്.

2318 പേരാണ് സൗത്തിന്ത്യയിലെ 8 ഡിസ്ട്രിക്ടുകളിലെ 5500 സഭകളെ പ്രതിനിധീകരിച്ച് രജിസ്റ്റർ ചെയ്തിരുന്നത്. മഹാരാഷ്ട്ര, വെസ്റ്റേൺ, മലയാളം, മലബാർ, സതേൺ, തമിഴ്, സെൻട്രൽ, ആന്ധ്ര എന്നിവയാണ് കേരളം, തമിഴ്നാട്, ആന്ധ്ര, കർണ്ണാടക, മഹാരാഷ്ട്ര, ഗോവ എന്നീ സ്റ്റേറ്റുകളിലായി വ്യാപിച്ചു കിടക്കുന്ന സഭാ ഡിസ്ട്രിക്റ്റുകൾ.

വി.റ്റി. ഏബ്രഹാം, റ്റി.ജെ. ശാമുവൽ, പോൾ തങ്കയ്യ എന്നിവരെയാണ് കോൺഫ്രൻസ് പ്രതിനിധികൾ നോമിനേഷൻ ബാലറ്റിലൂടെ നാമനിർദ്ദേശം ചെയ്തത്. പോൾ തങ്കയ്യ പിൻമാറിയതിലൂടെ വി.റ്റി. ഏബ്രഹാമും റ്റി.ജെ. ശാമുവലും തമ്മിൽ നേരിട്ടുള്ള മത്സരമായി മാറി. തുടർന്ന് നടന്ന ആദ്യ ബാലറ്റിൽ വി.റ്റി.ക്ക് 1313 വോട്ട് കിട്ടിയപ്പോൾ റ്റി.ജെ. ശാമുവലിന് കിട്ടിയത് 747 വോട്ട് മാത്രം. രണ്ടാം ബാലറ്റിൽ വി.റ്റി.യ്ക്ക് 1869 വോട്ടിന്റെ വമ്പൻ ഭൂരിപക്ഷം കിട്ടി. റ്റി.ജെ. ശാമുവലിന് വെറും 573 ആയി ചുരുങ്ങി. അഖിലേന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് കോൺഫ്രൻസിലും ജനറൽ സെക്രട്ടറിയായി മത്സരിച്ച റ്റി.ജെ. ശാമുവൽ കനത്ത തോൽവിയാണ് ഏറ്റുവാങ്ങിയത്.


റവ. വി.റ്റി. ഏബ്രഹാം


റവ. പോൾ തങ്കയ്യ


റവ. കെ.ജെ. മാത്യു


റവ.ഡി.സത്യനേശൻ


റവ. തിമോത്തി റാവു


റവ. എൻ. പീറ്റർ

പോൾ തങ്കയ്യ നോമിനേഷൻ ബാലറ്റിൽ തന്നെ അസി. സൂപ്രണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. നോമിനേഷനിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം കിട്ടിയാൽ പിന്നെ തെരഞ്ഞെടുപ്പ് നടത്തേണ്ട ആവശ്യമില്ല.

ജന. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട കെ.ജെ. മാത്യുവിനും തിളക്കമാർന്ന വിജയമാണ് ലഭിച്ചത്. കെ.ജെ. മാത്യുവിനെ കൂടാതെ ഡോ. രാജശേഖരനും നോമിനേഷനിൽ ഇടം നേടിയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പിൻമാറ്റം കെ.ജെ. മാത്യു എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുന്നതിന് കാരണമായി. എസ്ഐഎജിയുടെ പ്രതിനിധിയായി അഖിലേന്ത്യാ എജി കമ്മിറ്റിയിലേക്ക് റവ. സ്റ്റീവ് ജയരാജിനെയും തെരഞ്ഞെടുത്തു.

ഫുഡ്, അക്കോമഡേഷൻ, ട്രാൻസ്പോർട്ടേഷൻ എല്ലാം വളരെ മികച്ചതായിരുന്നു. 10,000-ത്തിലധികം വിശ്വാസികളുള്ള പാറശ്ശാല- ചെറുവാരക്കോണം സഭയുടെ പാസ്റ്റർ എൻ. പീറ്റർ ആയിരുന്നു ജനറൽ കോ-ഓർഡിനേറ്റർ. അദ്ദേഹത്തിന്റെയും സഹപ്രവർത്തകരുടെയും ചിട്ടയും മികവുമാർന്ന പ്രവർത്തനം കോൺഫ്രൻസിനെ വിജയത്തിലെത്തിച്ചു.

കഴിഞ്ഞ കമ്മറ്റിയുടെ റിപ്പോർട്ടും 8 ഡിസ്ട്രിക്ടുകളുടെ റിപ്പോർട്ടും ബൈബിൾ കോളജുകളുടെ റിപ്പോർട്ടുകളും പോഷകസംഘടനകളുടെ റിപ്പോർട്ടുകളും അവതരിപ്പിച്ചു.

7 കോടി അഞ്ചു ലക്ഷം രൂപയുടെ കണക്കുകളും അവതരിപ്പിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിയവർ കന്യാകുമാരിയുടെ പ്രകൃതിസൗന്ദര്യം ആസ്വദിച്ചും വിവേകാനന്ദപാറ സന്ദർശിച്ചിട്ടുമാണ് മടങ്ങിയത്.

### ഒക്ടോബർ 19 ന് സുൽത്താൻ ബത്തേരിയിൽ

## വി.റ്റി. എബ്രഹാമിനെ അനുമോദിക്കുന്നു

**സൗ**ത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സൂപ്രണ്ടായി അഞ്ചാം തവണയും തെരഞ്ഞെടുക്കപ്പെട്ട റവ. വി.റ്റി.എബ്രഹാമിനെ ക്രൈസ്തവചിന്തയുടെ നേതൃത്വത്തിൽ അനുമോദിക്കുന്നു. ഒക്ടോബർ 19 ന് വൈകിട്ട് 6 ന് സുൽത്താൻ ബത്തേരി എജി ചർച്ചിൽ നടക്കുന്ന അനുമോദന സമ്മേളനത്തിൽ വിവിധ പെന്തക്കോസ്ത് സഭാവിഭാഗത്തിലെ നേതാക്കന്മാർ പങ്കെടുക്കുന്നു.

അനുമോദന സമ്മേളനത്തിന്റെ സംഘാടകരായി എഡിറ്റർ അനീഷ് ഇരിട്ടി വയനാട് ജില്ലാ കോർഡിനേറ്റർമാരായ ജോയി മുളയ്ക്കൽ, ബൈജു കാര്യമ്പാടി, ലേഖകൻ സന്ദീപ് വിളുമ്പുകണ്ടം എന്നിവർ പ്രവർത്തിക്കുന്നു.

വിശദവിവരങ്ങൾക്ക് 9446838496, 8086171811.

### എപിഎഫിന്റെ ആഭിമുഖ്യത്തിൽ

## അങ്കമാലിയിൽ ഫാമിലി സെമിനാർ

### ഒക്ടോബർ 25 വെള്ളി വൈകിട്ട് 6 ന്

അങ്കമാലി: അങ്കമാലി പ്രെയർ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിൽ വച്ച് ഒക്ടോബർ 25 വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 9 വരെ ഫാമിലി സെമിനാർ നടക്കും.

റവ. സണ്ണി താഴാംപള്ളം, ഡോ. ജോളി ജോസഫ് എന്നിവർ പ്രസംഗിക്കും. 'കുടുംബജീവിതം എങ്ങനെ ദൈവോന്മുഖമാക്കാം' എന്നതായിരിക്കും പ്രസംഗവിഷയം.

ഏ.പി.എഫ്. ഭാരവാഹികളായ പാസ്റ്റർ സണ്ണി മാത്യു (കൺവീനർ), പാസ്റ്റർ റോയി ഇമ്മാനുവൽ (സെക്രട്ടറി), രാജു ജോർജ്ജ് (ട്രഷറർ) എന്നിവർ നേതൃത്വം നൽകും. ഗാനഭൂഷണം ജോസഫ് ഗോപുരം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. വിശദവിവരങ്ങൾക്ക്: 9744283728, 944724282, 9846009730


റവ. സണ്ണി താഴാംപള്ളം


ഡോ. ജോളി ജോസഫ്

**സോഷ്യൽ മീഡിയ**



ക്രൈസ്തവ ചിന്ത

## പത്രാധിപ സമിതി

ചെയർമാൻ
**മാമ്മൻ ചെമ്പകശ്ശേരിൽ**

ചീഫ് എഡിറ്റർ
**കെ. എൻ. റസ്സൽ**

എഡിറ്റർ ഇൻ ചാർജ്ജ്
**എം. പി. ടോണി**

ഒവർസീസ് എഡിറ്റർ
**വർഗ്ഗീസ് ചാക്കോ ഷാർജ**

റസിഡന്റ് എഡിറ്റർ
**വർഗീസ് മാത്യു**

എഡിറ്റേഴ്സ്
**കെ. ജെ. ജോബ്**
**അനീഷ് ഇരിട്ടി**

മാനേജർ
**കെ. പി. ജോൺ**

**CO-ORDINATORS ABROAD**

**Wilson Tharakan,** Dallas
**Manu Philip,** Florida
**Gigi John,** Detroite
**Reji Thomas,** Dallas
**K.V. Joseph,** Tennessee
**P.G. Varghese,** Oklahoma
**Ninan Mathulla,** Houston
**Mathew Thomas,** Arizona
**Babukutty George,** Philadelphia
**James Thekkemannil,** New Jersey
**Jiji John,** Michigan
**Philip Daniel,** New York
**Jimmy,** New York
**Wilson Abraham,** London, England
**Sabu Philip,** Liverpool, England
**K.P. Bijumon,** Ireland
**P.P. Baiju,** Oman

**CO-ORDINATORS**

**T.A. Abraham** (Nilambur)
**Sam U. Elambal** (Kollam)
**K.A. Mathew**(Nilambur)
**Gigi Chacko** (Pathanamthitta)
**Paul Mala** (Thrissur)
**Baiju Kariyampady** (Wayanad)
**Joy Mulackal** (Wayanad)
**P.G. Samuel** (Nilambur)
**Benny Joseph** (Kochi)
**Binu N. Baby**(Ernakulam)
**Aneesh M. Iype**(Kannur)
**Sabu Kurian Thottiparambil** (Nedumkandom)
**Pratheesh Joseph** (Palakkad)
**Lalu Thomas** (Kottayam)
**V.V. Abraham** (Kozhikode)
**Lancen P. Mathai** (Bangalore)
**N.V. Varghese** (Mumbai)
**M.J. Mathew** (Pathanapuram)
**Sunil P. Thomas** (Kuttiyadi)
**Biju Antony** (Thodupuzha)
**David John** (Kasargod)

വർഗീസ് ചാക്കോ, ഷാർജ
971 55 546 4908



# ബാല ശിക്ഷ : സ്നേഹിക്കപ്പെടുന്ന മക്കൾക്ക് മാത്രം

**ബാല ശിക്ഷ ചിലപ്പോൾ രോഗങ്ങളാകാം. മറ്റു ചിലപ്പോൾ മരണം വരെ ആകാം എന്ന മുന്നറിയിപ്പ് നൽകുമ്പോൾ തന്നെ, മാനസാന്തരമില്ലാതെ പാപത്തിൽ തുടർന്ന് ഒടുവിൽ പിശാചിനോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കാൻ വേണ്ടിയാണ് മരണം എന്ന ബാലശിക്ഷ നൽകുന്നതെന്ന് പൗലോസ് ഓർപ്പിക്കുന്നു.**

പൗലൊസ് അപ്പോസ്തലൻ പ്രധാനമായും രണ്ടിടങ്ങളിൽ ബാല ശിക്ഷയെക്കുറിച്ചു പറയുന്നുണ്ട്.

അപ്പൻ ശിക്ഷിക്കാത്ത മക്കൾ എവിടെയുള്ളു? അങ്ങനെയുണ്ടെങ്കിൽ അവർ കൗലേടയന്മാരത്രെ (ജാര സന്തതികൾ) എന്ന് അപ്പോസ്തലൻ വിശദീകരിക്കുന്നു.

'ബാലശിക്ഷ' എന്ന പ്രയോഗം പിന്നീട് പൗലോസ് ഉപയോഗിച്ചു കാണുന്നതാകട്ടെ, കർതൃമേശയുമായി ബന്ധപ്പെട്ട പ്രബോധനങ്ങൾ നല്കുമ്പോഴാണ്. അയോഗ്യമായി അപ്പം തിന്നുകയോ പാനപാത്രത്തിൽ നിന്നു കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം അവന്റെ രക്തവും ശരീരവും സമ്പന്ധിച്ച് കുറ്റക്കാരനാകും എന്ന് സൂചിപ്പിച്ചശേഷം അത്തരക്കാർക്ക് രോഗങ്ങളോ ചിലപ്പോൾ മരണമോ വരെ സംഭവിക്കാം എന്നും മുന്നറിയിപ്പ് നൽകിക്കൊണ്ട് അത് ബാല ശിക്ഷയാണെന്ന് വിശദീകരിക്കുന്നു.

മേൽപ്പറഞ്ഞിരിക്കുന്ന രണ്ടു ഭാഗങ്ങളിൽ നിന്നും ബാലശിക്ഷ എന്താണെന്നും എങ്ങനെയൊക്കെ ആകാമെന്നുമുള്ള വ്യക്തമായ സൂചനകൾ പൗലോസ് നൽകുന്നുണ്ട്.

ചുരുക്കി പറഞ്ഞാൽ ബാല ശിക്ഷ എന്നത് മക്കൾക്കുള്ളതാണ്. അതിന്റെ മറുവശം കൂടെ നമ്മൾ അറിയണം. മാനസാന്തരം കൂടാതെ തുടർമാനമായി തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുകയും എന്നാൽ ശിക്ഷിക്കപ്പെടാതിരിക്കുകയും ചെയ്യുന്നു എങ്കിൽ അതിനർത്ഥം ആ നിലയിൽ ജീവിക്കുന്നവർ മക്കൾ എന്ന പദവിയിൽ നിന്നുപുറത്താക്കപ്പെട്ടിരിക്കുന്നു എന്നാണ്. തെളിവായി പറഞ്ഞാൽ ദൈവത്തിൽ നിന്നല്ലാതെ ജനിച്ച ജാര സന്തതികൾ എന്നർത്ഥം.

ബാല ശിക്ഷ ചിലപ്പോൾ രോഗങ്ങളാകാം. മറ്റു ചിലപ്പോൾ മരണം വരെ ആകാം എന്ന മുന്നറിയിപ്പ് നൽകുമ്പോൾ തന്നെ, മാനസാന്തരമില്ലാതെ പാപത്തിൽ തുടർന്ന് ഒടുവിൽ പിശാചിനോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കാൻ വേണ്ടിയാണ് മരണം എന്ന ബാലശിക്ഷ നൽകുന്നതെന്ന് പൗലോസ് ഓർപ്പിക്കുന്നു.

ഇവിടെ ഏറ്റവും ഭയാനകമായ കാര്യം യാതൊരു വിധ പാപബോധവും കൂടാതെ പാപത്തിൽ തുടരുകയും എന്നാൽ ബാല ശിക്ഷ ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥാ വിശേഷമാണ്. അത്തരത്തിൽ ജീവിക്കുന്നവരെ ദൈവം തന്റെ മക്കൾ എന്ന പദവിയിൽ നിന്ന് തള്ളി എന്ന ചിത്രമാണ് പൗലോസ് നൽകുന്നത്.


ശരീരത്തിൽ ആയിരിക്കുമ്പോൾ വളരെ ബുദ്ധിമുട്ട് അനുഭവിച്ച ലാസറിനെയും ഭൂമിയിൽ പ്രത്യേകിച്ചും യാതൊരു ബുദ്ധിമുട്ടും കൂടാതെ ജീവിച്ച ധനവാനെയും ഇവിടെ ഉദാഹരണമായെടുക്കാം.

ധനവാൻ യാതനാ സ്ഥലത്ത് കിടന്നുകൊണ്ടു പോലും അബ്രഹാമിനെ 'പിതാവേ' എന്നാണ് അഭിസംബോധന ചെയ്യുന്നത്. വാസ്തവത്തിൽ ബന്ധമനുസരിച്ച് അബ്രഹാമിന്റെ മടിയിൽ ഇരിക്കേണ്ടിയിരുന്നത് ധനവാനായിരുന്നു. ഭൂമിയിൽ ആയിരുന്നപ്പോൾ യാതൊരു ബുദ്ധിമുട്ടും കൂടാതെ ജീവിച്ച ധനവാൻ ഇത്തരത്തിൽ ഒരു അവസ്ഥ അഭിമുഖീകരിക്കേണ്ടി വരുമെന്ന് ഒരുപക്ഷേ ഒരിക്കലും ചിന്തിച്ചുണ്ടാവില്ല.

ചുരുക്കിപ്പറഞ്ഞാൽ ഭൂമിയിൽ നാം ദൈവത്തെ ഏതൊക്കെ നിലകളിൽ അഭിസംബോധന ചെയ്താലും മക്കൾ എന്ന നിലയിൽ ബാല ശിക്ഷകൾ അഭിമുഖീകരിക്കുന്നില്ലെങ്കിൽ നമ്മൾ അബ്രഹാമിനെ പിതാവ് എന്നു പറഞ്ഞു വ്യഥാഭിമാനത്തിൽ ജീവിച്ച കേവലം ധനവാനെ പോലെ മാത്രമാണെന്ന് ബൈബിൾ മുന്നറിയിപ്പ് നൽകുന്നു.

അതുകൊണ്ട് സഹോദരങ്ങളേ, നാം അനുഭവിക്കുന്ന ചെറുതും വലുതുമായ ബുദ്ധിമുട്ടുകളിൽ നാം ആശങ്കപ്പെടേണ്ടതില്ല. ദൈവം അറിയാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല. നമ്മുടെ തെറ്റായ ജീവിതചര്യകൾ മൂലം രോഗങ്ങളുണ്ടാകാം. ബാല ശിക്ഷകളായും നമ്മൾ പ്രതിസന്ധികൾ അനുഭവിക്കേണ്ടി വന്നേക്കാം. അപ്പോൾ തന്നെ നമ്മുടേതല്ലാത്ത കാരണങ്ങളാലും നാം ബാധിക്കപ്പെട്ടേക്കാം. ദൈവമക്കളുടെ ജീവിതത്തിൽ സംഭവിക്കുന്നത് അപ്രതീക്ഷിത മരണമായാൽ പോലും മരണത്തിനുമപ്പുറമുള്ള ദൈവത്തിന്റെ കരുതൽ തിരിച്ചറിഞ്ഞ് പ്രത്യാശയോടെ നമുക്ക് ജീവിക്കാം.

# കർത്തൃശുശ്രൂഷയിൽ അര നൂറ്റാണ്ട് പിന്നിടുന്ന കോശിവൈദ്യന്റെ ആത്മകഥ പുറത്തിറങ്ങി




**തീ**പ്പൊരി പ്രസംഗകൻ ഡോ. റ്റി.കെ. കോശിവൈദ്യന്റെ ആത്മകഥ 'നാഥൻ നടത്തിയ വിധങ്ങൾ' പുറത്തിറങ്ങി. ടീനേജിൽ തന്നെ സധൈര്യം, ചങ്കുറപ്പോടെ സുവിശേഷസത്യങ്ങൾ പ്രഘോഷിച്ചു തുടങ്ങിയ കോശിവൈദ്യൻ തന്റെ ശുശ്രൂഷയുടെ 50-ാം വർഷത്തിൽ എത്തിനിൽക്കുകയാണ്.

പൗരോഹിത്യ മേലാളന്മാരെ വചനം കൊണ്ട് വെട്ടിനിരത്തിയ വൈദ്യന്റെ യുവത്വത്തിലെ പ്രഭാഷണങ്ങൾ ഇന്നും പഴയ ആളുകളുടെ ഓർമ്മയുടെ തുരുത്തിയിലുണ്ട്.

ജനനം, ബാല്യം, പഠനം, കുടുംബപശ്ചാത്തലം ഒക്കെ വിവരിക്കുന്ന തന്റെ ആത്മകഥയിൽ വിശ്വാസത്തെ പുൽകിയ ചരിത്രവും രേഖപ്പെടുത്തിയിട്ടുണ്ട്. പെന്തക്കോസ്തു വിരോധിയായി നടന്ന തേവലക്കര വൈദ്യർ കുടുംബത്തിലെ ആൺതരിയായ കോശി വൈദ്യൻ പാസ്റ്റർ റ്റി.പി. വർഗീസിന്റെ കൈക്കീഴിലാണ് സ്നാനപ്പെട്ടത്. തുടർന്ന് പിതാവിൽ നിന്നും ഏൽക്കേണ്ടിവന്ന ക്രൂരമർദ്ദനങ്ങളും ഈ പുസ്തകത്തിൽ ഹൃദയസ്പൃക്കായി വിവരിച്ചിരിക്കുന്നു.

ദൈവത്തിൽ നിന്നും പ്രാപിച്ച അത്ഭുതസൗഖ്യവും വിടുതലും, വിദേശവാസം, വിദേശ സഞ്ചാരം, ശുശ്രൂഷകൾ ഒക്കെ വായിക്കുന്നത് പുതുതലമുറയ്ക്ക് ആവേശം പകരുന്നതാണ്.

കഷ്ടതയുടെ കഠിനശോധനയിലൂടെ കടന്നുപോയ താൻ ഒരു മേജർ ഓപ്പറേഷനും വിധേയനാകേണ്ടി വന്നു. ലഭിച്ചത് അത്ഭുതസൗഖ്യമാണ്. ആരോഗ്യത്തോടെ ഇന്നും ജീവിക്കുവാൻ പ്രിയ കർതൃദാസന് ദൈവം പിന്നെയും അവസരം നൽകിയിരിക്കുന്നു.

'നാഥൻ നടത്തിയ വിധങ്ങൾ' എന്ന ശീർഷകം തന്നെ ജീവിതാനുഭവവുമായി ബന്ധപ്പെട്ടതാണ്. 320 പേജുകൾ ഉണ്ട്.

ക്രൈസ്തവ മേഖലയിൽ വ്യാപൃതരായ ഏവർക്കും ഈ പുസ്തകം അനുഗ്രഹം തന്നെയാണ്. നല്ല ഭാഷ, നല്ല രചനാശൈലി.

*(ക്രൈസ്തവചിന്തയുമായി ബന്ധപ്പെട്ടാൽ പുസ്തകം ലഭിക്കും.)*



**ഇന്ത്യാ ദൈവസഭ ജാതി അടിസ്ഥാനത്തിൽ വിഭജിക്കരുതെന്ന് ആഗ്രഹിച്ച ആളാണ് അടിമാലി ആയിരം ഏക്കറിൽ കീപ്പനശ്ശേരി അപ്പച്ചൻ. 1972–ൽ മുളക്കുഴ സഭാ ആസ്ഥാനത്ത് നടന്ന ഹിതപരിശോധനയിൽ സഭ വിഭജിക്കപ്പെടാതിരിക്കാൻ വീണ ഏക വോട്ട് കീപ്പനശ്ശേരിയുടേതായിരുന്നു. ജാതിഭ്രാന്തന്മാർ സഭയെ വെട്ടിമുറിച്ചതിൽ പ്രതിഷേധിച്ച് അപ്പച്ചൻ അടിമാലി 1000 ഏക്കർ റീജിയൻ സഭയിൽ തന്നെ തുടർന്നുകൊണ്ടാണ് തന്റെ പ്രതിഷേധം അറിയിച്ചത്. മുന്നോക്ക സഭയിലേക്ക് അദ്ദേഹം ചേക്കേറിയില്ല. 2019 സെപ്തംബറിൽ നിത്യതയിലേക്ക് ചേർക്കപ്പെട്ട കീപ്പനശ്ശേരി അപ്പച്ചൻ ക്രൈസ്തവചിന്തയോട് പങ്കുവച്ച തന്റെ ദുഃഖവും കടുത്ത പ്രതിഷേധവും 2005–ൽ ഞങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അത് അദ്ദേഹത്തിന്റെ സ്മരണയ്ക്കായി വീണ്ടും**

# കീപ്പനശ്ശേരി കുര്യൻ

# ജാതിക്കോമരങ്ങളെ വെട്ടിനുറുക്കി

ഇന്ത്യാ ദൈവസഭയെ ജാതിയടിസ്ഥാനത്തിൽ സ്റ്റേറ്റും ഡിവിഷനുമായി (ഡിവിഷൻ ഇപ്പോൾ റീജിയനാണ്) വിഭജിക്കുന്നതിൽ താല്പര്യമുള്ളവർ കൈ പൊക്കാൻ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എ.വി. ഏബ്രഹാം ആവശ്യപ്പെട്ടു. അടിമാലി ആയിരം ഏക്കറിൽ കീപ്പനശ്ശേരി കെ. പി. കുര്യൻ മാത്രം കൈ പൊക്കിയില്ല. കേരളത്തിലെ ചർച്ച് ഓഫ് ഗോഡിലെ പ്രാദേശിക സഭാ പ്രതിനിധികളും പാസ്റ്റർമാരുമടങ്ങിയ കോൺഫറൻസിൽ വച്ചാണ് വോട്ടിംഗ് നടന്നത്. വിഭജനത്തിന് അനുകൂലമായി വോട്ട് ചെയ്യാതിരുന്ന കീപ്പനശ്ശേരി അപ്പച്ചൻ എന്ന് അടിമാലിക്കാർ വിളിക്കുന്ന ഈ വന്ദ്യവയോധികന്റെ ദുഃഖം ഇന്നും വിട്ടുമാറിയിട്ടില്ല.

1972–ൽ മുളക്കുഴയിൽ വച്ച് നടന്ന വോട്ടിംഗിലൂടെയാണ് ക്രിസ്ത്യാനിത്വത്തിനും പെന്തക്കോസ്തലിസത്തിനും കളങ്കം ചാർത്തിയ ഈ വിഭജനം നടന്നത്. വോട്ട് ചെയ്യാത്തതിന് അടുത്തിരുന്ന ഒരു വെളുത്ത സുന്ദരനായ പാസ്റ്റർ തന്റെ നേരെ തട്ടിക്കയറിയതായും അപ്പച്ചൻ ഓർക്കുന്നു. ഒടുവിൽ ഓവർസീയർ ഏ.വി. ഏബ്രഹാം പാസ്റ്ററെ ശാസിച്ചതായും അപ്പച്ചൻ പറഞ്ഞു.

തന്റെ വസതിയിൽ എത്തിയ ക്രൈസ്തവചിന്ത ചീഫ് എഡിറ്റർ കെ.എൻ. റസ്സൽ, സുവി. വർഗീസ് എം. ശാമുവൽ, ഷൈജു തോമസ് എന്നിവരോട് ഹൃദയം തുറന്ന കീപ്പനശ്ശേരി അപ്പച്ചൻ കർത്താവ് വരുന്നതിനു മുമ്പ് ഈ രണ്ടു സഭകളും ഒന്നായി ഒരുമിച്ച് കർത്താവിനെ ആരാധിക്കുന്ന പഴയ കാല അനുഭവത്തിൽ എത്തിച്ചേരണമെന്ന് ആവശ്യപ്പെട്ടു.

നിരീശ്വരവാദ പ്രസ്ഥാനങ്ങളിൽ പോലും ഇങ്ങനെയൊരു വിഭജനം ഇല്ല. കർത്താവ് വന്നാൽ രണ്ടു കൂട്ടരും പറക്കുമത്രേ. പറന്നു പോയാൽ വസിക്കുന്നത് ഒരിടത്ത് തന്നെയല്ലേ... പിന്നെന്തിനാണ് ഈ ജാതിചിന്തയും ഭൂമിയിലെ വിഭജനവും. കർത്താവാണോ ജാതികളെ സൃഷ്ടിച്ച് മുന്നോക്ക–പിന്നോക്ക വിഭാഗങ്ങൾ എന്നു പേരിട്ടിരിക്കുന്നത്? 85–കാരനായ അപ്പച്ചൻ വികാരവായ്പോടെ ചോദിക്കുന്നു. അല്ല, ഇങ്ങനെ വിഭജിച്ചു നിൽക്കുന്നവർ സ്വർഗ്ഗത്തിൽ പോകുമോ? കറുത്തവരും വെളുത്തവരും, സായിപ്പും ആഫ്രിക്കക്കാരനും ചൈനാക്കാരനുമെല്ലാം ദൈവത്തിന്റെ സൃഷ്ടികളല്ലേ.



ദൈവസഭയിൽ ജാതിവ്യവസ്ഥയോ....? കീപ്പനശ്ശേരി അപ്പച്ചന്റെ ദു:ഖം ക്രൈസ്തവചിന്തയുടെ ഇടുക്കി ലേഖകൻ ഷൈജു തോമസ്, ചീഫ് എഡിറ്റർ കെ.എൻ. റസ്സൽ, സുവി. വർഗീസ് എം. ശാമുവേൽ എന്നവരുമായി പങ്കുവയ്ക്കുന്നു.
*(ഫയൽ ചിത്രം)*

അപ്പച്ചന്റെ ആശയങ്ങൾക്ക് മറുപടി പറയാൻ സഭാ നേതൃത്വത്തിന് ബാദ്ധ്യതയുണ്ടെന്ന് ഞങ്ങൾക്കു ബോദ്ധ്യമായി. ദൈവം ഇത് പൊറുക്കുന്നതല്ല. അപ്പച്ചന്റെ ആഗ്രഹങ്ങളിൽ ദൈവാത്മാവിന്റെ സാന്നിദ്ധ്യമുള്ളതായി ഞങ്ങൾക്കു മനസ്സിലായി. വിഭജനം ഉണ്ടായി, തന്റെ സഭ ഡിവിഷന് കീഴിലായിട്ടും കീപ്പനശ്ശേരി കെ. പി. കുര്യൻ സ്റ്റേറ്റിന്റെ സഭ തപ്പി പോയതേയില്ല. അങ്ങനെ പോയാൽ ദൈവം തന്നെ ശിക്ഷിക്കുമെന്നാണ് അപ്പച്ചന്റെ വിശ്വാസം.

പിന്നോക്കക്കാരെന്ന് വിളിക്കപ്പെടുന്നവരും ദൈവമക്കളാണ്. അവർക്ക് ഒരു അസിസ്റ്റന്റ് ഓവർസീയർ സ്ഥാനമോ, ബൈബിൾ സ്കൂളിലെ നിയമനങ്ങളിൽ അർഹതപ്പെട്ട സ്ഥാനങ്ങളോ നൽകണമായിരുന്നു. അതിൽ പറ്റിയ പാളിച്ചകളാണ് വെളിയിൽ പറയാൻ പോലും കൊള്ളാത്ത വിഭജനത്തിൽ ചെന്ന് കലാശിച്ചത്.

പോത്താനിക്കാട് കീപ്പനശ്ശേരി പൈലി–സാറാമ്മ ദമ്പതികളുടെ മൂത്തമകനായി ജനിച്ച കുര്യൻ ഹൈറേഞ്ചിലേക്ക് കുടിയേറുകയും, പാസ്റ്റർ ഇ.വി. ജോസഫിന്റെ പ്രസംഗം കേട്ട് 1952–ൽ രക്ഷിക്കപ്പെടുകയും, പോസ്പിസിൽ സായിപ്പിന്റെ കൈക്കീഴിൽ സ്നാനമേൽക്കുകയും ചെയ്തു. അന്ന് ഓവർസീയർ എന്ന പദവി ഇല്ല. പാസ്റ്റർ റ്റി.എം. വർഗീസ് ഫീൽഡ് സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാലമാണെന്നും അപ്പച്ചൻ ഓർക്കുന്നു.

ജീവിതയാത്രയിൽ അനുഭവിച്ച കഷ്ടപ്പാടുകളെ ഓർക്കുവാനും അവ തുറന്നുപറയാനും മടിയില്ലാത്ത കീപ്പനശ്ശേരി അപ്പച്ചൻ 10 വർഷം പുല്ലുമേഞ്ഞ വീട്ടിൽ താമസിച്ച ശേഷമാണ് നല്ലൊരു വീട് വയ്ക്കുന്നത്. വണ്ടൻമേട് ചാക്കോച്ചായനായിരുന്നു അടുത്ത സുഹൃത്തും സഹവാസിയും. പുൽവീട് തീ കത്തിയപ്പോൾ കന്യാമറിയാമിന്റെ കോപമാണെന്നു പറഞ്ഞ് വീട്ടുകാർ പരിഹസിച്ചത് ഓർക്കുമ്പോൾ അപ്പച്ചന് നിറഞ്ഞ ചിരി. വലിയ പാറകളിൽ കയറിപ്പറ്റിയാണ് കാട്ടാനകളിൽ നിന്നും അന്ന് രക്ഷപ്പെട്ടിരുന്നത്.

കെ.പി. കുര്യൻ–ശോശാമ്മ ദമ്പതികൾക്ക് 6 മക്കളാണുള്ളത്. കെ.കെ. പോൾ (യു.എസ്.എ.), പാസ്റ്റർ കെ.കെ. സണ്ണി (കൽക്കത്ത), മേഴ്സി (കോതമംഗലം), സോഫി ജോസഫ് (തൃശൂർ), പ്രിസ്ക തങ്കച്ചൻ (മുണ്ടക്കയം), മെൽകാ ജീസസ് (പുതുപ്പള്ളി) എന്നിവരാണ് മക്കൾ.

ദരിദ്രരോട് എന്നും അനുകമ്പ കാണിക്കുന്ന കീപ്പനശ്ശേരി അപ്പച്ചന് ഒന്നുരണ്ടു കാര്യങ്ങളാണ് തറപ്പിച്ചു പറയാനുള്ളത്. ജാതിവ്യവസ്ഥയനുസരിച്ച് വിഘടിച്ച ദൈവസഭകൾ ഒന്നാകണം. കോടികൾ കൈവശം വച്ചിരിക്കുന്ന പെന്തെക്കോസ്തു മുതലാളിമാർ ഈ പണം വീടില്ലാതെ കഷ്ടപ്പെടുന്ന പാവപ്പെട്ടവർക്ക് ചെറിയ വീടുകൾ കെട്ടിക്കൊടുക്കാൻ പുറത്തെടുക്കണം.




'39' വർഷത്തിനു ശേഷം ഒരു വിശുദ്ധ ചുംബനം. തിരുവല്ലായിൽ നടന്ന ഇന്ത്യാ ദൈവസഭ ജനറൽ കൺവൻഷനിൽ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പിയും റീജിയൻ ഓവർസീയർ തോമസ് ജോണും തിരുവത്താഴ വേളയിൽ. പേരിനെങ്കിലും ഒരു ഐക്യ സഭായോഗം 2011 ൽ പാസ്റ്റർ എം.കുഞ്ഞപ്പി ഓവർസീയറായിരുന്ന കാലത്ത് നടന്നു.
*(ഫയൽ ചിത്രം)*



ഐ.പി.സി തൃശൂർ മേഖലാ സണ്ടേസ്കൂൾ നടത്തിയ സംഗീത താലന്ത് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ആൽപ്പാറ ഹെബ്രോൻ സണ്ടേസ്കൂളിനു വേണ്ടി പാസ്റ്റർ ബിജു മാത്യു ഐ. പി.സി സണ്ടേസ്കൂൾ അസോസിയേഷൻ മുൻ ജനറൽ ഡയറക്ടർ പാസ്റ്റർ വർഗീസ് മത്തായിയിൽ നിന്നും മെമന്റോയും ക്യാഷ് അവാർഡും ഏറ്റുവാങ്ങുന്നു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ മാത്യു തോമസ്, ടീം ലീഡർ ബെന്നി എം പോൾ, ടീം അംഗങ്ങൾ സമീപം.



വൈപിഇ ഹൈറേഞ്ച് സോണൽ പ്രവർത്തന ഉദ്ഘാടനം സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ പി.എ. ജെറാൾഡ് നിർവ്വഹിക്കുന്നു.

# എൽ.എം. കേരളാ സ്റ്റേറ്റ് സെമിനാർ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ലേഡീസ് മിനിസ്ട്രീസിന്റെ ഏകദിന സെമിനാർ ഒക്ടോബർ 8 ചൊവ്വാഴ്ച മുളക്കുഴ ആർ. എഫ്. കുക്ക് കൺവെൻഷൻ സെന്ററിൽ വച്ച് നടക്കും.



റവ. സി.സി. തോമസ്



സുനു തോമസ്



റവ. എബനേസർ മുഹമ്മദ്



റംല തോമസ്

എൽ.എം. സംസ്ഥാന പ്രസിഡന്റ് സുനു തോമസിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനം ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ റവ. സി.സി. തോമസ് ഉദ്ഘാടനം ചെയ്യും. റവ. എബനേസർ മുഹമ്മദ്, റംല തോമസ് എന്നിവർ മുഖ്യപ്രഭാഷകരായിരിക്കും. ചിന്താവിഷയം: 'നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്'

# ഐക്യ ആരാധന

**നവി മുംബൈ**: പെന്തക്കോസ്ത് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 13-ന് ഞായറാഴ്ച നെരുളിലുള്ള അഗ്രി-ഹോർട്ടികൾച്ചർ ഭവൻ സെക്ടർ 24-ൽ നവി മുംബൈയിലുള്ള എല്ലാ പെന്തക്കോസ്തു സഭകളും ഒന്നിച്ച് ഐക്യ ആരാധന ഉണ്ടായിരിക്കും.

പാസ്റ്റർ റെജി തോമസ് (വൈസ്പ്രസിഡന്റ്) നേതൃത്വം വഹിക്കും. പാസ്റ്റർ വി. ജെ. തോമസ് പ്രധാന പ്രസംഗകനായിരിക്കും. പാസ്റ്റർ പോൾ വർഗീസ് (പ്രസിഡന്റ്) കർതൃമേശയ്ക്ക് നേതൃത്വം നൽകും.

# വൈ.പി.ഇ. കോ-ഓഡിനേറ്ററായി തെരഞ്ഞെടുത്തു

സാബു തൊട്ടിപ്പറമ്പിൽ



**ഇടുക്കി**: തൂക്കുപാലം ദൈവസഭ ശുശ്രൂഷകൻ പാസ്റ്റർ പ്രജീഷ് ചാണ്ടിയെ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് വൈപിഇ ഹൈറേഞ്ച് സോണൽ കോ-ഓഡിനേറ്ററായി തെരഞ്ഞെടുത്തു.

മുളക്കുഴയിൽ നടന്ന സ്റ്റേറ്റ് വൈ.പി.ഇ. ബോർഡ് യോഗത്തിലാണ് തീരുമാനം എടുത്തത്. പീരുമേട്, ഏലപ്പാറ, ചപ്പാത്ത്, കട്ടപ്പന, ഇടുക്കി, കുമളി, ഡിസ്ട്രിക്റ്റ് സഭകളുടെ കീഴിൽ വരുന്ന ഏകദേശം 55 ഓളം സഭകളിലെ വൈ.പി.ഇ കോഡിനേഷന്റെ ചുമതലയാണ് നൽകപ്പെട്ടിരിക്കുന്നത്.

മുമ്പ് മലബാർ, കോട്ടയം സോണലുകളിലും കോ-ഓഡിനേറ്ററായി പ്രവർത്തിച്ചു പരിചയമുണ്ട്. പതിനേഴാം വയസിൽ ബൈബിൾ കോളേജിൽ ചേർന്ന് പഠനമാരംഭിച്ച പ്രജീഷ് ചാണ്ടി ഒമ്പതര വർഷത്തോളം പഠനം തുടരുകയും, എം.ടി.എച്ച് ബിരുദമെടുക്കുകയും ചെയ്തു. തിരുവല്ല (കുറ്റപ്പുഴ) കൊട്ടാരക്കര (കലയപുരം) നിലമ്പൂർ (പാലുണ്ട) എന്നീ സ്ഥലങ്ങളിലെ ബൈബിൾ കോളേജുകളിൽ വേദ അധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 14 വർഷമായി സഭാ ചുമതലകൾ വഹിച്ചുവരുന്നു.

കോട്ടയം ഇട്ടിമാണിയിൽ കെ.എ ചാണ്ടിയുടേയും, സൂസമ്മയുടേയും മകനാണ്. ഭാര്യ ഫെബ പ്രജീഷ്. മക്കൾ നഥിനിയേൽ, ദാനിയേൽ.

# സോണൽ ഭാരവാഹികൾ

**ഇടുക്കി:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് വൈ.പി.ഇ. ഹൈറേഞ്ച് സോണൽ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർ.

പാസ്റ്റർ റെജി കുര്യൻ (രക്ഷാധികാരി), പാസ്റ്റർ പ്രജീഷ് ചാണ്ടി (കോ-ഓഡിനേറ്റർ), ജോബിൻ (സെക്രട്ടറി), ജിൻസ് ജോർജ്ജ് (ജോ.സെക്രട്ടറി), ജോ തോമസ് (താലന്ത് ടെസ്റ്റ് കൺവീനർ), പാസ്റ്റർ സുന്ദർലാൽ (പബ്ലിസിറ്റി കൺവീനർ), സാബു തൊട്ടിപ്പറമ്പിൽ (മീഡിയാ കൺവീനർ-പ്രിന്റ് മീഡിയ), പാസ്റ്റർ ലിനു ജോർജ്ജ് (ഓൺലൈൻ മീഡിയ).




ഐപിസി പ്രയർ & റിവൈവൽ ബോർഡിന്റെ ആഭിമുഖ്യത്തിൽ കൊട്ടാരക്കരയിൽ നടന്ന ഉപവാസ പ്രാർത്ഥനയും കാത്തിരിപ്പ് യോഗവും.

# സുവിശേഷയോഗങ്ങളും സംഗീതവിരുന്നും

**വെള്ളറട:** കാക്കതൂക്കി ഐപിസി ഏബനേസർ ഹാളിൽ ഒക്ടോബർ 7, 8 തീയതികളിൽ സുവിശേഷയോഗങ്ങളും സംഗീതശുശ്രൂഷയും നടക്കും. പാസ്റ്റർ എസ്. ഇ. ജ്ഞാനദാസ് അദ്ധ്യക്ഷത വഹിക്കും. പാസ്റ്റർമാരായ ജെ. അനിക്കുട്ടൻ, പാസ്റ്റർ എസ്.ഇ. രാജൻ എന്നിവർ പ്രസംഗിക്കും. മണിവിള ജീവനാദം ഗോസ്പൽ വോയ്സ് സംഗീതശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

## നിത്യതയിൽ

### പഴവന മോനച്ചൻ




ചെങ്ങന്നൂർ: ദി പെന്തെക്കോസ്ത് മിഷൻ ദുബായ് സഭാംഗവും പ്രൊവിഡൻസ് കോളേജ് ഓഫ് എൻജിനീയറിങ്, ചെങ്ങന്നൂർ സ്ഥാപകനും, ദുബായ് ദുലാം ഇന്റർനാഷണൽ കമ്പനി മാനേജിങ് ഡയറക്ടറും പ്രമുഖ വ്യവസായിയുമായിരുന്ന മുണ്ടൻകാവ് പഴവന വീട്ടിൽ ജോർജ് മാത്യൂ (പഴവന മോനച്ചൻ 68) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതിക ശരീരം ചെങ്ങന്നൂർ പ്രൊവിഡൻസ് കോളേജ് ഓഫ് എൻജിനിയറിങ് അങ്കണത്തിലും ചെങ്ങന്നൂർ പുത്തൻതെരുവ് ടിപി എം സഭാഹാളിലും പൊതുദർശനത്തിന് ശേഷം ചെങ്ങന്നൂർ മുണ്ടൻകാവ് പഴവന ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം മഴുക്കീർ ടിപിഎം സഭാ സെമിത്തെരിയിൽ ഡപ്യൂട്ടി ചീഫ് പാസ്റ്റർ എം.റ്റി.തോമസിന്റെ മുഖ്യ നേതൃത്വത്തിൽ സംസ്കാരം നടത്തി.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സെന്റർ പാസ്റ്റർമാരായ എം.ജോസഫ്കുട്ടി, സി.എൽ. ശാമുവേൽ, എ.ജോൺ ശാമുവേൽ, സണ്ണി ജോർജ്, പി.വി.ചാക്കോ, സണ്ണി ജെയിംസ് , വർഗീസ്എന്നിവരും അസിസ്റ്റന്റ് സെന്റർ പാസ്റ്റർമാരും പ്രസംഗിച്ചു. വിദേശകാര്യ മന്ത്രി വി.മുരളീധരൻ, എംപിമാരായ അടൂർ പ്രകാശ്, കൊടിക്കുന്നൽ സുരേഷ്, ജോസ് കെ.മാണി, എം എൽഎ മാരായ സജി ചെറിയാൻ, പി.സി.വിഷ്ണുനാഥ്, മുൻ എംഎൽഎ ശോഭനാ ജോർജ്, വിവിധ ക്രൈസ്തവ സഭകളിലെ ശുശ്രൂഷകർ, വൈദികർ, സാമൂഹിക സാംസ്കാരിക പ്രമുഖർ തുടങ്ങി ഒട്ടനവധി ആളുകൾ അനുശോചന പ്രസംഗം നടത്തി.

ഭാര്യ പട്ടാഴി കോട്ടപ്പണിക്കേത്ത് മറിയാമ്മ ജോർജ് മാത്യൂ (പ്രൊവിഡൻസ് കോളേജ് ചെയർപഴ്സൻ) . മക്കൾ. നിതിൻ മാത്യൂ (മാനേജിങ് ഡയറക്ടർ, സിഗ്നസ് ദുബായ്, ആൻ ആൽവിൻ (ദുബായ്) (കൊച്ചുമോൾ), നെവിൻ ജോർജ് (എക്സിക്യൂട്ടിവ് വയറക്ടർ, ദുലാം ഇന്റർനാഷണൽ,ദുബായ്) മരുമക്കൾ . ആനി തോമസ്, ഡൈനി ഡാനിയേൽ, ആൽവിൻ ജേക്കബ് (എല്ലാവരും ദുബായ്)

### പാസ്റ്റർ ഡി.കുഞ്ഞുമോന്റെ പിതാവ് ജെ. ഡെന്നിസൻ



**പോത്തൻകോട്**: അസംബ്ളീസ് ഓഫ് ഗോഡ് ആര്യനാട് സഭാ ശുശ്രൂഷകൻ പാസ്റ്റർ ഡി. കുഞ്ഞുമോന്റെ പിതാവും പോത്തൻകോട് അസംബ്ളീസ് ഓഫ് ഗോഡ് സഭാംഗവുമായ ജെ. ഡെന്നിസൻ (72) സെപ്തം. 3 നു നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാര ശുശ്രൂഷ അന്നേദിനം പരുത്തിപ്പാറ എ.ജി. സെമിത്തേരിയിൽ നടന്നു. പോത്തൻകോട് അസംബ്ളീസ് ഓഫ് ഗോഡ് സഭയിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ ടി.എസ്സ്. സ്റ്റ്യുവർട്ട് അദ്ധ്യക്ഷത വഹിക്കുകയും പാസ്റ്റർ ഇ.യാഹ്ദത്ത് മണി വചന ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. സെമിത്തേരിയിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ ആർ.സനൽകുമാർ അദ്ധ്യക്ഷത വഹിക്കുകയും പാസ്റ്റർ കെ. വൈ.വിൽഫ്രഡ് രാജ് സംസ്ക്കാര ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. സഭ ശുശ്രൂഷകൻ പാസ്റ്റർ വി. സത്യനേശൻ, പാസ്റ്റർമാരായ വി. സാമുവൽ, ഡി.ജയരാജ്, സ്റ്റീഫൻ, ടി.ജെ.രാജൻ, ജോൺലി, ജസ്റ്റിൻ ജോസ് തുടങ്ങിയവർ അനുശോചനം അറിയിച്ചു.

ഇന്ദിര ഡെന്നിസനാണ് ഭാര്യ. മക്കൾ : ഡി.കുഞ്ഞുമോൻ, രാജിമോൾ. മരുമക്കൾ : എസ്ഥേർ, വിനോദ്.

### പാസ്റ്റർ എം. ജോസഫ്

വെള്ളറട: കാട്ടാക്കട മഠത്തിക്കോണം മുക്കോലക്കൽ കുടുംബാംഗവും തിരുവനന്തപുരം ഈസ്റ്റ് സെന്ററിലെ ചായ്ക്കുളം ശാലേം വർഷി



പ്പ് സെന്റർ ശുശ്രൂഷകനും ആയിരുന്ന പാസ്റ്റർ എം. ജോസഫ് (തങ്കച്ചൻ) നിത്യതയിൽ പ്രവേശിച്ചു.

സംസ്കാരം സ്വവസതിയിൽ നടത്തി. പാസ്റ്റർ സാംകുട്ടി ഡാനിയേൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജോജി വർഗ്ഗീസ് മുഖ്യശുശ്രൂഷ ചെയ്തു. പാസ്റ്റർമാരായ ശാമുവൽ സി. ജോസഫ്, പ്രമോദ്, ടൈറ്റസ്, വർഗീസ് തരകൻ, എ.റ്റി. തങ്കച്ചൻ, ധർമ്മരാജ് തുടങ്ങിയവർ അനുശോചനം പറഞ്ഞു. ഭാര്യ: കുഞ്ഞുമോൾ തോമസ്. ഏകമകൾ ഗിഫ്റ്റി ജോസഫ്. മരുമകൻ എസ്. വിനോദ്. പരേതൻ ബോംബെ ശാലേം മിനിസ്ട്രിയിലും പത്തനംതിട്ട തുടങ്ങിയ സ്ഥലങ്ങളിലും ശുശ്രൂഷ ചെയ്തിട്ടുണ്ട്. വെള്ളറട ലേഖകൻ പാസ്റ്റർ എസ്.ഇ. ജ്ഞാനദാസ് ഭവനം സന്ദർശിച്ചു.

### ജോർജ്ജ് എം. ഈപ്പൻ



**കുമ്പനാട്:** മറ്റത്ത് മരുതിമൂട്ടിൽ എം.ഈപ്പന്റെയും സാറാമ്മ ഈപ്പന്റെയും മകനായ ജോർജ്ജ് എം. ഈപ്പൻ നിത്യതയിൽ. ഏലീം സഭയുടെ സണ്ടേസ്കൂൾ അദ്ധ്യാപകൻ, വൈസ് പ്രസിഡന്റ്. സെക്രട്ടറി തുടങ്ങിയ ചുമതലകൾ വഹിച്ചിട്ടുണ്ട്. ചിക്കാഗോ എബനേസർ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഗോഡിന്റെ മേൽനോട്ടത്തിൽ ഗുഡ്ഷെപ്പേർഡ് കാത്തലിക് സെമിത്തേരിയിൽ സംസ്കാരം നടത്തി. ഭാര്യ: നിരണം കണ്ടങ്കേരിൽ മേരിക്കുട്ടി. മക്കൾ: സുജ, ജെസ്സി, ഗ്രെയ്സ്, ലിൻഡ. മരുമക്കൾ: പരേതനായ ഡോ. സെറിൻ മാത്യു, ജെയിംസ് ചാക്കോ, ബിജു സാമുവേൽ, ജിജി ദാനിയേൽ.

## ജമ്മു – കാശ്മീർ നൂറ്റാണ്ടുകളിലൂടെ .... 2



റിട്ട. പ്രൊഫ. ഡോ. ഓമന റസ്സൽ
(സീനിയർ അക്കാഡമിക് ഫെല്ലോ, ICHR ഡൽഹി)

**ഐക്യരാഷ്ട്രസംഘടന കാശ്മീർ പ്രശ്നത്തിൽ ഇടപെടുകയും ഇരുരാജ്യങ്ങളുമായി സന്ധിസംഭാഷണങ്ങൾ നടത്തുകയും ചെയ്തെങ്കിലും യാതൊരു ഫലവുമുണ്ടായില്ല. അതുകൊണ്ട് ജമ്മു – കാശ്മീരിലെ സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കുന്നതിന് ഐക്യരാഷ്ട്രസഭ നിയമിച്ച കമ്മീഷൻ 1948 ജൂലായ് മാസത്തിൽ ഇന്ത്യയിലെത്തുകയും ആഗസ്റ്റ് 13 – ാം തീയതി ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ ഒരു വെടിനിർത്തൽ കരാർ നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇന്ത്യ ഈ നിർദ്ദേശം അംഗീകരിക്കാൻ തയ്യാറായി. എന്നാൽ പാക്കിസ്ഥാൻ ചില നിബന്ധനകൾ മുന്നോട്ടുവച്ചു.**

# കാശ്മീർ പ്രശ്നം ഐക്യരാഷ്ട്ര സംഘടനയ്ക്ക് വിട്ടത് നെഹ്റുവിന്റെ മണ്ടത്തരമോ...?

1947 ഒക്ടോബർ മാസം 26–ാം തീയതി ജമ്മു-കാശ്മീർ ഇന്ത്യയുടെ ഭാഗമായിത്തീർന്നപ്പോൾ ജനഹിത പരിശോധനയിലൂടെ കാശ്മീർ ജനതയുടെ അഭിപ്രായങ്ങൾ അറിയുമെന്നും അതിന്റെ അടിസ്ഥാനത്തിൽ ജമ്മു-കാശ്മീരിന്റെ ഭാവി നിർണ്ണയിക്കുമെന്നും ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. ജമ്മു-കാശ്മീർ ഇന്ത്യൻ യൂണിയനിൽ ചേർന്നതിന്റെ പിറ്റേദിവസം തന്നെ ഇന്ത്യൻ സേന ജമ്മു-കാശ്മീരിലെത്തി.

അഖില ജമ്മു-കാശ്മീർ നാഷണൽ കോൺഫറൻസ് പാർട്ടിയുടെ നേതാവായിരുന്ന ഷെയ്ക് മുഹമ്മദ് അബ്ദുള്ളയുടെ നേതൃത്വത്തിൽ 1947 ഒക്ടോബർ മാസം 31–ാം തീയതി ഒരു ഇടക്കാല അടിയന്തിര ഭരണസമിതി ജമ്മു-കാശ്മീരിൽ നിലവിൽ വന്നു. ഈ ഭരണകൂടം ഇന്ത്യൻ സൈന്യത്തിന്റെ സഹായത്തോടെ ഗിരിവർഗ്ഗക്കാരായ പഠാണികളുടെയും പാക്കിസ്ഥാൻ സൈനികരുടെയും ആക്രമണത്തെ ചെറുത്തു. അതിനു മുമ്പ് പാക്കിസ്ഥാൻ സൈന്യത്തിന്റെ പിന്തുണയോടെ പഠാണികൾ ജമ്മു-കാശ്മീരിന്റെ ഒരു ഭാഗം പിടിച്ചെടുത്തിരുന്നു. ഈ പ്രദേശം 'ആസാദ് കാശ്മീർ' എന്നും പാക്ക് അധീന കാശ്മീർ എന്നും അറിയപ്പെടുന്നു. 6993 ച.കി.മീറ്റർ വിസ്തീർണ്ണമുള്ള ഈ പ്രദേശം ഇപ്പോഴും പാക്കിസ്ഥാന്റെ നിയന്ത്രണത്തിലാണ്. തലസ്ഥാനം മുസാഫിറാബാദ്. ഇന്ത്യാ-പാക് ബന്ധം കലുഷിതമാക്കിയ ജമ്മു-കാശ്മീർ പ്രശ്നം ദീർഘകാലമായി പരിഹാരമില്ലാതെ തുടർന്നു.

1947 ഡിസംബർ മാസം 31–ാം തീയതി ജമ്മു-കാശ്മീർ പ്രശ്നത്തിൽ ഇടപെടണമെന്നാവശ്യപ്പെട്ട് ഐക്യരാഷ്ട്ര സംഘടനയുടെ (യു.എൻ.ഒ.) സെക്യൂരിറ്റി കൗൺസിലിന് ഇന്ത്യ ഒരു മെമ്മോറാണ്ടം അയച്ചു. യു.എൻ.ഒ.യുടെ അംഗരാജ്യമായ പാക്കിസ്ഥാനോട് ഗിരിവർഗ്ഗക്കാരായ പഠാണികൾക്ക് പാക്കിസ്ഥാൻ നൽകുന്ന സഹായങ്ങൾ അടിയന്തിരമായി നിർത്തണമെന്ന് മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടു. അങ്ങനെ പാക്കിസ്ഥാൻ സഹായം നൽകുന്നത് ഇന്ത്യക്കെതിരായ നടപടിയായി കണക്കാക്കുമെന്നും ഇന്ത്യ പ്രസ്താവിച്ചു.



DELHI EDITION

Regd. No. L. 1732.

Jeeps, Command Cars
Station Wagons, Chevrolet
Trucks, Used Cars
EXCELLENT CONDITION
and
New B.S.A. Motor Cycles
Pearey Lal & Sons Ltd.
New Delhi, Peshawar & Rawalpindi

**The Hindustan Times**

LARGEST CIRCULATION IN NORTHERN, NORTH-WESTERN AND CENTRAL INDIA

FRESH ARRIVALS
B. RAMCHAND & CO

VOL. XXIV. NO. 295 — NEW DELHI: TUESDAY, OCTOBER 28, 1947. — PRICE TWO ANNAS

**KASHMIR ACCEDES TO INDIA**

**PLEBISCITE SOON ON RULER'S DECISION**

**SHEIKH ABDULLA TO FORM INTERIM GOVT.**

**UNION TROOPS RUSHED FOR PROTECTION OF STATE**

(By Our Special Representative)

NEW DELHI, Monday.—In view of grave emergency the Maharaja of Kashmir has acceded to the Indian Dominion. In a letter to Lord Mountbatten he declares that "the other alternative is to leave my State and my people to freebooters." He adds: "This alternative I will never allow to happen so long as I am the Ruler of the State and I have life to defend my country."

The Maharaja has also stated that he has decided to invite

**Troops And Arms Flown To Srinagar**

**CONTACT WITH RAIDERS NEAR BARAMULA**

**MORE REINFORCEMENTS BEING DISPATCHED**

Indian Army troops came in contact yesterday afternoon with the invading raiders at a point near Baramula, according to information received in New Delhi.

In response to the appeal made by the Maharaja of Kashmir detachments of Indian troops left Delhi by plane early yesterday morning and arrived at Srinagar shortly after 9 a.m. Besides R.I.A.F. transports, a number of civil aircraft were commandeered to fly men and ammunition for the protection of Srinagar. The whole movement of troops was undertaken at short notice and the first squadron

*കാശ്മീർ ഇന്ത്യയോട് ചേർന്ന വാർത്ത 1947 ൽ ദി ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ട് ചെയ്തപ്പോൾ*

ജമ്മു-കാശ്മീർ പ്രശ്നം യു.എൻ. ൽ ഉന്നയിക്കാതെ ഇന്ത്യൻ സേന പാക്ക് അധീന കാശ്മീർ പിടിച്ചെടുക്കണമായിരുന്നു എന്നും ഈ പ്രശ്നത്തിൽ യു.എനിന്റെ സഹായം ആവശ്യപ്പെട്ടത് നെഹ്റുവിന്റെ മണ്ടത്തരമായിരുന്നു എന്നും അതല്ല, അന്നത്തെ സാഹചര്യത്തിൽ നെഹ്റുവിന്റെ തീരുമാനം ഏറ്റവും ഉചിതവും ധിഷണാപരവും ആയിരുന്നുവെന്നും രണ്ട് ശക്തമായ അഭിപ്രായങ്ങൾ നിലവിലുണ്ട്.

ഐക്യരാഷ്ട്രസംഘടന കാശ്മീർ പ്രശ്നത്തിൽ ഇടപെടുകയും ഇരുരാജ്യങ്ങളുമായി സന്ധിസംഭാഷണങ്ങൾ നടത്തുകയും ചെയ്തെങ്കിലും യാതൊരു ഫലവുമുണ്ടായില്ല. അതുകൊണ്ട് ജമ്മു-കാശ്മീരിലെ സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കുന്നതിന് ഐക്യരാഷ്ട്രസംഘടന നിയമിച്ച കമ്മീഷൻ 1948 ജൂലായ് മാസത്തിൽ ഇന്ത്യയിലെത്തുകയും ആഗസ്റ്റ് 13–ാം തീയതി ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ ഒരു വെടിനിർത്തൽ കരാർ നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇന്ത്യ ഈ നിർദ്ദേശം അംഗീകരിക്കാൻ തയ്യാറായി. എന്നാൽ പാക്കിസ്ഥാൻ ചില നിബന്ധനകൾ മുന്നോട്ടുവച്ചു. ജമ്മു-കാശ്മീരിൽ പാക്കിസ്ഥാൻ സൈനികർ ഉണ്ടെന്ന ഇന്ത്യയുടെ വാദം പാക്കിസ്ഥാൻ ഗവൺമെന്റ് സമ്മതിക്കുകയും ചെയ്തു. അങ്ങനെ 1949 ജനുവരി മാസം 1–ാം തീയതി ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ വെടിനിർത്തൽ കരാറിൽ ഒപ്പുവച്ചതിന്റെ ഫലമായി പരസ്പരമുള്ള സംഘട്ടനങ്ങൾ തത്ക്കാലത്തേക്ക് നിലച്ചു.

വെടിനിർത്തലിനു വേണ്ടി യു.എൻ. സെക്യൂരിറ്റി കൗൺസിൽ നൽകിയ ഉപാധികളിൽ പാക്കിസ്ഥാൻ സൈനികരും ഗിരിവർഗ്ഗക്കാരും ഇന്ത്യൻ സൈനികരും ജമ്മു-കാശ്മീരിൽ നിന്നും പിൻമാറണമെന്നും, അതിനുശേഷം ജനഹിത പരിശോധന നടത്തണമെന്നുമായിരുന്നു വ്യവസ്ഥ. ജമ്മു-കാശ്മീരിൽ ജനഹിത പരിശോധനയ്ക്കായി ഐക്യരാഷ്ട്രസംഘടന അഡ്മിറൽ നിമിറ്റ്സിനെ നിയമിച്ചുവെങ്കിലും ജനഹിത പരിശോധന നടത്താനായില്ല. സൈന്യ പിൻമാറ്റം നടക്കാത്ത സാഹചര്യത്തിലാണ് ജനഹിത പരിശോധന നടക്കാതെ പോയത്.

ജമ്മു-കാശ്മീരിനെ ചൊല്ലി ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുണ്ടായ തർക്കത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനു വേണ്ടി 1950 ഏപ്രിൽ മാസത്തിൽ യു.എൻ. സെക്യൂരിറ്റി കൗൺസിൽ സർ ഓവൻ ഡിക്സനെ യു.എൻ. പ്രതിനിധിയായി നിയമിച്ചു. എന്നാൽ ഒരു വർഷത്തെ ശ്രമങ്ങൾക്കൊടുവിലും ഈ വിഷയത്തിന് യാതൊരു പരിഹാരവും ഉണ്ടാകാത്തതിനെ തുടർന്ന് അദ്ദേഹം തന്റെ ചുമതലയിൽ നിന്ന് ഒഴിവാകുകയും 1951 ഏപ്രിലിൽ ഡോ. ഫ്രാങ്ക് ഗ്രഹാം യു.എൻ. പ്രതിനിധിയായി നിയമിക്കപ്പെടുകയും ചെയ്തെങ്കിലും അദ്ദേഹത്തിന്റെ പരിശ്രമങ്ങളും വിഫലമാവുകയാണുണ്ടായത്.

ജമ്മു-കാശ്മീർ ജനതയുടെ പ്രത്യേക അവസ്ഥയും വികാരവും സംസ്കാര വൈവിധ്യവും മാനിക്കുന്നതിനു വേണ്ടി ചില സവിശേഷ അധികാരങ്ങളും പ്രത്യേക പദവിയും വേണമെന്ന് ഷെയ്ക് അബ്ദുള്ള ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിമോട് ആവശ്യപ്പെടുകയും ജമ്മു-കാശ്മീരിന്റെ തന്ത്രപ്രധാന സ്ഥാനം കണക്കിലെടുത്ത് ഭരണഘടനയുടെ 370–ാം വകുപ്പ് പ്രകാരം ചില പ്രത്യേക അവകാശങ്ങളും പദവികളും ജമ്മു-കാശ്മീരിനു നൽകുകയും ചെയ്തു.

ഇതനുസരിച്ച് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് ബാധകമായ ഇന്ത്യൻ ഭരണഘടന ജമ്മു-കാശ്മീരിനു ബാധകമല്ല. ജമ്മു-കാശ്മീരിനു സ്വന്തമായ ഭരണഘടനയുണ്ട്. പ്രതിരോധം, വാർത്താവിനിമയം, വിദേശകാര്യം എന്നീ വിഷയങ്ങളൊഴികെ ഇന്ത്യൻ പാർലമെന്റ് നിർമ്മിക്കുന്ന നിയമങ്ങൾ ജമ്മു-കാശ്മീരിനു ബാധകമല്ല. പ്രത്യേക പതാകയും സ്വന്തം പീനൽകോഡും ജമ്മു-കാശ്മീരിനുണ്ട്. ഇന്ത്യൻ പീനൽകോഡ് (ഐ.പി.സി.) ജമ്മു-കാശ്മീരിനു ബാധകമല്ല എന്നർത്ഥം.

1954–ൽ 370–ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ 35എ വകുപ്പു കൂടെ ഭരണഘടനയിൽ ഉൾപ്പെടുത്തി. ഇതനുസരിച്ച് ഭൂമി വാങ്ങാനുള്ള അവകാശവും സർക്കാർ ജോലിയും സ്കോളർഷിപ്പുകളും മറ്റും സ്ഥിരതാമസക്കാർക്കായി പരിമിതപ്പെടുത്തി.

*(തുടരും)*



# ഇന്റർനെറ്റും കുടുംബ ബന്ധങ്ങളും



സി. അഞ്ജിത SVM , MSc., MPhil
(ക്ലിനിക്കൽസൈക്കോളജിസ്റ്റ്)

**മൊ**ബൈൽ ഫോൺ ഇല്ലാത്ത അവസ്ഥയെക്കുറിച്ച് ഇപ്പോൾ മനുഷ്യന് ചിന്തിക്കാനെ കഴിയൂകയില്ല. ഒരു നേരം ആഹാരം കഴിച്ചില്ലെങ്കിലും മനുഷ്യന് ബുദ്ധിമുട്ടില്ല. മൊബൈലിന് കേടുവന്നാൽ ആകെക്കൂടി ആധിയും പരവേശവുമാണ്. നന്നാക്കാൻ പറ്റിയില്ലെങ്കിൽ പുതിയത് വാങ്ങുകതന്നെ ചെയ്യും. അതിനായി എങ്ങനെയും പണം കണ്ടെത്തും. അത്രയ്ക്ക് അവശ്യഘടകമായി മൊബൈൽ മാറിയെങ്കിൽ അതിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഇതുകൊണ്ടുള്ള നേട്ടങ്ങൾ തമസ്ക്കരിച്ചുകൊണ്ടല്ല ദൂഷ്യവശങ്ങൾ പറയുന്നത്. എന്നാൽ ഉപകാരത്തേക്കാൾ കൂടുതലും ഉപദ്രവമാണെന്ന് നമ്മൾ മനസിലാക്കുന്നില്ല.

ഇന്ന് മനുഷ്യന്റെ ജീവിത ചക്രത്തെതന്നെ മാറ്റിമറിക്കുന്ന സ്മാർട്ട് ഫോണുകളുടെ ഉപയോഗം സാധാരണയുള്ള ഫോണുകളെക്കാൾ വളരെ കൂടുതലാണ്. ലോകത്ത് മൊബൈൽ ഉപഭോക്താക്കൾ 3.3 ബില്യണാണെന്നാണ് ഇതുസംബന്ധിച്ചുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നത്. അതായത് ജനസംഖ്യയുടെ 46 ശതമാനവും ഫോൺ ഉപയോഗിക്കുന്നു. അതോടൊപ്പം ഇന്റർനെറ്റിന്റെ ഉപയോഗം നമ്മുടെ സാമൂഹിക-സാംസ്കാരിക -സാമ്പത്തിക മുന്നേറ്റത്തിനുതന്നെ കൂടുതൽ പ്രയോജനകരമാകുന്നു.

എന്നാൽ ഇതിന്റെ ദുരുപയോഗം വളരെ ചെറിയ ആൾക്കാരുടെ ജീവിതത്തെത്തന്നെ നശിപ്പിക്കുന്നു. ഇന്റർനെറ്റിന്റെ ഉപയോഗം ആവശ്യത്തിനും അനാവശ്യത്തിനുമായിട്ടുണ്ട്. അധികമായിട്ടുള്ള ഉപയോഗം മനുഷ്യന്റെ ജീവിതത്തെതന്നെ തകർക്കും. മനുഷ്യരിൽ കൂടുതൽ മാനസിക സംഘർഷത്തിന് ഇടവരുത്തുകയും ചെയ്യുന്നു.

പ്രശ്നബാധിത ഇന്റർനെറ്റിന്റെ ഉപയോഗം അമേരിക്കയിലും യൂറോപ്പിലും കൂടിവരികയാണ്. 7.9 ശതമാനത്തിൽ നിന്ന് 25.2 ശതമാനമായി ഇത്തരത്തിലുള്ള ഇന്റർനെറ്റ് ഉപയോഗം ഇവിടങ്ങളിൽ കൂടിയിട്ടുണ്ട്. മിഡിൽ ഈസ്റ്റിലും ആഫ്രിക്കയിലും ഇത് 17.3 ശതമാനത്തിൽ നിന്ന് 23.6 ശതമാനമായി ഉയർന്നു. എന്നാൽ ഏഷ്യയിൽ 8.1 ശതമാനത്തിൽ നിന്ന് 50.9 ശതമാനമായിട്ടാണ് ഉയർന്നത്. ചൈനയിൽ 6 ശതമാനത്തിൽ നിന്ന് 10 ശതമാനത്തിലേക്കാണ് ഉയർന്നത്. ഈ പഠനത്തിൽ ഏഷ്യയിലാണ് പ്രശ്നബാധിത ഇന്റർനെറ്റിന്റെ ഉപയോഗം കൂടുതൽ എന്ന് കണ്ടെത്തിയിരിക്കുന്നത്. സോഷ്യൽ നെറ്റുവർക്കിന്റെയും ഗെയിംസിന്റെയും ഉപയോഗമാണ് ഇന്റർനെറ്റിലൂടെ കൂടുതലും നടക്കുന്നത്. സോഷ്യൽ നെറ്റുവർക്കിലാണ് കൂടുതൽപേർ അടിമകളായിരിക്കുന്നത്. അവർക്ക് ഇതിൽ നിന്നും മോചനം വളരെ അകലെയാണ്. നഗരപ്രദേശങ്ങളിലാണ് ഇക്കൂട്ടർ കൂടുതൽ ഉള്ളത്.

ഇന്റർനെറ്റിനോട് കൂടുതൽ ആഭിമുഖ്യമുള്ളവരുടെ കുടുംബത്തിലും പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. അവരിൽ ഏറ്റവും ആദ്യംകാണുന്ന പ്രവണത മാതാപിതാക്കളോട് അവർക്ക് സ്നേഹം കുറയുന്നു. ഇതുവഴി മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധംകുറയുകയും പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നു. കുട്ടികൾ എന്തിനും ഏതിനും ഇന്റർനെറ്റിനെയാണ് ആശ്രയിക്കുന്നത്. ഇത്തരക്കാരിലെ വ്യക്തിത്വത്തിലും മാറ്റങ്ങൾ ദൃശ്യമാണ്. അവർ കൂടുതൽ നെഗറ്റീവ് ചിന്താഗതിക്കാരും ദേഷ്യക്കാരും ആയിരിക്കും. നടക്കില്ലാത്ത പല കാര്യങ്ങളും അവർ ആവശ്യപ്പെടുന്നതും കാണാം.

ചില ഓൺലൈൻ ഗെയിമുകൾക്ക് അടിമകളായവർ ആത്മഹത്യ ചെയ്തത് അടുത്തകാലത്താണ്. ആത്മഹത്യയിലേക്ക് എത്തിക്കത്തക്കവിധത്തിൽ ഉപഭോക്താക്കളെ അവർ പലതരത്തിൽ വശീകരിക്കുന്നുണ്ട്. ഇക്കൂട്ടരുടെ മനസും ഗെയിമുകൾക്കൊപ്പം ചലിക്കുന്നു. കാരണം, ആദ്യം മുതലേ ഇതിനോട് ഐക്യപ്പെട്ടുവന്നതിനാൽ ഗെയിമിൽ പറയുന്ന കാര്യങ്ങൾ അനുസരിക്കുന്ന ഒരു 'പാവം' ഉപഭോക്താവായി നമ്മളിൽ പലരും മാറുന്നു. ഇവിടെയാണ് മാതാപിതാക്കളുമായി ബന്ധം കുറയുന്നുവെന്ന പഠനത്തിന് കൂടുതൽ സാധുത നൽകുന്നത്. അതുപോലെ ഇത്തരക്കാരിൽ മദ്യപാനശീലവും കൂടുതലാണ്. ഇവർക്ക് മ്ലാനത, ഉത്കണ്ഠ, മാനസിക പിരിമുറുക്കം എന്നിവയും കൂടുതലാണ്. ചിലർ മാനസിക സംഘർഷം കുറയ്ക്കുവാനായി മയക്കുമരുന്നിലേക്കും വഴുതിവീഴുന്നു. മേൽപ്പറഞ്ഞ രോഗങ്ങൾക്കും സ്വഭാവങ്ങൾക്കും അടിമകളായവരെ പരിശോധിച്ചാൽ അവരിൽ ഇന്റർനെറ്റിന്റെ ഉപയോഗം വളരെ കൂടുതലാണെന്ന് മനസ്സിലാക്കുവാൻ കഴിയും. മൗനികളായി പലരും മാറുന്നതായി മാതാപിതാക്കൾ പറയുമ്പോൾ അവർ തങ്ങളുടെ മക്കളുടെ ഫോണുപയോഗത്തിന്റെ വ്യാപ്തി മനസ്സിലാക്കുന്നില്ല.

നമ്മൾ സാമൂഹിക ജീവിതത്തിൽ കാണുന്ന ഒരു കാര്യമാണ് യുവജനങ്ങളിൽ പ്രത്യേകിച്ച് കൗമാരക്കാരിൽ ഫോണിനുള്ള സ്ഥാനം. ഒരുനിമിഷം ഫോൺ വെറുതെ വയ്ക്കുവാൻ സമയമില്ല. ഏതുസമയവും കൗമാരക്കാർ ഫോണിനൊപ്പമാണ്. സാമൂഹ്യ നെറ്റുവർക്കുകൾ തകരാറിലാകുമ്പോൾ ഇക്കാലയളവിൽ കൗമാരക്കാർക്കൊപ്പം മുതിർന്നവരും അസ്വസ്ഥരാകുന്ന കാഴ്ച നമ്മൾ കണ്ടിട്ടുണ്ട്. ഇപ്പോൾ ഇന്റർനെറ്റ് പലസ്ഥലങ്ങളിലും സൗജന്യമാണ്. ഇന്റർനെറ്റിന് ന്യായമായ പണം മുടക്കി ഉപയോഗിച്ചിരുന്നപ്പോൾ ഇതിന്റെ ദൂഷ്യങ്ങൾ കുറഞ്ഞിരുന്നു. ഇപ്പോൾ സർക്കാർ സംവിധാനങ്ങൾ എല്ലാംതന്നെ പലസ്ഥലങ്ങളിലും ഇന്റർനെറ്റ് സൗജന്യമാക്കിയതോടെ ഉപയോഗവും കൂടി. അതിനോടൊപ്പം ഒരുതലമുറയുടെ നാശവും ഒരുതരത്തിൽ തുടങ്ങിയിട്ടുണ്ടെന്ന് പറയേണ്ടിയിരിക്കുന്നു. ഇന്റർനെറ്റ് വ്യാപകമായി ഉപയോഗിക്കുന്നവരുടെ മാനസികാവസ്ഥ നമ്മൾ പരിശോധിച്ചാൽ അവരുടെ കുടുംബബന്ധങ്ങളിലെ താളപ്പിഴകൾ ദൃശ്യമാകും. പലരും പറയും ഐ.റ്റി. മേഖലയിൽ ജോലി ചെയ്യുന്നവർക്ക് മാനസിക സംഘർഷം കൂടുതലാണെന്ന്. അവർ ദിവസവും 18 മുതൽ 20 മണിക്കൂർ വരെ ജോലി ചെയ്യുന്നു.

ഇന്റർനെറ്റ് സ്വാധീനം കൂടുതലുള്ളവരെ പ്രത്യേക ചികിത്സയ്ക്ക് വിധേയമാക്കി അവരിലെ മാനസിക പിരിമുറുക്കം കുറയ്ക്കുവാൻ ക്ഴിയും. അവരുടെ ചിന്തകളെ പുനർ ചിന്തനത്തിന് വിധേയമാക്കിയാണ് അത് സാധ്യമാക്കുക. അതോടൊപ്പം കുടുംബത്തെയും ഉൾപ്പെടുത്തിയുള്ള ചികിത്സയിലൂടെ ഇത്തരക്കാരിലെ പ്രശ്നങ്ങൾ പരിഹരിക്കാനാകും.

ഇന്ത്യാ പെന്തക്കോസ്തു ദൈവസഭയ്ക്ക് 2019–2022 വർഷങ്ങളിൽ ശക്തമായ ആത്മീക നേതൃത്വം നൽകുന്നത് ഈ അനുഗ്രഹീത കർത്തൃദാസന്മാർ ആയിരിക്കട്ടെ

ഈ ടീമിന്റെ പ്രധാന ലക്ഷ്യങ്ങൾ

- നമ്മുടെ സഭയുടെ പ്രധാന ലക്ഷ്യം സുവിശേഷീകരണമാകയാൽ അതിനായി സഭയെ ഒരുക്കിയെടുക്കുവാൻ...
- സഭയെ ആത്മീയമൂല്യങ്ങളിലേക്ക് മടക്കിക്കൊണ്ടു വരുവാൻ...
- സഭയുടെ ഭരണസംവിധാനം സുതാര്യവും നിഷ്പക്ഷവും കാര്യക്ഷമവുമാക്കുവാൻ...
- ദീർഘവീക്ഷണത്തോടെ ഐ.പി.സി.യുടെ ഭാവി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ...
- ദുരുപദേശത്തിന്റെ അതിപ്രസരമുള്ളപ്പോൾ പത്ഥ്യോപദേശത്തിൽ സഭയെ നിലനിർത്തുവാൻ...
- ഐ.പി.സി. ഭരണഘടന കാലാനുസരണമായി പുതുക്കുവാൻ...
- സാമ്പത്തിക ഇടപാടുകൾ സുതാര്യമാക്കുവാൻ...
- സഭകളുടെയും ശുശ്രൂഷന്മാരുടെയും ഭൗതികനന്മയ്ക്കായി പ്രവർത്തിക്കുവാൻ...
- ദ്രവ്യാഗ്രഹമില്ലാത്ത ഒരു നേതൃത്വം സഭയെ നയിക്കുവാൻ...
- സഭയുടെ വളർച്ചയും പുരോഗതിയും മാത്രം ലക്ഷ്യമാക്കിയിട്ടുള്ള കറപുരളാത്ത നല്ല സാക്ഷ്യമുള്ള ദൈവദാസന്മാർ നേതൃത്വത്തിൽ വരുവാൻ...

ജനറൽ പ്രസിഡന്റ്

പാസ്റ്റർ ഡോ. വത്സൻ എബ്രഹാം

ജനറൽ വൈസ് പ്രസിഡന്റ്

പാസ്റ്റർ വിൽസൺ ജോസഫ്

ജനറൽ സെക്രട്ടറി

പാസ്റ്റർ സാം ജോർജ്ജ്

ജനറൽ ജോയിന്റ് സെക്രട്ടറി

പാസ്റ്റർ എം.പി. ജോർജ്ജുകുട്ടി


ജനറൽ ട്രഷറാർ

ബ്രദർ സണ്ണി മുളമൂട്ടിൽ

യാത്രാ വിവരണം-2

# ന്യൂ മെക്സിക്കോ മൂന്ന് സംസ്കാരങ്ങളുടെ സംഗമഭൂമി

കെ.എൻ. റസ്സൽ





കൈ കൊണ്ട് മണ്ണു കുഴച്ച് വച്ചതു പോലെയുള്ള ഭിത്തികൾ. ഉരുളൻ തടിക്ഷണങ്ങൾ കൊണ്ട് തട്ട് തീർത്ത് പലക പാകിയ വീടുകളും കടകളും. എല്ലാറ്റിനും നൂറ്റാണ്ടുകളുടെ പഴക്കം.

ആധുനിക കെട്ടിടസമുച്ചയമൊന്നും അമേരിക്കയിലെ ന്യൂമെക്സിക്കോയിലെ പ്രാചീന പട്ടണമായ സാന്റാ ഫേ-യിൽ ഇല്ല. 400 വർഷത്തെ പഴക്കം കേടുവരാതെ നിലനിർത്തിയിരിക്കുന്നു.

സാന്റാ ഫേ കാണാൻ അൽബുഖർഖിയിൽ നിന്നും യാത്ര ചെയ്യുമ്പോൾ എനിക്ക് ഒരു അമേരിക്കൻ പട്ടണം കാണാൻ പോകുന്നു എന്ന ധാരണയേ ഉണ്ടായിരുന്നുള്ളൂ. 2019 ആഗസ്റ്റ് 21-നാണ് ഈ പൈതൃകനഗരം കാണാൻ പുറപ്പെട്ടത്.

ഡൽഹി ഗ്രേറ്റർ നോയിഡ ഹാർവെസ്റ്റ് മിഷൻ കോളജ് പ്രസിഡന്റ് റവ. ബാബു ജോണും ഭാര്യ ലിസിയും സാന്റാ ഫേയെപ്പറ്റി വായ് തോരാതെ സംസാരിച്ചുകൊണ്ടിരുന്നു. സംസാരത്തിൽ ഒരു കാര്യം മനസ്സിലായി. സാന്റാ ഫേ ന്യൂ മെക്സിക്കോയുടെ തലസ്ഥാനമാണെന്ന്.

ഞങ്ങളുടെ ചെറുകാർ പായുമ്പോൾ എന്റെ കണ്ണുകൾക്ക് പാതയോരത്തെ കാഴ്ചകൾ കാണാനായിരുന്നു പ്രിയം. പക്ഷേ കാണാൻ ഒന്നുമില്ല. പാറകൾ തല്ലിയുടച്ച് കൂട്ടിയതു പോലെയുള്ള മലകൾ ചെറുതും വലുതും ധാരാളം. പച്ചപ്പ് തീരെ കുറവ്. പാതയുടെ ഇരുവശത്തും കണ്ണെത്താദൂരത്ത് പരന്നുകിടക്കുന്ന ഭൂപ്രദേശങ്ങൾ ഒക്കെ അമേരിക്കയുടെ യഥാർത്ഥ ഉടമകളായ റെഡ് ഇന്ത്യൻസിനു വേണ്ടി റിസർവ്വ് ചെയ്തിരിക്കുന്നതാണെന്ന് ബാബു ജോൺ എനിക്ക് പറഞ്ഞുതന്നു.

മറ്റൊരു ജനവിഭാഗത്തിനും ഈ പ്രദേശങ്ങൾ സ്വന്തമാക്കാനാവില്ല. 1607-ൽ മൂന്ന് കപ്പലുകളിലായി കച്ചവട സ്ഥാപനമായ 'ലണ്ടൻ കമ്പനി' അമേരിക്കയിൽ എത്തിയതോടെയാണ് അമേരിക്കൻ മക്കളായ റെഡ് ഇന്ത്യൻസിന്റെ കഷ്ടകാലം തുടങ്ങുന്നത്. 1670-ൽ പിൽഗ്രിം ഫാദേഴ്സ് വന്നതോടെ ഇവരുടെ അവസ്ഥ പരമദയനീയമായി. ടർക്കി കോഴിയും ഉരുളക്കിഴങ്ങും കൊടുത്ത് സ്വീകരിച്ച ഇവരെ കൊന്നൊടുക്കിയ ബ്രിട്ടീഷ് കാടത്തത്തിന്റെ ചരിത്രമാണ് പിന്നീടങ്ങോട്ടുള്ളത്.

പറഞ്ഞുവന്നത്.. കാണാൻ പോകുന്ന സാന്റാ ഫേയെപ്പറ്റി ആണല്ലോ. ഒക്കലഹോമയിൽ നിന്നും ഡെൻവർ വഴി ന്യൂ മെക്സിക്കോയിലെ വലിയ പട്ടണമായ അൽബുഖർഖിയിൽ വിമാനം താഴുമ്പോൾ ബാബു ജോൺ പറഞ്ഞുതന്ന 'മരുഭൂമി' ഓർമ്മയിൽ വന്നു.

വെള്ളാരങ്കല്ലുകളുടെ കൂമ്പാരം മാത്രം. വൻമരങ്ങളോ വാഗമൺ പോലെ പുൽമേടുകളോ അല്ലാത്ത ഊഷരഭൂമി.

സായാഹ്നമായി. സാന്റാ ഫേയോട് അടുക്കുമ്പോൾ ചാറ്റൽമഴയുടെ ശല്യം. കാർ പാർക്ക് ചെയ്തു പട്ടണം കാണാൻ നടന്നുനീങ്ങിയത് ചെറുമഴ നനഞ്ഞ്. തെരുവോരത്ത് ആളുകൾ നന്നേ കുറവ്. കടകൾ കുറെയൊക്കെ തുറന്നിട്ടുണ്ട്. അവധിദിവസം പോലൊരു തോന്നൽ. സന്ധ്യയോടടുത്തതുകൊണ്ടാകാം തെരുവു കച്ചവടക്കാരും മുങ്ങി.

സാന്റാ ഫേയുടെ കഥകൾ കാറിൽ വച്ച് പറഞ്ഞ് ബാബു ജോണും ഭാര്യയും എന്നെ ബോധവൽക്കരിച്ചെങ്കിലും അതിന്റെ യഥാർത്ഥ ചിത്രം ഗ്രഹിക്കാനായത് കാണുക കൂടി ചെയ്തപ്പോഴാണ്.

ആദ്യം സൂചിപ്പിച്ചതുപോലെ ഉരുളൻ തടികൾ നിരത്തി പലക അടിച്ച ചെറുവീടുകൾ. ജീർണ്ണിച്ച് പോകാതിരിക്കാൻ പെയിന്റ് ചെയ്തും പോളിഷ് ചെയ്തും സൂക്ഷിച്ചിരിക്കുന്നു. അമേരിക്കയിലെ പഴയ പട്ടണങ്ങളിൽ ഒന്നും, സ്പെയിൻകാർ 1670-ൽ കുടിയേറി സ്ഥാപിച്ച പട്ടണവും അവരുടെ പാർപ്പിടമേഖലയുമാണ് ഈ സാന്റാ ഫേ എന്ന ചെറുപട്ടണം.

സ്പെയിൻകാരനായ കൊളംബസ് 1492-ൽ അമേരിക്ക കണ്ടുപിടിച്ചതോടെയാണ് അവരുടെ അധിനിവേശം അമേരിക്കയിലുണ്ടാകുന്നത്. വിവിധ സ്ഥലങ്ങളിൽ കപ്പൽ മാർഗ്ഗം എത്തി അവർ കോളനികൾ സ്ഥാപിച്ചു. 1538-ൽ സ്പെയിൻകാരനായ ഡിസോട്ടോയുടെ നേതൃത്വത്തിൽ ഫ്ളോറിഡായും കൈവശപ്പെടുത്തി. 18-ാം ശതകമായപ്പോൾ കാലിഫോർണിയായും അവരുടെ നിയന്ത്രണത്തിലായി.

മറ്റു വംശങ്ങൾ കുറവുള്ള സാന്റാ ഫേയിൽ ഇന്നും സ്പാനിഷ് തലമുറയുടെ ആധിപത്യം കാണാം. അവർ അന്നു പണിത അവരുടെ സംസ്കാരിക പൈതൃകം വിളിച്ചോതുന്ന നിർമ്മാണങ്ങൾ ഒക്കെ അവർ നിലനിർത്തിയിരിക്കുന്നു എന്നാണ് ഈ പറഞ്ഞുവരുന്നതിന്റെ അർത്ഥം. സ്പാനിഷ് വംശജരായ വെള്ളക്കാരായവർ അല്ലാതെ ആരും സാന്റാ ഫേയിൽ ഇല്ല എന്നു പറയാം.

1610-ലാണ് സാന്റാ ഫേയിൽ സ്പാനിഷുകാർ ആധിപത്യം ഉറപ്പിക്കുന്നത്. സാന്റാ ഫേ പ്ലാസ്സാ ഇന്നൊരു സാംസ്കാരിക കേന്ദ്രമാണ്. എല്ലാ ദിവസവും പട്ടണത്തിന്റെ മദ്ധ്യഭാഗത്തുള്ള പ്ലാസയിൽ അവരുടെ പാട്ടും നൃത്തവും മറ്റു കലാപരിപാടികളും അരങ്ങേറുന്നു. 400 റെസ്റ്റോറന്റുകൾ ഇവിടെയുണ്ട്. ഏതു രാജ്യത്തെ രുചിക്കൂട്ടും ഇവിടത്തെ ഹോട്ടലുകളിൽ നിന്നും ആസ്വദിക്കാം.

സമുദ്രനിരപ്പിൽ നിന്നും 7000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന അമേരിക്കയിലെ പട്ടണമാണ് സാന്റാ ഫേ. കലകളുടെയും വ്യത്യസ്ത സാംസ്കാരിക തനിമയുടെയും നാടാണ് ഈ പ്രാചീന പട്ടണം. പെർഫോമിംഗ് കലകൾ ഇന്നും ഇവിടെ അവതരിപ്പിച്ചുവരുന്നു. ശില്പകലയുടെ വൈശിഷ്ട്യം ഇന്നും ഇവിടെ ദർശിക്കാനാവും. സാംസ്കാരിക ആഘോഷങ്ങൾ വിനോദസഞ്ചാരികൾക്കായി തുടർമാനമായി നടത്തിവരുന്നു. ആർട്ട് മാർക്കറ്റുകൾ, മൂവീസ്, ടെലിവിഷൻ പ്രോഗ്രാമുകൾ, സിനിമ ഷൂട്ടിംഗ് തുടങ്ങിയവയിലൊക്കെ സാന്റാ ഫേ ഇന്നും മുന്നിൽ നിൽക്കുന്നു.




സാന്റാ ഫേ പട്ടണത്തിൽ: 400 വർഷം പഴക്കമുള്ള സ്പാനിഷ് കെട്ടിടത്തിനു മുമ്പിൽ ലേഖകൻ. സമീപം ഡൽഹി ഹാർവെസ്റ്റ് മിഷൻ കോളേജ് പ്രസിഡന്റ് റവ. ബാബു ജോൺ ഭാര്യ ലിസി എന്നിവർ

എങ്ങും കരകൗശലവസ്തുക്കളുടെ വമ്പൻ കടകളാണ്. തുകൽ ഉത്പന്നങ്ങളുടെ വൻശേഖരം ഉണ്ട്. വില കേട്ടാൽ ബോധം കെട്ടുവീഴാനും സാധ്യതയുണ്ട്. മനോഹരമായ ഗ്ലാസ്സുകൾ, പാത്രങ്ങൾ, മാലകൾ, ബാഗുകൾ, ഓവർകോട്ടുകൾ, കളിമൺ പാത്രങ്ങൾ തുടങ്ങി വമ്പൻ ശേഖരമാണ് എല്ലാ കടകളിലും. നടന്നു കാണാനും നല്ല ചന്തമാണ്.

നല്ല തണുപ്പും മഴയും ഒക്കെ ആയതുകൊണ്ടാകാം കലാപരിപാടികൾ ഒന്നും പരസ്യസ്ഥലത്ത് അരങ്ങേറിയില്ല. അതുകൊണ്ട് ഞങ്ങൾ മടങ്ങാൻ തീരുമാനിച്ചു. കാണാവുന്ന സ്ഥലങ്ങൾ ഒക്കെ മഴ നനഞ്ഞ് നടന്നു കണ്ടു. അതിൽ പ്രധാനപ്പെട്ടത് സ്പാനിഷുകാർ പണിത അമേരിക്കയിലെ ആദ്യ കത്തോലിക്കാ ദേവാലയമാണ്. സമയം കഴിഞ്ഞിരുന്നതു കൊണ്ട് അകത്തു കയറി കാണാനായില്ല. ഗവർണറുടെ ഓഫീസും അകലെ നിന്നു കണ്ടു. ന്യൂ മെക്സിക്കോ സ്റ്റേറ്റിന്റെ തലസ്ഥാനം സാന്റാ കഫേ ആണെന്ന് മുമ്പ് സൂചിപ്പിച്ചത് ഓർക്കുമല്ലോ.

അല്പം ചരിത്രം കൂടി പറഞ്ഞുകൊണ്ട് ഈ യത്രാക്കുറിപ്പ് അവസാനിപ്പിക്കാം. 1610-ൽ സ്പാനിഷുകാർ സാന്റാ കഫേ പ്ലാസ്സാ നിർമ്മിക്കുമ്പോൾ ഇന്നത്തെ ന്യൂ മെക്സിക്കോ എന്ന അമേരിക്കൻ സ്റ്റേറ്റ് മെക്സിക്കോ എന്ന വലിയ തെക്കേ അമേരിക്കൻ രാജ്യത്തിന്റെ ഭാഗമായിരുന്നു. സ്പാനിഷുകാർ യൂറോപ്പിൽ നിന്നും ഇവിടെ വന്ന് തദ്ദേശീയരെ ആട്ടിപ്പായിച്ചു ഭരണം ഉറപ്പിച്ചുവെങ്കിലും 70 വർഷം കഴിഞ്ഞ് 1680-ൽ മെക്സിക്കോക്കാർ സ്പാനിഷുകാരെ തുരത്തി ഓടിച്ചു.

പക്ഷേ 12 വർഷം കഴിഞ്ഞ് 1692-ൽ വീണ്ടും സ്പെയിൻകാർ തിരിച്ചെത്തി. മെക്സിക്കോക്കാരെ ഓടിച്ചു സാന്റാ കഫേ തിരിച്ചുപിടിച്ചു. 1780 ആയപ്പോൾ ഇംഗ്ലീഷുകാരും ഇവിടെ എത്തി സ്പെയിൻകാരോട് ചേർന്നു. പരസ്പരം പോരടിച്ചാണ് കഴിഞ്ഞിരുന്നതെങ്കിലും 1848 വരെ മെക്സിക്കോയുടെ ടെറിട്ടറിയായിട്ടു തന്നെയാണ് ന്യൂ മെക്സിക്കോ എന്ന ഇപ്പോഴത്തെ അമേരിക്കൻ സ്റ്റേറ്റ് തുടർന്നത്. സൂര്യൻ നൃത്തം ചവിട്ടുന്ന സ്ഥലം എന്നാണ് സാന്റാ കഫേയെ ഇന്നും വിളിക്കുന്നത്.

എന്നാൽ അമേരിക്ക ശക്തി പ്രാപിച്ചതോടെ മെക്സിക്കോക്കെതിരെ അമേരിക്ക നിരന്തരം യുദ്ധങ്ങൾ നടത്തി. എന്നാൽ യുദ്ധം അവസാനിപ്പിക്കാനുണ്ടായ കരാർ പ്രകാരം ന്യൂമെക്സിക്കോ 1912-ൽ സമ്പൂർണ്ണമായി അമേരിക്കയിലെ 47-ാമത്തെ സ്റ്റേറ്റായി പ്രഖ്യാപിക്കപ്പെട്ടു.

അതോടെ അമേരിക്കയിലെ ആദ്യത്തെ വിദേശ കോളനിയായ സ്പാനിഷുകാരുടെ സാന്റാ കഫേ അതേപടി നിലനിർത്താൻ കഴിഞ്ഞു. അങ്ങനെ 400 വർഷത്തെ പൈതൃകാവശിഷ്ടങ്ങൾ കേടു കൂടാതെ ഇന്നും നിലനിൽക്കുന്നു.

ടെക്സാസും അരിസോണയും കാലിഫോർണിയായുടെ കുറെ ഭാഗങ്ങളുമൊക്കെ മെക്സിക്കോയിൽ നിന്നും യുദ്ധം ചെയ്തു കരഗതമാക്കുകയാണ് അമേരിക്ക ചെയ്തത്. ഇംഗ്ലീഷുകാരും സ്പെയിൻകാരും ഫ്രഞ്ചുകാരും ഒക്കെ ഇവിടെ വന്നു അമേരിക്കൻ ഉടമകളായ റെഡ് ഇന്ത്യൻസിനെ കൊന്നൊടുക്കി രാജ്യം വെട്ടിപ്പിടിച്ചു യൂറോപ്യന്മാരുടെ അധിനിവേശം സ്ഥാപിച്ചെടുക്കുകയായിരുന്നു. ട്രംപിനും മലയാളിയായ പാലാക്കാരൻ കുഞ്ഞച്ചനും മകൻ അപ്പച്ചനും അമേരിക്ക ഒരുപോലെ അവകാശപ്പെട്ടതാണ്.

സ്വന്തം രാജ്യം നഷ്ടമായ റെഡ് ഇന്ത്യൻസ് എവിടെയൊക്കെയോ അലഞ്ഞു തിരിഞ്ഞു നടക്കുന്നു. എവിടെയൊക്കെയോ താമസിക്കുന്നു. 8000 അടി താഴ്ചയിൽ കൊളറാഡോ നദിക്കരികിലും അവരുടെ സാന്നിദ്ധ്യം ഉണ്ട്.

ചുരുക്കിപ്പറഞ്ഞാൽ മെക്സിക്കോ, സ്പാനിഷ്, ഇംഗ്ലീഷ് എന്നീ മൂന്ന് സംസ്കാരങ്ങളുടെ സംഗമഭൂമിയാണ് സാന്റാ കഫേ. മഴയുടെ ശല്യവും സാംസ്കാരിക പരിപാടികൾ കാണാൻ കഴിയാത്തതുകൊണ്ടും ഇത്തിരി അസംതൃപ്തിയോടെയായിരുന്നു മടക്കം.

മഴ പിന്നെയും ഞങ്ങളുടെ കാറിന്റെ വൈപ്പർ ചലിപ്പിച്ചുകൊണ്ടിരുന്നു. നനഞ്ഞു കുതിർന്നു കിടക്കുന്ന ഹൈവേയിലൂടെ കാർ 80 മൈൽ സ്പീഡിൽ പായുകയാണ്. തിരിച്ച് റവ. ബാബു ജോൺ താമസിക്കുന്ന അൽബുഖർഖി പട്ടണത്തിലേക്ക്.

കാർ പായുമ്പോഴും എന്റെ ചിന്ത ഗതകാലസ്മരണകളിലൂടെ പാഞ്ഞു. ജനനം തിരുവനന്തപുരത്ത്. ബാല്യവും കൗമാരവും ഇടുക്കി ജില്ലയിലെ പുറ്റടിയിൽ. സഹധർമ്മിണിയുടെ ജോലിയുമായുള്ള ബന്ധത്തിൽ മുണ്ടക്കയത്തും മൂന്നാറിലും നെയ്യാർഡാമിലും കോട്ടയത്തും ചേർത്തലയിലുമായി യൗവനകാലം. പിന്നെ കാലടിയിൽ. ഇല്ലായ്മയുടെ കഷ്ടതകളും സമൃദ്ധിയുടെ സുഖവും അനുഭവിച്ചു.

ഇതിന് എല്ലാറ്റിനും കാരണക്കാർ ബന്ധുക്കളേക്കാൾ എന്റെ ആത്മസ്നേഹിതർ. അതിലൊരാളാണ് സഞ്ചാരകുതുകിയായ എന്നെ ചരിത്രം ഉറങ്ങുന്ന ന്യൂമെക്സിക്കോയിലെത്തിച്ചത്. ദൈവദാസന് പകരം തരാൻ ഒന്നുമില്ല. ഇത്തിരി ഹൃദയത്തുടിപ്പുകളല്ലാതെ.

# ഐപിസി ജനറൽ കൗൺസിൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഒക്ടോബർ 23-ന്

**കുമ്പനാട്**: ഐപിസി ജനറൽ കൗൺസിൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഒക്ടോബർ 23-ന് കുമ്പനാട് ഹെബ്രോൻപുരത്ത് നടക്കും.

25-ന് രാവിലെ 8 മുതൽ ഹെബ്രോൻപുരത്തെ ഓഡിറ്റോറിയത്തിലാണ് വോട്ടെണ്ണൽ. അഞ്ച് സ്ഥാനങ്ങളിലേക്കുള്ള ഭാരവാഹികളെയാണ് തിരഞ്ഞെടുക്കുന്നത്. പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങളാണ്. ഐപിസിയുടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും രാജ്യത്തിനു പുറത്തുള്ള റീജിയനുകളിൽ നിന്നുമായി ഏഴായിരത്തോളം വോട്ടർമാരാണ് പട്ടികയിലുള്ളത്.

തിരഞ്ഞെടുപ്പ് കമ്മീഷണറായി ജി. ഐസക്കും, റിട്ടേണിംഗ് ഓഫീസർമാരായി ഡോ. ജെ.വർഗീസ്, മാത്യു ഇലഞ്ഞിക്കൽ എന്നിവരുമാണ് പ്രവർത്തിക്കുന്നത്. മൂന്നു പാനലുകളായി തിരിഞ്ഞാണ് മത്സരിക്കുന്നത്. ഐപിസിയുടെ തിരഞ്ഞെടുപ്പ് ചരിത്രത്തിലിതാദ്യമാണ്.

കെ.സി. ജോൺ പ്രസിഡന്റായി മത്സരിക്കുന്ന പാനലിൽ ജോൺ എസ്. മരത്തിനാൽ (വൈസ് പ്രസിഡന്റ്), തോമസ് ഫിലിപ്പ് (സെക്രട്ടറി), വർഗീസ് മത്തായി (ജോയിന്റ് സെക്രട്ടറി), സജി പോൾ (ട്രഷറർ) എന്നിവരാണ് സ്ഥാനാർത്ഥികൾ.

വൽസൻ ഏബ്രഹാം പ്രസിഡന്റായി മത്സരിക്കുന്ന പാനലിൽ വിൽസൻ ജോസഫ് (വൈസ് പ്രസിഡന്റ്), സാം ജോർജ്ജ് (സെക്രട്ടറി), എം. പി. ജോർജ്ജുകുട്ടി (ജോയിന്റ് സെക്രട്ടറി), സണ്ണി മുള്ളമൂട്ടിൽ (ട്രഷറർ) എന്നിവരാണ് സ്ഥാനാർത്ഥികൾ.

ബേബി വർഗീസ് പ്രസിഡന്റായി മത്സരിക്കുന്ന പാനലിൽ ജോസഫ് ഏബ്രഹാം (വൈസ്പ്രസിഡന്റ്), ജെയിംസ് ജോർജ്ജ് (ജോയിന്റ് സെക്രട്ടറി), കുര്യൻ ജോസഫ് (ട്രഷറർ) എന്നിവരാണ് സ്ഥാനാർത്ഥികൾ.

മൂന്ന് വർഷമാണ് ജനറൽ കൗൺസിലിന്റെ കാലാവധി.


## സമർപ്പണവും പ്രവർത്തന മികവുമായി ഇന്ത്യൻ പെന്തക്കോസ്തു ദൈവസഭക്കു വേണ്ടി

# പാസ്റ്റർ വർഗീസ് മത്തായി ജനറൽ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക്



ഇന്ത്യാ പെന്തക്കോസ്തു ദൈവസഭയുടെ ഒക്ടോബർ 23 നു നടക്കുന്ന തെരഞ്ഞെടുപ്പിൽ ജനറൽ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് പാസ്റ്റർ വർഗീസ് മത്തായി സ്ഥാനാർത്ഥിയാണ്.

കാൽനൂറ്റാണ്ട് സണ്ടേ സ്കൂളിന്റെ വിവിധ ചുമതലകൾ വഹിച്ച പാസ്റ്റർ വർഗീസ് മത്തായി ജനറൽ സെക്രട്ടറിയും ഡയറക്ടറുമായി പ്രവർത്തിച്ച കാലത്താണ് 12 മുതൽ 15 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചത്. 13 വരെയുള്ള ക്ലാസ്സുകളിലെ പുസ്തകങ്ങൾ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു. 15-ാം ക്ലാസ്സ് പാസ്സാകുന്ന കുട്ടികൾക്ക് ഡിപ്ലോമാ ഇൻ തിയോളജി നൽകിത്തുടങ്ങി. ഐപിസി. സണ്ടേസ്കൂൾ അസ്സോസ്സിയേഷന്റെ നേതൃത്വത്തിൽ "പെന്തക്കോസ്തു വിബിഎസ്" ആരംഭിച്ച് അഞ്ചു വർഷം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തി.

ഐപിസി കേരളാ സ്റ്റേറ്റ് പ്രസ്ബിറ്ററിയിലും കൗൺസിലിലും 1993 മുതൽ 2016 വരെ അംഗമായിരുന്ന ഇദ്ദേഹം ചാരിറ്റി ബോർഡ് ചെയർമാൻ, മിഷൻ ബോർഡ് വൈസ് ചെയർമാൻ, സീയോൻ കാഹളം മാനേജിംഗ് എഡിറ്റർ, പബ്ലീഷർ തുടങ്ങി നിരവധി ചുമതലകൾ വഹിച്ചിട്ടുണ്ട്. പാസ്റ്റർ പി.എൽ പരംജ്യോതി പ്രസിഡന്റായിരുന്ന ജനറൽ കൗൺസിലിൽ അംഗമായിരുന്നു. 1988 മുതൽ പിവൈപിഎ ജോയിന്റ് സെക്രട്ടറിയായും, 1985 മുതൽ തെക്കൽ മേഖലാ സെക്രട്ടറിയായും പ്രവർത്തിച്ചു.

ചെറിയ പ്രായം മുതൽ സംഘടനാ പ്രവർത്തനത്തിൽ പരിചയം ലഭിച്ച വർഗീസ് മത്തായി മലയാള മനോരമയുടെ അഖില കേരളാ ബാലജനസഖ്യം, വൈഎംസിഎയുടെ യൂണിവേഴ്സിറ്റി വിദ്യാർത്ഥി വിഭാഗമായ യൂണിവൈ യുടെ സംസ്ഥാന ചെയർമാൻ, സെക്രട്ടറി, റിട്ടയർ ചെയ്ത ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജി ചെയർമാനായിരുന്ന വൈഎംസിഎ കൊല്ലം ജില്ലാ സമിതിയിൽ അദ്ദേഹത്തോടൊപ്പം അഞ്ചുകൊല്ലം ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

Advt.


# ഐപിസി എഫ്സിആർഎ ലൈസൻസ് സർക്കാർ റദ്ദാക്കിയിട്ടില്ല: സജി പോൾ

എം.പി. ടോണി



പത്രസമ്മേളനത്തിൽ സജിപോൾ സംസാരിക്കുന്നു.

തിരുവല്ല: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ (ഐപിസി.)യുടെ വിദേശ സംഭാവന നിയന്ത്രണ ചട്ടം (എഫ്സിആർഎ) ലൈസൻസ് കേന്ദ്രസർക്കാർ റദ്ദാക്കിയെന്ന വാർത്ത വ്യാജമാണെന്ന് ജനറൽ ട്രഷറാർ സജി പോൾ പറഞ്ഞു.

2011 മുതൽ 2016 വരെയുള്ള വരവു ചെലവ് കണക്കുകളുടെ കൂടുതൽ വിശദീകരണത്തിനു വേണ്ടി കേന്ദ്ര ധനകാര്യ മന്ത്രാലയം ഐപിസിയുടെ എഫ്സിആർഎ ലൈസൻസ് മരവിപ്പിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. സർക്കാർ ഏജൻസികളിൽ നിന്നും പിഴയടയ്ക്കുന്നതിനെ സംബന്ധിച്ച് യാതൊരു നോട്ടീസും ഇതുവരെ കൈപ്പറ്റിയിട്ടില്ല.

2017-18 സാമ്പത്തികവർഷത്തെ റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിനാൽ 43 ലക്ഷം രൂപ പിഴയിട്ടുവെന്ന് ചിലർ വ്യാജപ്രചാരണം നടത്തുന്നത് ആരുടെയോ ഭാവനാസൃഷ്ടി മാത്രമാണ്. നരേന്ദ്രമോദി സർക്കാർ രണ്ടാം തവണ അധികാരമേറ്റതിനു ശേഷം എഫ്സിആർഎ ചട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തുകയും നിയമങ്ങൾ കർക്കശമാക്കുകയും ചെയ്തു.

എഫ്സിആർഎ നിയമങ്ങളിലെ മാറ്റങ്ങൾ മനസ്സിലാക്കാതെ സഭയുടെ വരവു ചെലവ് കണക്കുകൾ പഴയ രീതിയിൽ തുടർന്നുപോന്നതാണ് ലൈസൻസ് മരവിപ്പിക്കുന്നതിന് കാരണമായത്. മുൻ ഭരണസമിതിയുടെ കണക്കു സൂക്ഷിപ്പിലെ വീഴ്ചകളാണ് എഫ്.സി.ആർ.എ. പ്രശ്നങ്ങൾക്കു മുഖ്യകാരണം എന്ന് സജി പോൾ ആരോപിച്ചു.

മരവിപ്പിച്ച എഫ്സിആർഎ ലൈസൻസ് തിരികെ ലഭിക്കുന്നതിനു വേണ്ടി കേന്ദ്രമന്ത്രിയെ കണ്ട് കാര്യങ്ങൾ ബോധിപ്പിക്കുകയും ധനകാര്യ മന്ത്രാലയം ആവശ്യപ്പെട്ട വിവരങ്ങൾ ഉദ്യോഗസ്ഥരെ ധരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തിരുവല്ലയിൽ പത്രസമ്മേളനത്തിൽ ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ, ആയൂർ സെന്റർ പ്രസിഡന്റ് പാസ്റ്റർ വർഗീസ് മത്തായി എന്നിവരും പങ്കെടുത്തു.






# സാംകുട്ടി ജോൺ ചിറ്റാർ ഐപിസി കോന്നി സെന്റർ ശുശ്രൂഷകനായി ചുമതലയേറ്റു



**കോന്നി**: ഐപിസി കോന്നി സെന്റർ ശുശ്രൂഷകനായി പാസ്റ്റർ സാംകുട്ടി ജോൺ ചിറ്റാർ ചുമതലയേറ്റു. കോന്നിയിൽ കൈവെപ്പ് ശുശ്രൂഷാ സമ്മേളനത്തിൽ പാസ്റ്റർ കെ.സി. ജോൺ മുഖ്യപ്രഭാഷണം നടത്തി.

പാസ്റ്റർമാരായ രാജു പൂവക്കാല, സി.സി.ഏബ്രഹാം, ഷിബു നെടുവേലിൽ, ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ടി.പി. ദാനിയേൽ എന്നിവർ കൈവയ്പ്പ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

കേരളാ സ്റ്റേറ്റ് പ്രസ്ബിറ്ററിയാണ് സെന്റർ പാസ്റ്ററായി നിയമനം നൽകിയത്. പത്തു വർഷമായി ഐപിസി സ്റ്റേറ്റ് കൗൺസിൽ അംഗമായി പ്രവർത്തിക്കുന്ന സാംകുട്ടി ജോൺ ചിറ്റാർ പിവൈപിഎ വൈസ്പ്രസിഡന്റ്, ഐപിസി. ഹൈറേഞ്ച് മിഷൻ ചെയർമാൻ, സണ്ടേസ്കൂൾ കേന്ദ്രകമ്മിറ്റിയംഗം, തിയോളജിക്കൽ ബോർഡ് ചെയർമാൻ എന്നീ സ്ഥാനങ്ങളിൽ പ്രവർത്തിച്ച് നേതൃപാടവം തെളിയിച്ച വ്യക്തിയാണ്.

ചിറ്റാറിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സഭയായ ഐപിസിയുടെ സ്ഥപകനാണ് സാംകുട്ടി. ഐപിസി സീനിയർ പാസ്റ്റർ പരേതനായ കെ.വി.ജോൺ കായംകുളത്തിന്റെ മകനാണ്. ഭാര്യ മേരിക്കുട്ടി സാം, മക്കൾ: ഗ്ലാഡിസ് അന്ന സാം, ഗ്ലാഡ്വിൻ ജോ സാം, ഗ്ലാഡ്സി അന്ന സാം.

ജയ്മോഹൻ അതിരുങ്കൽ

# സുവിശേഷവേലയും പണസമ്പാദനവും



ദൈവവേല, അഥവാ സുവിശേഷവേലയെന്നത് ഏറ്റവും അഭികാമ്യമായ ജോലിയാണ്. ഈ ജോലിക്ക് കാര്യമായ സ്വീകാര്യത പൊതുജനത്തിനിടയിൽ ഇല്ല. ആരോടും സുവിശേഷം പറയാതെ, 'സുവിശേഷവേലയാ'ണെന്നു പറഞ്ഞുനടക്കുന്നവരുമുണ്ട്. സഭാശുശ്രൂഷകന്മാരാണ് അങ്ങനെയുള്ളവർ. ഏതാനും വർഷങ്ങൾ ഏതെങ്കിലും സഭയിലിരുന്ന്, സഭാംഗങ്ങളുടെ കാര്യങ്ങൾ മാത്രം തിരക്കി നടക്കുന്നവരാണ് അവരിൽ പലരും. പണമുണ്ടാക്കുകയെന്ന ഒരു ലക്ഷ്യമേ അവർക്കുള്ളൂവെന്നു തോന്നിയിട്ടുണ്ട്.

സുവിശേഷവേലയെന്നാൽ എന്താണെന്ന് ഒരുപാടു പേർക്കും അറിഞ്ഞുകൂടാ! വർഷത്തിൽ ഒരിക്കൽപ്പോലും ഏതെങ്കിലും സുവിശേഷപ്രവർത്തനത്തിൽ ഏർപ്പെടാത്ത സഭാശുശ്രൂഷകന്മാരുണ്ട്. അതിരുങ്കൽ സഭയിൽ മൂന്നു വർഷം ശുശ്രൂഷിച്ച ഒരാളോട് 'പാസ്റ്റർ, ഇത്രയും നാൾ ഇവിടിരുന്നിട്ട് ഏതെങ്കിലും വീട്ടിൽ കയറി, സുവിശേഷം പറഞ്ഞിട്ടുണ്ടോ'യെന്ന് ഒരു സഭാംഗം ചോദിച്ചു. അതിന് അദ്ദേഹം നൽകിയ മറുപടി: 'ഞാൻ... കുടുംബക്കാരനാ; എന്നെ അതിനു കിട്ടുകേല'. അപ്പോൾ ആ വീട്ടുകാരൻ ചോദിച്ചു: 'പിന്നെന്തിനാ ഈ പുസ്തകവുമെടുത്തോണ്ടു നടക്കുന്നത്? 'അപ്പോഴുള്ള പ്രതികരണം, 'എന്നെ കർത്താവു വിടുവിച്ചതാ' എന്നായിരുന്നു! ഏതെങ്കിലുമൊരു ഉപവാസപ്രാർത്ഥനയിൽ വച്ചോ മറ്റോ, ആരെങ്കിലും തലയിൽ കൈ വച്ചോ വയ്ക്കാതെയോ പറയുന്ന കാര്യമാണു പലർക്കും സുവിശേഷവേലയ്ക്കുള്ള വിളി. കാര്യമായ വിദ്യാഭ്യാസമില്ല, എഴുത്തും വായനയും കഷ്ടി (അക്ഷരവിദ്യ പോരാ), ജീവിക്കാനൊരു തൊഴിലിന്റെ അഭാവം എന്നിവയൊക്കെയാണു പലരെയും വേലയ്ക്കിറങ്ങാൻ പ്രേരിപ്പിക്കുന്നത്.വിദ്യാഭ്യാസമില്ലാത്ത നിരവധിയാളുകളെ, കർത്താവു നന്നായി ഉപയോഗിച്ചിട്ടുണ്ടെന്നതും പറയട്ടെ. അവരെ കർത്താവു വിളിച്ചതു തന്നെയാണ്. ഒരുപാടു പഠിച്ചവർ, ഒട്ടും പ്രയോജനപ്പെടാതെയും വന്നിട്ടുണ്ട്. ഇവിടുത്തെ വിഷയം, സ്വാർത്ഥതാത്പര്യങ്ങൾക്കു വേണ്ടിയുള്ള വേലയാണ്.

തിരുവെഴുത്തു വായിച്ചാൽ, ദൈവവേല ചെയ്തു പണക്കാരായ ആരെയും കാണുന്നില്ല! അവർ അവരുടെ ദൗത്യം നിർവ്വഹിച്ചു കഴിഞ്ഞു പോയി. ദൈവവേല ചെയ്തു പണം സമ്പാദിക്കാനോ, പണം സമ്പാദിക്കാൻ ദൈവവേല ചെയ്യാനോ പ്രമാണമില്ല. കർത്താവിന്റെ വേലക്കാരൻ, കർത്താവിന്റെ വേല ചെയ്ത് അതുകൊണ്ട് ജീവിക്കണമെന്നാണു പ്രമാണം. എന്നു പറഞ്ഞാൽ ആഹാരം കഴിക്കാം, വസ്ത്രം ധരിക്കാം, മക്കളുണ്ടെങ്കിൽ അവരെ പഠിപ്പിക്കാം, താമസ യോഗ്യമായ ഒരു വീടുണ്ടാക്കാം, യാത്ര ചെയ്യാനൊരു വാഹനം വാങ്ങാം. ഇവയൊക്കെ സാധിക്കുമ്പോൾ, അഥവാ സ്വന്തമാക്കുമ്പോൾ, 'ദൈവമക്കൾ തരുന്ന കാശാ'ണെന്ന ബോധം വേണമെന്നേയുള്ളൂ.

ഒരു പ്രൈവറ്റ് ബസിലെ കണ്ടക്റ്ററോ, അല്ലെങ്കിൽ ക്ലീനറോ, പലചരക്കുകടയിൽ സാധനമെടുത്തു കൊടുക്കാൻ നിൽക്കുന്നയാളോ രക്ഷിക്കപ്പെട്ട് സ്നാനമേറ്റ് ഒരു സ്ഥലം സഭാംഗമാകുന്നു. അയാൾക്കു ദൈവവേല ചെയ്യാനുള്ള വിളി ലഭിക്കുന്നു. ഏതെങ്കിലും ബൈബിൾ സ്കൂളിൽ ചെന്ന് പഠിക്കുന്നു. അവിടെ പഠിപ്പിക്കാൻ വരുന്നവരുടെ മട്ടും ഭാവവുമൊക്കെക്കണ്ട് അവരെപ്പോലെയാകാനുള്ള താത്പര്യമുണ്ടാകുന്നു. ബൈക്ക് വേണം, കാറു വേണം, ഗൾഫിലും അമേരിക്കയിലും പോകണം, പണം സമ്പാദിക്കണം, മാളിക വാങ്ങണം, വൻതുക സ്ത്രീധനം വാങ്ങി പെണ്ണുകെട്ടണം എന്നിങ്ങനെ ആഗ്രഹങ്ങൾ വച്ചടി കയറുകയാണ്. 'ആശയായുള്ള പാശമതിങ്കേന്നു വേർവിടാതെ കരേറുന്നു മേൽക്കുമേൽ.. ' എന്നു പൂന്താനം(?) എഴുതിയതുപോലെയാണു ദൈവവേലക്കാരുടെയും ആഗ്രഹങ്ങൾ.

കേരളത്തിൽ പ്രയോജനപ്പെടേണ്ടുന്ന പലരും പാശ്ചാത്യരാജ്യത്തു കഴിയുന്നതിന്റെ കാരണവും ഇതാണ്. ദൈവവേലക്കാരിൽ ഏറ്റവുമധികം പണം കിട്ടുന്നതു കൺവെൻഷൻ പ്രസംഗകർക്കാണ്. അവരതിന് നികുതിയൊന്നും കൊടുക്കാറില്ല. എത്ര പണം കിട്ടുന്നുണ്ടെന്ന കാര്യം അവർക്കും ദൈവത്തിനും മാത്രമേ അറിയൂ.

പ്രസിദ്ധനായ ഒരു പ്രസംഗകൻ വിദേശത്തെത്തിയപ്പോൾ, ആളുകൾ ക്യൂ നിന്നു പണം കൊടുക്കുകയായിരുന്നുപോലും! അദ്ദേഹം, കിട്ടിയ പണമെല്ലാം, അന്നാട്ടിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന മകനെ ഏല്പിച്ചിട്ടുപോന്നു. ഈ മകൻ, അപ്പനെ കവച്ചുവയ്ക്കുന്ന 'ഔദാര്യനിധി'യാണ്. ആർക്കുമൊന്നും കൊടുക്കുന്ന ശീലമില്ല. അദ്ദേഹം ആ സംഭാവനയെല്ലാം സ്വന്തം അക്കൗണ്ടിലേക്കു മാറ്റി! എന്തിനാണ് ഇങ്ങനെയുള്ളവർക്കു കൊടുക്കുന്നതെന്നു ചിന്തിക്കാനുള്ള ബോധവും ആളുകൾക്കില്ല!

എറണാകുളം ജില്ലയിൽ താമസമാക്കിയിരിക്കുന്ന ഒരു പ്രസംഗകനെക്കുറിച്ച് ഒരു യാക്കോബായക്കാരി(ഇപ്പോൾ അവർ രക്ഷിക്കപ്പെട്ടതാണ്) പറഞ്ഞ സാക്ഷ്യം കേട്ടു രോമാഞ്ചമുണ്ടായി: '.....ന്റെ പ്രസംഗവും ക്ലാസ്സുമൊക്കെ വളരെയേറെ നല്ലതാണ്. പക്ഷേ, ഇവിടെ വന്നതുപോലെയുള്ള ജീവിതമൊന്നുമല്ല ഇപ്പോൾ; ആൾ ഒരുപാടു മാറിപ്പോയി! 'നോക്കുക, പള്ളിക്കാരിയായായ അവരുടെ മനസ്സിൽ സുവിശേഷ പ്രസംഗകൻ അവശേഷിപ്പിച്ച ധാരണ!

മല്ലപ്പള്ളിയിലെ ഒരു സഭാശുശ്രൂഷകന്റെ സ്ഥലംമാറ്റ സന്ദർഭമാണ്. സഭാംഗങ്ങൾ, ഉപദേശിയുടെ സാധനങ്ങൾ ലോറിയിൽ കയറ്റുന്നു. ഫ്രിജ് കൂടാതെ, ഫ്രീസറുമുണ്ട്. ഫ്രീസറിനു നല്ല കനം. അതിലുള്ള സാധനങ്ങളെടുത്തു മാറ്റിയിട്ട് ലോറിയിൽ കയറ്റാമെന്നു പറഞ്ഞപ്പോൾ, 'ഫ്രീസർ തുറക്കാനൊക്കത്തില്ല' യെന്നായിരുന്നു ശുശ്രൂഷകന്റെ മറുപടി. അദ്ദേഹം എവിടേക്കോ മാറിയ തക്കത്തിന് മിടുക്കന്മാർ ഫ്രീസർ തുറന്നു. അമ്പരപ്പിക്കുന്ന കാഴ്ച: 'ബാസ്ക്കിൻ & റോബിൻസ്' ഐസ് ക്രീം പെട്ടിക്കണക്കിന്, കിലോക്കണക്കിനു ചെമ്മീൻ (കൊഞ്ച്) അങ്ങനെ മറ്റു പലതും. ആ സഭാംഗങ്ങളിൽ പലർക്കും അപ്രാപ്യമായ സാധനങ്ങളാണ് അതിനുള്ളിൽ. ഉപദേശിയുടെ തമ്പംഗികളായ പെൺമക്കളുടെ ഇഷ്ടഭോജ്യങ്ങളാണ് അവ! നാല്പതിനായിരം രൂപയെങ്കിലും രേഖാമൂലം വരുമാനമുള്ള ആ സഭയിൽ നിന്ന് ആ മനുഷ്യനെ നാടുകടത്താൻ അടിയല്ലാത്തതെല്ലാം (അടിപിടിയുമുണ്ടായി എന്നു കേട്ടു) നടന്നുവെന്നാണറിഞ്ഞത്. മേല്പറഞ്ഞവയൊക്കെ സംഭവങ്ങളാണ്, ഭാവനയല്ല.

ഒരു ദൈവവേലക്കാരൻ ചെലവുചുരുക്കി ജീവിക്കുന്നവനായിരിക്കണം; ധാരാളിയാകരുത്, പിശുക്കനുമാകരുത്. കൂട്ടത്തിൽ പറയട്ടെ, രക്ഷിക്കപ്പെട്ടവനാണെങ്കിലും, പിശുക്കൻ, പിശുക്കനായിത്തന്നെ തുടരുന്നതായിട്ടാണു കാണുന്നത്. ധാരാളി, ചിലപ്പോൾ മിതവ്യയം ശീലിച്ചേക്കാം.

നടന്നുപോകാവുന്നിടത്തു നടന്നു പോകണം. ബസിൽ പോകാവുന്ന സാഹചര്യമുണ്ടെങ്കിൽ, കാറൊഴിവാക്കണം. നാട്ടിലെ ഓട്ടോറിക്ഷകളിൽ ഇടയ്ക്കൊക്കെ യാത്ര ചെയ്യാം. മാറി മാറി ഓട്ടോ വിളിച്ചാൽ, അവയുടെ ഡ്രൈവർമാർക്കും നമ്മളോട് ഒരു താത്പര്യം തോന്നാം. അവരോടു കർത്താവിനെക്കുറിച്ചു പറയാനുള്ള സന്ദർഭവും ലഭിക്കും.



ഉപ്പായി മാപ്ലയെന്ന കാർട്ടൂൺ കഥാപാത്രം (റ്റോംസിന്റെ) പറഞ്ഞതുപോലെ, '.... കാറു വേണം. വൈകിട്ടു ഞാൻ നടക്കാനിറങ്ങുന്നതുപോലും കാറേലാ..' എന്നുള്ള രീതി അത്ര നല്ലതല്ല. റ്റൂവീലറൊക്കെ മിക്കവർക്കും കിട്ടിയപ്പോഴേക്കും, നാട്ടുകാരുമായുള്ള സമ്പർക്കം, പണ്ടുള്ളതുപോലെ ഇപ്പോഴത്തെ പാസ്റ്റർമാർക്കില്ലാതായി. കാൽ നൂറ്റാണ്ടു മുമ്പ് നാട്ടിലുണ്ടായിരുന്ന സഭാശുശ്രൂഷകനെക്കുറിച്ച് ഒരു ഓട്ടോ ഡ്രൈവർ പറഞ്ഞത്, ' ആ പാസ്റ്ററെയും ഭാര്യയെയും ഞങ്ങൾക്കു കാണാമായിരുന്നു, സംസാരിക്കാമായിരുന്നു. പിന്നീടു വന്നവരെയൊക്കെ ഇങ്ങനെ വണ്ടിയിൽ പോകുന്നതേ കണ്ടിട്ടുള്ളൂ. 'മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിപോലെ', ഉപദേശിസമ്പർക്കപരിപാടി', നമ്മൾ നടപ്പാക്കണമെന്നു തോന്നുന്നു.

ഒരു പാസ്റ്റർ, പ്രസംഗകൻ, സുവിശേഷകൻ, ഉപദേഷ്ടാവ്, സുവിശേഷകൻ എന്താണു ചെയ്യേണ്ടത്? അവർക്കു ലഭിക്കുന്ന പണം, ന്യായമായ ആവശ്യങ്ങൾക്കു ചെലവഴിച്ചിട്ട് ബാക്കിയുണ്ടെങ്കിൽ ദൈവിക കാര്യങ്ങൾക്കു തന്നെ ചെലവിടണം. നികുതി കൊടുക്കണമെന്നു ദൈവവചനം പറയുന്ന നിലയ്ക്ക് അതും കൊടുക്കണം (അത്ര വരുമാനമുള്ളവർ). നികുതി കൊടുക്കലിന്റെ നൂലാമാലകൾ താത്പര്യമില്ലെങ്കിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു സംഭാവന ചെയ്യാം. അതല്ലെങ്കിൽ, കർത്താവു ബോദ്ധ്യപ്പെടുത്തുന്ന മാർഗ്ഗത്തിൽ ചെലവഴിക്കാം. മരിക്കുമ്പോൾ, 'ദൈവവേല ചെയ്ത് ഞാൻ പണം സമ്പാദിച്ചിട്ടില്ല' എന്ന സാക്ഷ്യത്തോടെ മരിക്കാം.

മുണ്ടക്കയം കുട്ടപ്പൻ, എ.റ്റി.തോമസ്, സി.സി.ഏബ്രഹാം എന്നിങ്ങനെ ചർച്ച് ഓഫ് ഗോഡിൽ (മറ്റു സഭകളിലും) ലേഖകനറിയാവുന്ന ശുശ്രൂഷകന്മാരാരും തന്നെ ദൈവശുശ്രൂഷ പണസമ്പാദനത്തിന് ഉപയോഗിച്ചിട്ടുള്ളവരല്ല. അവരുടെ മക്കൾ പഠിച്ച് ഉദ്യോഗസ്ഥരായതിലൂടെ മാത്രമാണ് അവർക്കു സാമ്പത്തികമായ മെച്ചമുണ്ടായത്. എന്നിട്ടും അവർ പണക്കാരായില്ല എന്നതാണു വാസ്തവം.

ദൈവവേല ആദായസൂത്രമാക്കരുത്. ആ ആദായം മക്കൾക്കു സ്വരൂപിച്ചു വയ്ക്കരുത്.അത് അവർക്കൊരിക്കലും അനുഗ്രഹമാവുകയില്ല. അത്രയുമേ പറയുന്നുള്ളൂ.

**നീക്കിബാക്കി**

*ശരിയായി കർത്താവിനെ ശുശ്രൂഷിക്കുന്ന ഒരു കർത്തൃദാസന് ഒരിക്കലും പണം സമ്പാദിക്കാൻ കഴിയുകയില്ല എന്നതാണു ശരി. കൈയിലുള്ളതും കൂടെ ചെലവാകുകയേ ഉള്ളൂ.' ഈ കറുത്ത പുസ്തകവും ഒരു തകരപ്പെട്ടിയുമായിട്ടിറങ്ങി. ഇന്നു മുപ്പതേക്കർ റബ്ബറും രണ്ടു വീടും നാലു കാറുമുണ്ടെ 'ന്ന സാക്ഷ്യം ഒരു ദൈവദാസനും ഭൂഷണമല്ല. അയാളെ 'തസ്ക്കരശിരോമണി 'യെന്നേ വിളിക്കാനാവൂ.കാരണം, മന:സാക്ഷിയെയും പാപത്തെക്കുറിച്ചു ബോധം വരുത്തുന്ന പരിശുദ്ധാത്മാവിനെയും വഞ്ചിച്ചുകൊണ്ടേ ഇങ്ങനെയൊരു നേട്ടം കൈവരിക്കാനാവൂ.*

## അന്നമ്മ ദാനിയേലിന്റെ സഹായം വിതരണം ചെയ്തു

ന്യൂയോർക്ക് ക്രൈസ്റ്റ് അസംബ്ലി ഓഫ് ഗോഡ് സഭാംഗവും എഴുത്തുകാരിയുമായ അന്നമ്മ ദാനിയേൽ പാവപ്പെട്ടവർക്കായ് നൽകുന്ന ധനസഹായം ജൂലൈ-ഓഗസ്റ്റ് മാസം വരെയുള്ളത് അയയ്ച്ചു കൊടുത്തു.

വിധവകൾ, രോഗികൾ, സുവിശേഷകന്മാർ, നേഴ്സിംഗ് വിദ്യാർത്ഥികൾ എന്നിവർക്കാണ് സഹായം കൊടുക്കുന്നത്.

## പിവൈപിഎ കർണാടക സ്റ്റേറ്റ് യുവജന ക്യാമ്പ്

ബെംഗളൂരു: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ (ഐപിസി) കർണാടക സ്റ്റേറ്റ് യുവജന വിഭാഗമായ പെന്തെക്കോസ്തൽ യംങ് പീപ്പിൾസ് അസോസിയേഷൻ (പിവൈപിഎ) വാർഷിക ക്യാമ്പ് ഒക്ടോബർ 6 മുതൽ 8 വരെ കൊത്തന്നൂർ എബനേസർ ഇൻസ്റ്റിറ്റ്യൂഷൻസ് ഓഡിറ്റോറിയത്തിൽ നടക്കും.

ഒക്ടോബർ 6 ഞായർ വൈകിട്ട് 6ന് പി വൈ പി എ കർണാടക പ്രസിഡന്റ് പാസ്റ്റർ ലാൻസൺ പി. മത്തായിയുടെ പ്രാർഥനയോടെ ക്യാമ്പ് ആരംഭിക്കും. പാസ്റ്റർമാരായ ചെയ്സ് ജോസഫ് (കേരള), സാജൻ ജോയ് (ബെംഗളൂരു) എന്നിവർ പ്രസംഗിക്കും.




# നാഗ്പൂർ മിഷൻ ഇന്ത്യ ജൂബിലി നിറവിൽ

ദുഃഖങ്ങളുടെ നീണ്ട അനുഭവങ്ങളിലൂടെ സഞ്ചരിച്ച ഡോ. സജി ലൂക്കോസിന്റെ ബാല്യകാലം പ്രേഷിതപ്രവർത്തനങ്ങൾക്ക് ഇന്ന് ആക്കം പകരുന്നു. ഒന്നും മറന്നിട്ടില്ല. എല്ലാം ഓർമ്മയുടെ ചെപ്പിൽ സൂക്ഷിച്ചിരിക്കുന്നു. ഇടയ്ക്കിടെ ഓർക്കുമ്പോൾ കണ്ണീർ തൂകി നിർവൃതി തേടുകയാണ് പതിവ്.

വിശ്വാസജീവിതത്തിലേക്ക് കാലെടുത്തുവച്ച സജി ലൂക്കോസിന് പിതാവിൽ നിന്നും ഏൽക്കേണ്ടി വന്നത് തിക്താനുഭവങ്ങളായിരുന്നു. പതറാതെ യാത്ര ചെയ്തു. താൻ അറിഞ്ഞ സുവിശേഷ സത്യങ്ങളിൽ ഉറച്ചുനിന്നു. പൗരോഹിത്യത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച സജി ലൂക്കോസ് തന്നെ സ്വതന്ത്രനാക്കിയ യേശുവിന്റെ സുവിശേഷ പ്രചരണം ഏറ്റെടുക്കാൻ തന്നെ തീരുമാനിച്ചു.



സുവിശേഷ സത്യങ്ങൾ മനസ്സിൽ അങ്കുരിച്ചതോടെ അത് മറ്റുള്ളവരിൽ കൂടി എത്തിക്കുക എന്ന ദൗത്യം ഏറ്റെടുക്കാൻ തയ്യാറായി.



അത് 'ക്രിസ്ത്യാനികളുടെ ഇടയിൽ വേണ്ട' എന്ന താത്വികമായ ചിന്ത ഉടലെടുത്തതോടെ വടക്കേ ഇന്ത്യൻ ഗ്രാമങ്ങളെ ലക്ഷ്യം വച്ചു. 1993-ൽ നാഗ്പൂരിൽ അടിത്തറയിട്ടു. വിദേശരാജ്യങ്ങളിലെ പോലെ അല്ല ഇന്ത്യൻ ജനതയുടെ ജീവിതശൈലി എന്ന് സജി ലൂക്കോസ് തിരിച്ചറിഞ്ഞു. അവിടെ ഗ്രാമമായാലും പട്ടണമായാലും ജീവിത നിലവാരം ഒന്നു പോലെ തന്നെ.

എന്നാൽ ഇന്ത്യൻ ജനതയുടെ ജീവിതനിലവാരവും സംസ്കാരവും പട്ടണങ്ങളിൽ ഒന്ന്, ഗ്രാമങ്ങളിൽ മറ്റൊന്ന്. നരകതുല്യമായ ജീവിതം നയിക്കുന്ന ഭാരതമക്കളുടെ ഇരുണ്ട ഊരുകളിലേക്ക് ഇറങ്ങിച്ചെല്ലാൻ സജി ലൂക്കോസ് തീരുമാനിച്ചു. ലക്ഷ്യമില്ലാതെ അലയുന്ന ഇന്ത്യയുടെ ഗ്രാമീണജനതയെ ഉദ്ധരിക്കാൻ കർമ്മപദ്ധതികൾ സജിയുടെ മനസ്സിൽ രൂപംകൊണ്ടു.

അവർക്ക് നല്ല പാർപ്പിടം ഉണ്ടാകണം, മെച്ചമായ വിദ്യാഭ്യാസം ലഭ്യമാക്കണം, നല്ല ഭക്ഷണം, വസ്ത്രം, വൃത്തിയും വെടിപ്പുമുള്ള ജീവിത സാഹചര്യങ്ങൾ ഒക്കെ ലഭ്യമാക്കാനുള്ള പദ്ധതികൾ മനസ്സിലൂടെ കടന്നുപോയി. മൃഗതുല്യമായി ജീവിക്കുന്ന ഗ്രാമീണജനതയെ സംസ്കാരസമ്പന്നരാക്കാൻ 'കമ്മ്യൂണിറ്റി ഡെവലപ്മെന്റ്'' എന്ന ആശയം മനസ്സിൽ അങ്കുരിച്ചു. 'കംപാഷൻ' എന്നതാണ് സജി ലൂക്കോസിന്റെ ആപ്തവാക്യം.

അതിനായി പഠനോപകരണങ്ങൾ വിതരണം ചെയ്തു. ശുദ്ധജലം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. സ്കൂളുകളിൽ 'ബാത്ത്റൂംസ്' പണിതു നൽകുക മാത്രമല്ല, അത് വൃത്തിയായി സൂക്ഷിക്കാൻ അവരെ ബോധവൽക്കരിക്കുകയും ചെയ്തു. കുഴൽകിണറുകൾ കുഴിച്ചു നൽകി. മേഴ്സിഹോമുകളും അനാഥമന്ദിരങ്ങളും ആരംഭിച്ചു. ജീവിതം നഷ്ടപ്പെട്ട കുരുന്നുകൾക്ക് ആശാകേന്ദ്രമായി മാറി നാഗ്പൂർ മിഷൻ ഇന്ത്യ.

32 ഏക്കറിലായി വ്യാപിച്ചു കിടക്കുന്ന നാഗ്പൂർ മിഷൻ സെന്ററിൽ ടെക്നിക്കൽ സ്കൂൾ സ്ഥാപിച്ചു. കമ്പ്യൂട്ടർ പഠന സെന്ററുകളും ടെയ്ലറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ആരംഭിച്ചു. തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് ആരംഭം കുറിച്ചു. നൂറുകണക്കിന് ചെറുപ്പക്കാരെ സ്പോക്കൺ ഇംഗ്ലീഷ് പഠിപ്പിച്ചു. ഇലക്ട്രിക്, പ്ലംബിംഗ് വർക്കുകൾ പഠിച്ച് വെളിയിൽ ജോലി നേടിയവരും നിരവധിയാണ്.






കൂടാതെ സുവിശേഷീകരണ പ്രവർത്തനങ്ങളിലും മിഷൻ ഇന്ത്യ വളരെ മുന്നിലാണ്. അതിനായി സുവിശേഷകരെ ഒരുക്കിയെടുക്കാൻ വിവിധ ബൈബിൾ കോഴ്സുകൾ ആരംഭിച്ചു. എ.റ്റി.എ. അംഗീകാരമുള്ള ബൈബിൾ സെമിനാരിയിൽ ഇന്ന് 200 കുട്ടികൾ വചനം പഠിക്കുന്നു. Dip. in Th., B.Th., M.Div., M.Th. തുടങ്ങിയ കോഴ്സുകളാണ് മിഷൻ ഇന്ത്യാ സെമിനാരിയിൽ നടക്കുന്നത്. നൂറുകണക്കിന് ചെറുപ്പക്കാർ ഇവിടെ വചനം പഠിച്ച് ക്രിസ്തുവിനായി വടക്കേ ഇന്ത്യൻ ഗ്രാമങ്ങളിൽ പ്രവർത്തനനിരതരായി ശോഭിക്കുന്നു.

സൗത്ത് ഏഷ്യയെ ലക്ഷ്യമാക്കിയാണ് നാഗ്പൂർ മിഷൻ തങ്ങളുടെ പ്രവർത്തനങ്ങൾ സജീവമാക്കി വരുന്നത്. ശ്രീലങ്ക, നേപ്പാൾ, ഭൂട്ടാൻ എന്നീ രാജ്യങ്ങളിലും നൂറുകണക്കിന് 'ഹൗസ് ചർച്ചുകൾ' മിഷൻ ഇന്ത്യയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. സെമിനാരിയുടെ ഭാഗമായി ലീഡർഷിപ്പ് ട്രെയിനിംഗ് നടന്നുവരുന്നു. സുവിശേഷീകരണത്തോടൊപ്പം സഭാ സ്ഥാപനവും മിഷൻ ഇന്ത്യ ലക്ഷ്യമിടുന്നു.

ആതുരശുശ്രൂഷാരംഗത്തും മിഷൻ ഇന്ത്യ സജീവമാണ്. സംപൂർണ്ണത കൈവരിച്ചിട്ടില്ലെങ്കിലും 100 കിടക്കകളുള്ള ആശുപത്രിയും മിഷൻ ഇന്ത്യയ്ക്കുണ്ട്. ഭാവിയിൽ ഒരു നഴ്സിംഗ് സ്കൂൾ നടത്താനുള്ള ശ്രമത്തിലാണ് സജി ലൂക്കോസ്.

രണ്ടു വർഷത്തിലൊരിക്കൽ നടത്തുന്ന ഫാമിലി കോൺഫ്രൻസിൽ 2000 ത്തോളം വിശ്വാസികൾ പങ്കെടുക്കാറുണ്ട്. ലീഡേഴ്സിനും വനിതകൾക്കും യുവാക്കൾക്കും പ്രത്യേക യോഗങ്ങൾ ഇതോടൊപ്പം നടന്നുവരുന്നു.

ബിസിനസിൽ മാസ്റ്റേഴ്സ് കഴിഞ്ഞ് ഡീയർഫീൽഡ് ട്രിനിറ്റി ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.റ്റി.എച്ച്. നേടിയ സജി ലൂക്കോസ് ബെഥേൽ യൂണിവേസ്റ്റിയിൽ നിന്നും ഡോക്ടറേറ്റും നേടി.

മിഷൻ ഇന്ത്യയുടെ പ്രവർത്തനങ്ങൾ വിദേശങ്ങളിൽ നടത്തുന്നതും വ്യാപിപ്പിക്കുന്നതും Reaching Indians Ministries International (RIMI) എന്ന സ്ഥപനമാണ്. ഡോ. സജിയുടെ താമസവും ഓഫീസും ചിക്കാഗോയിലാണ്. കൊല്ലം ജില്ലയിൽ, വേങ്ങൂർ സ്വദേശിയായ സജി ലൂക്കോസിന് കരുത്ത് പകരാൻ മോനി സദാ കൂടെയുണ്ട്. ഹരിപ്പാട്, പായിപ്പാട് മാനാപ്പള്ളിൽ കൊട്ടാരത്തിൽ ബെന്നി-ബേബി ദമ്പതികളുടെ മൂന്നാമത്തെ മകൾ. 14-ാം വയസ്സിൽ അമേരിക്കയിൽ എത്തി പഠനം നടത്തി. ഭർത്താവിനോടൊപ്പം ദൈവവേലയിൽ വ്യാപൃതയാകാൻ ജോലി ഉപേക്ഷിച്ചു. ഏകമകൾ മേരിയൻ മാസ്റ്റേഴ്സ് ബിരുദം നേടി സ്കൂളിൽ ജോലി ചെയ്യുന്നു.

ഈ ജൂബിലി വർഷത്തിൽ ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്ന ഗ്രാമങ്ങളെ ദത്തെടുത്ത സജിയുടെ മുമ്പിൽ ഒരു വഴിയേ ഉള്ളൂ, ഒരു ലക്ഷ്യമേ ഉള്ളൂ. ലക്ഷ്യബോധം നഷ്ടപ്പെട്ട ജീവിതങ്ങളെ കർതൃപാദപീഠേ സമർപ്പിക്കക, അത്രമാത്രം.





**REACHING INDIANS MINISTRIES INTERNATIONAL**
1949, Old Elm Road
Lindenhurst, IL - 60046
ministry@rimi.org, www.RIMI.org

# നോർത്ത് അമേരിക്ക ഐ.പി.സി. ഈസ്റ്റേൺ റീജിയൻ വാർഷിക കൺവൻഷൻ

**ഉമ്മൻ എബനേസർ, തുമ്പമൺ**

**ന്യൂയോർക്ക്:** ഐപിസി ഈസ്റ്റേൺ റീജിയൻ വാർഷിക കൺവൻഷൻ വളരെ വിപുലമായ പരിപാടികളോടെ ന്യൂയോർക്കിൽ നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തു വരുന്നതായി റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജോസഫ് വില്യം അറിയിക്കുകയുണ്ടായി.

ഒക്ടോബർ 11,12,13 ദിവസങ്ങളിൽ ന്യൂയോർക്ക് വിസ്കാർട്ടി സെന്ററിൽ (The Viscardi Center, 201 I.U. Willers Road, Albertson, N.Y. 110507) വച്ചാണ് കൺവൻഷൻ നടക്കുന്നത്.

ഒക്ടോബർ 11-ന് വെള്ളിയാഴ്ച വൈകിട്ട് ആരംഭിക്കുന്ന സമ്മേളനം ഞായറാഴ്ച പകൽ നടക്കുന്ന സംയുക്ത ആരാധനയോടെ സമാപിക്കും. വെള്ളിയാഴ്ചയും ശനിയാഴ്ചയും വൈകിട്ട് 7 മണിക്കും, ഞയറാഴ്ച സംയുക്ത ആരാധന രാവിലെ 9 മണിക്കും ആരംഭിക്കുന്നതാണ്.

ഒക്ടോബർ 12-ന് ശനിയാഴ്ച രാവിലെ പത്തു മണിക്ക് പ്രത്യേക സെമിനാർ ഉണ്ടായിരിക്കും. "മാറുന്ന ലോകത്തിൽ മാറ്റം ഇല്ലാത്ത ദൈവവചനം" എന്ന വിഷയത്തെ ആധാരമാക്കി പ്രഭാഷണങ്ങൾ നടക്കും. ഉച്ചകഴിഞ്ഞ് 2.30 ന് സണ്ടേസ്കൂൾ വാർഷികവും നടക്കുന്നതാണ്.

മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേകമായ മീറ്റിംഗുകളാണ് സംഘാടകർ ക്രമീകരിച്ചിരിക്കുന്നത്. മലയാളം മീറ്റിംഗുകളിൽ പാസ്റ്റർ ഷിബു തോമസ് (ഒക്കലഹോമ) പ്രധാന പ്രസംഗകനായിരിക്കും. ഹെബ്രോൻ ഐപിസിയുടെ സീനിയർ


പാസ്റ്റർ ഷിബു തോമസ്


പാസ്റ്റർ ഇവാൻ സെമനുക്ക്

ശുശ്രൂഷകനായ ഇദ്ദേഹം അനുഗ്രഹീതനായ ഉണർവ്വ് പ്രസംഗകനാണ്.

ഇംഗ്ലീഷിൽ നടക്കുന്ന മീറ്റിംഗുകളിൽ പാസ്റ്റർ ഇവാൻ സെമനുക്ക് വചനശുശ്രൂഷ നടത്തും. വാഷിംഗ്ടണിലുള്ള അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷകനായ ഇദ്ദേഹം അനുഗ്രഹീത പ്രസംഗകനാണ്.

ഒക്ടോബർ 11-ന് വെള്ളിയാഴ്ച വൈകിട്ട് നടക്കുന്ന പ്രഥമ സമ്മേളനം റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജോസഫ് വില്യംസ് ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച പകൽ നടക്കുന്ന സംയുക്ത ആരാധനയോടു ചേർന്ന് നടക്കുന്ന തിരുവത്താഴ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ റീജിയനിലുള്ള വിവിധ സംസ്ഥാനങ്ങളിൽ നിന്ന് നിരവധി വിശ്വാസികളും ശുശ്രൂഷകരും എത്തിച്ചേരും.

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ വിദേശത്തുള്ള ഏറ്റവും കൂടുതൽ സഭകൾ ഉള്ള റീജിയനാണ് ഐപിസി. ഈസ്റ്റേൺ റീജിയൻ. മാസച്ചുസറ്റ്സ്, കണറ്റിക്കട്ട്, ന്യൂയോർക്ക്, ന്യൂജെഴ്സി, പെൻസിൽവേനിയ, ഡെലവെയർ, മേരിലന്റ് എന്നീ സംസ്ഥാനങ്ങളും, വാഷിംഗ്ടൺ ഡി.സി.യും ഉൾപ്പെട്ടതാണ് ഐപിസി ഈസ്റ്റേൺ റീജിയൻ. കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനു വേണ്ടി റീജിയൻ കൗൺസിലും, കൺവൻഷൻ കമ്മറ്റിയും ഭരണസമിതിയും സജീവമായി പ്രവർത്തിച്ചുവരുന്നു. മലയാളം മീറ്റിംഗുകളിൽ റീജിയൻ മലയാളം ക്വയർ ഗാനങ്ങൾ ആലപിക്കുന്നതാണ്.

റീജിയൻ പി.വൈ.പി.എ.യുടെ പ്രവർത്തനങ്ങൾ ഡോക്ടർ റോജർ സാമിന്റെയും, സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ പാസ്റ്റർ ജെയിംസ് വർഗീസിന്റെയും, സഹോദരിമാരുടെ പ്രവർത്തനങ്ങൾ സിസ്റ്റർ സോഫി വർഗീസിന്റെയും നേതൃത്വത്തിൽ നടക്കുന്നതാണ്. കൺവൻഷനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് അതിന്റെ ഭാരവാഹികളുമായി ബന്ധപ്പെടാവുന്നതാണ്.

പാസ്റ്റർ ജോസഫ് വില്യംസ് (പ്രസിഡന്റ്), (845)-893-5433; പാസ്റ്റർ മാത്യു ഫിലിപ്പ് (വൈസ്പ്രസിഡന്റ്), (267)-475-2222; പാസ്റ്റർ ബാബു തോമസ് (സെക്രട്ടറി), 516-726-0151; ബ്രജോൺസൻ ജോർജ്ജ് (ജോയിന്റ് സെക്രട്ടറി), (201)-280-5813; ബവൻ തോമസ് (516)-317-0946.

# മലയാളം സൊസൈറ്റി, ഹ്യൂസ്റ്റൻ മാധ്യമങ്ങളും വാർത്തകളും

**മണ്ണിക്കരോട് (www.mannickarotu.net)**



ഹ്യൂസ്റ്റൻ: ഹ്യൂസ്റ്റനിലെ സാഹിത്യ സംഘടനയായ മലയാളം സൊസൈറ്റിയുടെ 2019 സെപ്തംബർ സമ്മേളനം 8-ാം തീയതി ഞായർ വൈകീട്ട് 4 മണിക്ക് സ്റ്റാഫറ്ഡിലെ ദേശി ഇന്ത്യൻ റസ്റ്റോറന്റിൽ ജോർജ് മണ്ണിക്കരോിന്റെ അധ്യക്ഷതയിൽ നടത്തി. സ്വാഗതപ്രസംഗത്തിൽ മണ്ണിക്കരോട് അമേരിക്കയിലെങ്ങും അറിയപ്പെ സാഹിത്യകാരന്മാരായ ദേവരാജ് കുറുപ്പ് കാരാവള്ളിലിന്റെയും വളരെക്കാലം ഹ്യുസ്റ്റനിൽ താമസിച്ചശേഷം അറ്റ്ലാന്റയിൽ മാറി താമസിച്ച എസ്.കെ. പിള്ളയുടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

തോമസ് വർഗ്ഗീസ് ആയിരുന്നു സമ്മേളനത്തിന്റെ മോഡറേറ്റർ. തുടക്കമായി ദേവരാജിനെക്കുറിച്ചും എസ്.കെ. പിള്ളയെക്കുറിച്ചും അനുസ്മരണങ്ങൾ രേഖപ്പെടുത്തി. ആദ്യമായി ദേവരാജിന്റെ കേദാരമാനസം എന്ന കവിത ജി. പുത്തൻകുരിശ് ആലപിക്കുകയും അദ്ദേഹത്തേയും എസ്.കെ. പിള്ളയേയും അനുസ്മരിക്കുകയും ചെയ്തു. തുടര് സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവരും നിര്യാതരായവരെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവച്ചു. അമേരിക്കയിലെ മലയാള സാഹിത്യത്തിന്റെ തീരാനിഷ്ടമായി ദേവരാജ് കുറുപ്പിന്റെയും എസ്. കെ. പിള്ളയുടെയും നിര്യാണത്തെ സദസ്യർ വിലയിരുത്തി.

തുടർന്ന് എ.സി. ജോർജ് മാധ്യമങ്ങളും വാർത്തകളും എ വിഷയം അവതരിപ്പിച്ചു. ഒരാളെ നാം ആദ്യമായി കാണുമ്പോൾ എന്തൊക്കെയുണ്ട് വിശേഷങ്ങൾ, സുഖമാണോ എന്നൊക്കെ ചോദിക്കുമ്പോൾ അത് മറ്റുള്ളവരെക്കുറിച്ച് അറിയാനുള്ള മനുഷ്യരുടെ ആഗ്രഹവുമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്നും ഒരു പക്ഷെ പത്രപ്രവർത്തനത്തിന്റെ തുടക്കം അവിടെ ആയിരിക്കാം എുമുള്ള ചിന്ത അവതരിപ്പിച്ചുകൊണ്ടാണ് അദ്ദേഹം പ്രഭാഷണം ആരംഭിച്ചത്. പത്രപ്രവർത്തനത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് അദ്ദേഹം ഉദാഹരണ സഹിതം വിവരിച്ചു.

നിഷ്പക്ഷവും നിർഭയവുമായ പത്രപ്രവർത്തനമാണ് ഏവരും പ്രതീക്ഷിക്കുതെങ്കിലും ഇത് കോർപറേഷനുകളുടെയും രാഷ്ട്രീയപ്പാർട്ടികളുടെയും കടുകയറ്റത്തിൽ സാധ്യമാകുില്ല. തികച്ചും അറിവു പകരുന്ന ഒരു പ്രഭാഷണമായിരുന്നു അദ്ദേഹം നടത്തിയത്

തുടർന്ന് 'നിക്കൂടാതില്ലല്ലോ എന്റെ ഉള്ളിൽ പൂക്കാലം' എന്ന ഓണത്തിന്റെ ഉദ്ദേശ്യത്തിലേക്ക് വെളിച്ചം വീശു ലേഖനം നൈനാൻ മാത്തുള്ള അവതരിപ്പിച്ചു. ഓണത്തിന്റെ അന്തസാരങ്ങൾ ലളിതമായും ഹൃസ്വമായും എാൽ ഹൃദ്യമായി അദ്ദേഹം അവതരിപ്പിച്ചു. രണ്ടു പ്രഭാഷണങ്ങളും വളരെ ചിന്തോദ്ദീപകമായിരുുവെ് സദസ്യർ വിലയിരുത്തു.

പൊതുചർച്ചയിൽ പൊന്നു പിള്ള, നൈനാൻ മാത്തുള്ള, ചാക്കൊ മുട്ടുങ്കൽ, തോമസ് തയ്യിൽ, ടോം വിരിപ്പൻ, തോമസ് വർഗ്ഗീസ്, ജോസഫ് തച്ചാറ, ജോസഫ് പൊാലി, ടി.എൻ. സാമുവൽ, ജി. പുത്തൻകുരിശ്, ജോർജ് മണ്ണിക്കരോട് മുതലായവർ പങ്കെടുത്തു.

പൊു പിള്ള ഏവർക്കും കൃതഞ്ജത രേഖപ്പെടുത്തി. അടുത്ത സമ്മേളനം ഒക്ടോബർ രണ്ടാം ഞായറാഴ്ച (ഒക്ടോബർ 13) നടക്കുതാണ്.

മലയാളം സൊസൈറ്റിയെക്കുറിച്ച് വിവരങ്ങൾക്ക്: മണ്ണിക്കരോട് (പ്രസിഡന്റ്) 281 857 9221 (www.mannickarottu.net), ജോളി വില്ലി (വൈസ് പ്രസിഡന്റ്) 281 998 4917, പൊുപിള്ള (വൈസ് പ്രസിഡന്റ്) 281 261 4950, ജി. പുത്തൻകുരിശ് (സെക്രട്ടറി) 281 773 1217

# ബൈബിൾ ക്വിസ്സ്

മല്ലപ്പള്ളി: യു.പി.എഫിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 13 ഞായറാഴ്ച 3 മണിക്ക് സുവാർത്ത സഭാ ഓഡിറ്റോറിയത്തിൽ വച്ച് ബൈബിൾ ക്വിസ്സ് നടക്കും.

മുൻകൂട്ടി രെജിസ്റ്റർ ചെയ്തവർക്കു മത്സരത്തിൽ പങ്കെടുക്കാം.

തുടർന്ന് പാസ്റ്റർ ശേ. വി. പോത്തന്റെ അധ്യക്ഷ0തയിൽ കൂടുന്ന പൊതു സമ്മേളനത്തിൽ വച്ച് വിജയികൾക്ക് ക്യാഷ് പ്രൈസ് നൽകും.

പാസ്റ്റർ സാം പി ജോസഫ്, ബിനോയ് മാത്യു, ടി. അലക്സ്മോൻ തുടങ്ങിയവർ നേതൃത്വം നൽകും.

# ക്രൈസ്റ്റ് ഫോർ ഇന്ത്യാ മൂവ്മെന്റ് 38-ാമത് കോൺഫറൻസ് ഛത്തീസ്ഗഢിൽ

**നാഗ്പ്പൂർ:** ഇന്ത്യൻ സുവിശേഷരംഗത്ത് നിറസാന്നിദ്ധ്യമായി നിലകൊള്ളുന്ന ക്രൈസ്റ്റ് ഫോർ ഇന്ത്യാ മൂവ്മെന്റിന്റെ 38-ാമത് വാർഷിക വർക്കേഴ്സ് കോൺഫറൻസ് 2019 ഒക്ടോബർ 23, 24, 25 തീയതികളിൽ നാഗ്പ്പൂരിൽ വച്ച് നടക്കുന്നു.

ഒക്ടോബർ 23-ന് വൈകുന്നേരം 6 മണിക്ക് പ്രസിഡന്റ് പാസ്റ്റർ പോൾ മലയടി ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ പാസ്റ്റർ അനീഷ് മനോമോഹൻ (ബാംഗ്ലൂർ), രാജ്മോഹൻ (ന്യൂഡൽഹി), റവ.അബീബ് മാത്യു (ഫെയ്ത്ത് ബൈബിൾ കോളെജ്, ബോംബെ) എന്നിവർ മുഖ്യപ്രസംഗകരായിരിക്കും.

പാസ്റ്റർ സിജി തോമസ്, പാസ്റ്റർ ദാനിയൽ പോൾ, പാസ്റ്റർ ഹാരുൺ കെ. ലാൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കും.

ഹിമാചൽപ്രദേശ്, ഉത്തരാഞ്ചൽ, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ഛത്തീസ്ഗഢ്, ഒറീസ്സ, തെലുങ്കാന, കേരളം എന്നീ സംസ്ഥാനങ്ങളിൽനിന്നും പ്രവർത്തകർ എത്തിച്ചേരുന്നതാണ്. ഈ കൺവൻഷന്റെ വിജയത്തിനായി പ്രാർത്ഥിക്കുക.


തിരുവല്ലയിൽ പ്രഭാത ആരാധന
നിങ്ങളുടെ ഞായറാഴ്ച പ്രഭാതങ്ങൾ
ഇനി ദൈവസാന്നിധ്യത്തിന്റ് പ്രസന്നതയോടെ..
എല്ലാ ഞായറാഴ്ചയും രാവിലെ 6.30 മുതൽ 8.30 വരെ
തിരുവല്ല, മുത്തൂർ, ഐപിസി എബനേസർ സഭയിൽ
ഞായറാഴ്ചകളിൽ അതിരാവിലെ ദൈവത്തെ ആരാധിക്കുക!
ഒരുപക്ഷേ നിങ്ങൾക്ക് അത്യാവശ്യ യാത്രകളോ, എൻട്രൻസ് കോച്ചിങ്ങോ ഉണ്ടെങ്കിലും ആരാധന മുടക്കാതിരിക്കുക.

പാസ്റ്റർ സി.പി. മോനായി
നേതൃത്വം നൽകുന്നു.
9495614414, 0469-2731484

# ഒർലാന്റോയിൽ കെസ്റ്റർ സംഗീത സായ്ഹാനം ഒക്ടോബർ 5 ന്

**നിബു വെള്ളവന്താനം**



kester

ഫ്ളോറിഡ: ക്രിസ്തീയ സംഗീത ലോകത്തെ ഗന്ധർവ്വ ഗായകൻ കെസ്റ്ററും സംഘവും അവതരിപ്പിക്കുന്ന 'സ്നേഹാഞ്ജലി' സംഗീത ആലാപനം ഒക്ടോബർ 5 ന് ശനിയാഴ്ച വൈകിട്ട് 6 മുതൽ ഒർലാന്റോ ഐ.പി.സി ചർച്ചിൽ വെച്ച് നടത്തപ്പെടും. എക്കാലത്തെയും മികച്ച ആത്മീയ സ്പർശിയായ ക്രിസ്തീയ ഗാനങ്ങൾ ആലപിക്കുവാൻ കെസ്റ്ററിനോടൊപ്പം അനുഗ്രഹീത ഗായിക എലിസബേത്ത് രാജുവും എത്തിച്ചേരും.

ജനലക്ഷങ്ങൾക്ക് ആശ്വാസമായ സൂപ്പർ ഹിറ്റ് ഭക്തിഗാനങ്ങൾ ലൈവ് ഓർക്കസ്ട്രയുടെ അകമ്പടിയോടെ നടത്തപ്പെടുന്ന പരിപാടിയിൽ പങ്കെടുക്കുവാൻ കുറഞ്ഞ നിരക്കിലുള്ള ടിക്കറ്റുകൾക്കായി ബന്ധപ്പെടുക: www.ipcorlando.org/kester

അലക്സാണ്ടർ ജോർജ്: 407 484 8838, ബെന്നി ജോർജ്: 407 341 7963, സജിമോൻ മാത്യൂ: 407 319 2312, കോശി മാത്യൂ: 407 230 2300, സാം കുറിയാക്കോസ്: 407 574 9961, രാജു പൊന്നോലിൽ: 407 616 6247, സ്റ്റീഫൻ ഡാനിയേൽ: 407 242 3418, അലക്സ് യോഹന്നാൻ: 407 718 6037

# ഐപിസി കുടുംബ സംഗമം ലോക്കൽ കമ്മറ്റി തിരഞ്ഞെടുപ്പ് ഒക്കലഹോമയിൽ 29ന്

**നിബു വെള്ളവന്താനം**
(മീഡിയ കോർഡിനേറ്റർ)

ഒക്കലഹോമ: വടക്കേ അമേരിക്കയിലും കാനഡയിലുമുള്ള ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ 18 -ാമത് കുടുംബ സംഗമത്തിന്റെ സുഗമമായ നടത്തിപ്പിനായി പ്രാദേശിക കമ്മറ്റിയെ തിരഞ്ഞെടുത്തു

ഒക്കലഹോമ ഫസ്റ്റ് ഐപിസി ചർച്ചിൽ 29 ന് ഞായറാഴ്ച വൈകിട്ട് 5 ന് നടത്തപ്പെട്ട ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭകളുടെ ശുശ്രുഷകന്മാരും വിശ്വാസി പ്രതിനിധികളും സംബന്ധിച്ചു.

2020 ജൂലൈ 30 വ്യാഴം മുതൽ ആഗസ്റ്റ് 2 ഞായർ വരെ നോർമൻ എംബസി സ്യൂട്ട് ഹോട്ടൽ സമുച്ചയത്തിൽ വച്ച് നടത്തപ്പെടുന്ന ദേശീയ കോൺഫ്രൻസിന്റെ ചിന്താവിഷയം 'അതിരുകളില്ലാത്ത ദർശനം' എന്നതായിരിക്കും. വിശുദ്ധി, ദൗത്യം, നിത്യത എന്നിവയിലേക്കുള്ള ദർശനമായിരിക്കും ഉപവിഷയങ്ങൾ.

കോൺഫ്രൻസിന്റെ നാഷണൽ ഭാരവാഹികളായി പാസ്റ്റർ പി.സി.ജേക്കബ് (നാഷണൽ ചെയർമാൻ), ജോർജ് തോമസ് (നാഷണൽ സെക്രട്ടറി), തോമസ് കെ. വർഗീസ് (നാഷണൽ ട്രഷറാർ), ഗ്രേസ് സാമുവേൽ (ലേഡീസ് കോർഡിനേറ്റർ), ജസ്റ്റിൻ ഫിലിപ്പ് (യൂത്ത് കോർഡിനേറ്റർ) എന്നിവർ പ്രവർത്തിക്കുന്നു.

എല്ലാ ചൊവ്വാഴ്ചകളിലും സെൻട്രൽ സമയം 8 മണിക്ക് 605 313 5111 എന്ന നമ്പരിൽ പ്രയർ ലൈൻ ഉണ്ടായിരിക്കും. 171937 ○ എന്ന ആക്സസ് നമ്പറിലൂടെ ഫോൺ ലൈനിൽ പ്രവേശിക്കാവുന്നതാണ്.

# പിവൈപിഎ യുഎഇ റീജിയൻ താലന്തു ഡേ





**ഷാർജ:** യു.എ.ഇ. യിലെ വിവിധ എമിറേറ്റുകളിൽ നിന്നും പങ്കെടുത്ത നാനൂറോളം പി.വൈ.പി.എ. പ്രതിഭകൾ വർഷിപ് സെന്ററിൽ തിങ്ങിനിറഞ്ഞ സദസിനു ആവേശവും ആഹ്ലാദവും പകർന്നു.

പി.വൈ.പി.എ. യു.എ.ഇ. റീജിയൻ താലന്തു പരിശോധനയാണ് പങ്കാളിത്തം കൊണ്ടും ചിട്ടയായ ക്രമീകരണങ്ങൾ കൊണ്ടും ശ്രദ്ധേയമായത്.

നാല് വേദികളിലായി ഒൻപതു മണിക്കൂർ നീണ്ടു നിന്ന പരിപാടികൾ പരിചയസമ്പന്നരായ ജഡ്ജിങ് പാനൽ വിലയിരുത്തി.

പി.വൈ.പി.എ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ പി. എം. സാമുവേലിന്റെ അധ്യക്ഷതയിൽ ഐ.പി.സി.യു.എ.ഇ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ രാജൻ എബ്രഹാം ഉത്ഘാടനം ചെയ്തു.

അഞ്ചു റോബിൻ (ഐ.പി.സി. എബനേസർ ദുബായ്) വ്യക്തിഗത ചാംപ്യൻഷിപ്പ് കരസ്ഥമാക്കി.

ഗ്രൂപ്പ് ബൈബിൾ ക്വിസിൽ ഷാർജ വർഷിപ് സെന്റർ, ഐ.പി.സി. അബുദാബി, ഫിലദൽഫിയ ദുബായ് ന്നിവർ വിജയികളായി.

ഗ്രൂപ്പ് സോങ്ങിൽ (മലയാളം) ഷാർജ വർഷിപ് സെന്റർ, സീയോൻ അബുദാബി, ഇമ്മാനുവേൽ ദുബായ്, ഇംഗ്ലീഷ് വിഭാഗത്തിൽ ഐ.പി.സി. ഷാർജ, ശാലേം ദുബായ് എന്നിവരും വിജയിച്ചു.



ഐ.പി.സി. ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ്, പാസ്റ്റർമാരായ ഗർസിം പി. ജോൺ, സാമുവേൽ എം തോമസ്, ദിലു ജോൺ, കെ. വൈ. തോമസ്, ഷൈനോജ് നൈനാൻ തുടങ്ങിയവർ വിജയികൾക്കുള്ള ട്രോഫികൾ വിതരണം ചെയ്തു.

റീജിയൻ സെക്രട്ടറി ഷിബു മുള്ളംകാട്ടിൽ സ്വാഗതവും ട്രഷറാർ പാസ്റ്റർ സാമുവേൽ സി. ജോൺസൻ നന്ദിയും പറഞ്ഞു.

റോബിൻ സാം മാത്യു, ജെൻസൺ മാമ്മൻ എന്നിവർ താലന്തു കൺവീനർമാരായി പ്രവർത്തിച്ചു.

പാസ്റ്റർ സൈമൺ ചാക്കോ, ജോബിൻ ജോൺ, പാസ്റ്റർ ഷിബു വർഗീസ്, റ്റോജോ സാമുവേൽ എന്നിവർ നേതൃത്വം നൽകി.



# ഐപിസി ആലപ്പുഴ വെസ്റ്റ് സെന്റർ പിവൈപിഎ പ്രവർത്തന ഉത്ഘാടനം

ആലപ്പുഴ : ആലപ്പുഴ വെസ്റ്റ് സെന്റർ പിവൈപിഎ പ്രവർത്തന ഉത്ഘാടനം സെപ്റ്റംബർ 22 ഞായറാഴ്ച ഐ.പി.സി ആലപ്പുഴ എബനേസർ സഭയിൽ സെന്റർ സ്പോൺസർ മിനിസ്റ്ററും അബുദാബി ഐപിസി എബനേസർ സഭയുടെ സീനിയർ മിനിസ്റ്ററുമായ പാസ്റ്റർ സി. ജോർജ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

ആലപ്പുഴ വെസ്റ്റ് സെന്റർ മിനിസ്റ്റർ പാസ്റ്റർ എബ്രഹാം ജോർജ് 2019-22 കാലയളവിലെ പ്രവർത്തനത്തിന്റെ ഉത്ഘാടനം നിർവഹിച്ചു.

പിവൈപിഎ കേരളാ സ്റ്റേറ്റ് സെക്രട്ടറി ഇവാ. ഷിബിൻ ജി. ശാമുവേൽ മുഖ്യ സന്ദേശം നല്കി, ഡോ. ബ്ലെസ്സൺ മേമനയുടെ നേതൃത്വത്തിൽ സംഗീത ശുശ്രുക്ഷ നടത്തപ്പെട്ടു.

ഡിസ്ട്രിക്റ്റ് പിവൈപിഎ പ്രസിഡന്റ് പാസ്റ്റർ മനു വർഗീസ് പ്രവർത്തന വിശദീകരണവും വൈസ് പ്രസിഡന്റ് പാസ്റ്റർ സി. ജെഷിജുമോൻ സ്വാഗതവും ഹരിസൺ സങ്കീർത്തനം വായിക്കുകയും, മുൻ ഡിസ്ട്രിക്റ്റ് പിവൈപിഎ സെക്രട്ടറി & ട്രഷറർ മാത്യു ജെയിംസ് നിയുക്ത ഭരണസമിതി അംഗങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു.

ഡിസ്ട്രിക്റ്റ് സൺഡേ സ്കൂൾസ് അസ്സോസിയേഷൻ സെക്രട്ടറി പാസ്റ്റർ മാത്യു എബ്രഹാം ബൈബിൾ പുസ്തക ക്രമങ്ങൾ ഗാനരൂപത്തിൽ അവതരിപ്പിച്ചു.

ആലപ്പുഴ വെസ്റ്റ് സെന്റർ, സൺഡേ സ്കൂൾ, ഇവാഞ്ചലിസം ബോർഡ്, സോദരീ സമാജം എന്നിവയെ പ്രതിനിധികരിച്ചു പാസ്റ്റർമാരായ ജോസഫ് ജോൺ, തോമസ് ചാണ്ടി, ചാക്കോ ജോർജും ആനി തോമസും ആശംസകൾ അറിയിച്ചു.

ട്രഷറർ ഫെബിൻ ജെ. മാത്യു നന്ദി പ്രകാശിപ്പിച്ചു. സെന്റർ സീനിയർ മിനിസ്റ്റർ പാസ്റ്റർ എൻ. സ്റ്റീഫന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടെ സമ്മേളനം സമാപിച്ചു.



## ഒക്കലഹോമ ഐ.പി.സി. കോൺഫ്രൻസ് 2020

# പ്രവർത്തനങ്ങൾ സജീവമായി



*നാഷണൽ കൺവർ പാസ്റ്റർ പി.സി. ജേക്കബും നാഷണൽ ട്രഷറർ തോമസ് വർഗീസ് സിപിഎ യും ക്രൈസ്തവചിന്ത എഡിറ്റർ കെ.എൻ. റസ്സലിനോടൊപ്പം.*

ഒക്കലഹോമ: 2020-ലെ ഐ.പി.സി. ഫാമിലി കോൺഫ്രൻസ് ഒക്കലഹോമയിൽ നടക്കും. ജൂലൈ 20 മുതൽ ആഗസ്റ്റ് 2 വരെയാണ് യോഗങ്ങൾ നടക്കുന്നത്.

കോൺഫ്രൻസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നാഷണൽ കൺവീനർ പാസ്റ്റർ പി.സി. ജേക്കബും ട്രഷറാർ തോമസ് വർഗീസ് സിപിഎയും ക്രൈസ്തവചിന്തയോട് വിശദീകരിച്ചു.

നോർമൻ നഗരത്തിലുള്ള എംബസി സ്യൂട്ടിൽ വച്ചാണ് കോൺഫ്രൻസ് നടക്കുന്നത്. ഹോട്ടൽ ബുക്ക് ചെയ്തു കഴിഞ്ഞതായി അവർ അറിയിച്ചു. യൂണിവേഴ്സിറ്റി സിറ്റിയായാണ് നോർമൻ നഗരം അറിയപ്പെടുന്നത്.

ഡാളസിൽ നിന്നും രണ്ടര മണിക്കൂർ ഡ്രൈവ് ചെയ്തു എയർപോർട്ടിൽ നിന്നും 8 മൈൽ മാത്രം അകലെമുള്ള നോർമനിൽ എത്താം. ഹ്യൂസ്റ്റണിൽ നിന്നും ആറര മണിക്കൂർ യാത്രയേ ഉള്ളൂ.

കോൺഫ്രൻസും താമസ സൗകര്യവും ചിലയിടത്ത് രണ്ടിടത്ത് ആകാറുണ്ട്. ഇവിടെ രണ്ടും ഒരിടത്ത് തന്നെയാണ്.

ഉപദേശ പിശകില്ലാതെ പെന്തെക്കോസ്തു തനിമയോടെ ജീവിക്കുന്നവരും പ്രസംഗിക്കുന്നവരുമായിരിക്കും പ്രസംഗകർ. പരസ്യ വേദികളിൽ പ്രസംഗിക്കുന്നവരെ മാത്രമേ വിളിക്കൂ എന്നും അവർ വ്യക്തമാക്കി.

നാഷണൽ ക്വയർ ടീമായിരിക്കും പാട്ടിന് നേതൃത്വം നൽകുന്നത്. യൂത്ത് വർഷിപ്പ് ബാൻഡും 2020-ലെ കോൺഫ്രൻസിന് പാടാനെത്തും.

''അതിരുകളില്ലാത്ത ദർശനം'' എന്നതാണ് കോൺഫ്രൻസ് തീം. (Vision without boundaries സദൃശ. 29:18). തീമിനെ പ്രസംഗകർക്ക് വിഭജിച്ചു നൽകാനാണ് ഉദ്ദേശിക്കുന്നത്.

'വിശുദ്ധിയോടുള്ള വിശ്വാസികളുടെ കാഴ്ചപ്പാടുകൾ', 'സുവിശേഷദൗത്യവും ദർശനവും', 'നിത്യതയെക്കുറിച്ചുള്ള ദർശനം', 'വിശുദ്ധിയും ധാർമ്മിക മൂല്യങ്ങളും' എന്നിവയായിരിക്കും തീമിന്റെ ഉപവിഭാഗങ്ങൾ.

രജിസ്ട്രേഷൻ ഉദ്ഘാടനം ഡിസംബർ 15-ന് ഐപിസി ഹെബ്രോനിൽ നടക്കും. ഇതോടുകൂടി പ്രമോഷണൽ മീറ്റിംഗുകൾക്ക് തുടക്കമാകും. സെപ്തംബർ 29-ന് ഒക്കലഹോമയിലെ പ്രാദേശിക കമ്മറ്റിയെ തെരഞ്ഞെടുത്തു.

മെച്ചമായ ഭക്ഷണവും വിശാലമായ താമസസൗകര്യങ്ങളും ഒരുക്കുന്നതു കൊണ്ട് കോൺഫ്രൻസിൽ വലിയ ജനസാന്നിദ്ധ്യം ഉണ്ടാകുമെന്ന് പി.സി. ജേക്കബും തോമസ് വർഗീസും ക്രൈസ്തവചിന്തയോട് പറഞ്ഞു.

# ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ സമ്മേളനം അറ്റ്ലാന്റായിൽ നടന്നു

**നിബു വെള്ളവന്താനം**

**ഫ്ളോറിഡ:** ഐപിസി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ കൺവൻഷൻ സെപ്റ്റംബർ 13 വെള്ളി മുതൽ 15 ഞായർ വരെ അറ്റ്ലാന്റാ ലോറൻസ് വിൽ പ്രെയ്സ് കമ്മ്യൂണിറ്റി ചർച്ചിൽ വെച്ച് നടത്തപ്പെട്ടു. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഡോ. ജോയി ഏബ്രഹാം സമ്മേളനം ഉത്ഘാടനം ചെയ്തു. പാസ്റ്റർ എബി പീറ്റർ ത്രിദിന സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തി.

അറ്റ്ലാന്റാ ഐ.പി.സി ആതിഥ്യം വഹിച്ച കൺവൻഷനിൽ സെമിനാർ, മിഷൻ ചലഞ്ച്, സഹോദരി സമ്മേളനം, പൊതു യോഗം, സംയുക്ത ആരാധന തുടങ്ങിയവ ഉണ്ടായിരിന്നു. റിവൈൽ മിഷൻസ് യോഗത്തിൽ പാസ്റ്റർ ജോർജ് തോമസ് അദ്ധ്യക്ഷത വഹിച്ചു. വിവിധ വിഷയങ്ങളെ ആസ്പദമാക്കി പാസ്റ്റർ ഏബ്രഹാം രാജൻ പ്രസംഗിച്ചു.





ശനിയാഴ്ച ഉച്ചകഴിഞ്ഞ് നടന്ന സഹോദരി സംഗമത്തിൽ സിസ്റ്റർ ഷീലാ സ്റ്റീഫൻ അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് സിസ്റ്റർ മേരി തോമസ് ആമുഖ പ്രഭാഷണവും സിസ്റ്റർ രേഷ്മ തോമസ് (ഒക്കലഹോമ ) മുഖ്യ പ്രഭാഷണവും നടത്തി. സിസ്റ്റർ അക്സ കെ.കുര്യൻ ലഘു സന്ദേശം നൽകി. വൈസ് പ്രസിഡന്റ് സിസ്റ്റർ ഏലീയാമ്മ ഉമ്മൻ, ട്രഷറാർ ബീന മത്തായി എന്നിവർ നേതൃത്വം നൽകി.

സമാപന രാത്രിയിൽ നടന്ന പൊതുയോഗത്തിൽ റീജിയൻ സെക്രട്ടറി റവ. ബെൻ ജോൺ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ വി.പി.ജോസ്, പാസ്റ്റർ എബി പീറ്റർ എന്നിവർ തിരുവചന സന്ദേശം നൽകി. സഹോദരന്മാരായ രാജു പൊന്നോലിൽ, സജിമോൻ മാത്യൂ, നിബു വെള്ളവന്താനം എന്നിവർ ആശംസകൾ അറിയിച്ചു.

ഞായറാഴ്ച നടന്ന സംയുക്ത ആരാധന യോഗത്തിൽ പാസ്റ്റർ ഡാനിയേൽ തോമസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ റജി ഫിലിപ്പ് സങ്കീർത്തന വായനയ്ക്കും പാസ്റ്റർ ജി. ശമുവേൽ കർത്തൃമേശ സന്ദേശവും നൽകി. വിശുദ്ധ തിരുവത്താഴ ശുശ്രൂഷയ്ക്ക് റീജിയൻ പ്രസിഡന്റ് റവ. ഡോ. ജോയി ഏബ്രഹാം മുഖ്യ കാർമ്മികത്വം വഹിച്ചു. പാസ്റ്റർ സിബി കുരുവിളയുടെ നേതൃത്വത്തിലുള്ള റീജിയൻ മ്യൂസിക് ക്വയർ പ്രെയ്സ് ആൻറ് വർഷിപ്പ് ശുശ്രൂഷകൾ നടത്തി. ട്രഷറാർ ബ്രദർ അലക്സാണ്ടർ ജോർജ് സ്വാഗതവും ജോ. സെക്രട്ടറി രാജൻ ആര്യപ്പള്ളി നന്ദിയും പ്രകാശിപ്പിച്ചു.



പാസ്റ്റർ ഡോ. ജോയി ഏബ്രഹാം (പ്രസിഡന്റ്), പാസ്റ്റർ പോത്തൻ ചാക്കോ (വൈസ് പ്രസിഡന്റ്), പാസ്റ്റർ ബെൻ ജോൺ (സെക്രട്ടറി), രാജൻ ആര്യപ്പള്ളിൽ (ജോ. സെക്രട്ടറി), അലക്സാണ്ടർ ജോർജ് (ട്രഷറാർ) എന്നിവരാണ് റീജീയൻ ഭാരവാഹികൾ. ഫ്ളോറിഡ, ജോർജ്ജിയ, ടെന്നസി, സൗത്ത് കരോളിന തുടങ്ങിയ സംസ്ഥാനങ്ങളിലുള്ള ഐ.പി.സി സഭകളും ശുശ്രൂഷകന്മാരുമാണ് റീജിയനിലുള്ളത്.

# പത്തനാപുരം സെന്റർ പിവൈപിഎ ശാലേം ഫെസ്റ്റിന് സമാപനം

പത്തനാപുരം: പത്തനാപുരം സെന്റർ പിവൈപിഎ യുവജന ക്യാമ്പ് വിജയകരമായി സമാപിച്ചു.

ഐപിസി കാർമേൽ വയല സഭയും സെന്റർ പിവൈപിഎ യും ചേർന്ന് സെപ്റ്റംബർ 10 മുതൽ 12 വരെ നടന്ന സംഗമങ്ങളിൽ എഴുനൂറ്റി അമ്പതിലധികം പേർ രജിസ്റ്റർ ചെയ്തു. ഐപിസി മുൻ ആക്ടിങ് സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ് ഉത്ഘാടനം നിർവഹിച്ച യോഗങ്ങളിൽ പാസ്റ്റർ അനീഷ് തോമസ് (റാന്നി), പാസ്റ്റർ റജി ശാസ്താംകോട്ട, പാസ്റ്റർ എബി എബ്രഹാം, റവ. ജോ തോമസ്, ഡോ. എബി പി മാത്യു, പാസ്റ്റർ സാബു ആര്യപ്പള്ളിൽ, പാസ്റ്റർ തോമസ് ജോർജ്ജ്(കട്ടപ്പന), ഇവാ. ഇസ്മായേൽ, പ്രൊഫ. സാം സ്കറിയ, ഇവാ. ഫെയ്ത് ബ്ലെസ്സൻ പള്ളിപ്പാട് എന്നിവർ സംസാരിച്ചു.






കാത്തിരിപ്പ് യോഗം,താലന്ത് നൈറ്റ്, സുവിശേഷ റാലി, പരസ്യയോഗം, കൗൺസിലിംഗ്, ലവ് ജീസസ് ക്യാമ്പയിൻ എന്നിവ ശാലേം ഫെസ്റ്റിന്റ ഭാഗമായി നടന്നു.

യുവഹൃദയങ്ങളിൽ സുവിശേഷാഗ്നി കത്തിക്കാൻ പര്യാപ്തമായി പത്തനാപുരം സെന്റർ പിവൈപിഎ ഒരുക്കിയ മിഷൻ മ്യൂസിയം ആവേശകരവും ആകർഷകവുമായിരുന്നു.

പത്തനാപുരം സെന്റർ പിവൈപിഎ സംഗീത വിഭാഗം എഫ്. എം ബാൻഡ് ഗാനശുശ്രുഷക്ക് നേതൃത്വം നൽകി. സൺഡേ സ്കൂൾ സംസ്ഥാന അസ്സോസിയേറ്റ് സെക്രട്ടറി പാസ്റ്റർ സിറ്റി ജോൺ ആയിരുന്നു ക്യാമ്പ് ജനറൽ കൺവീനർ. പിവൈപിഎ സംസ്ഥാന സെക്രെട്ടറി സുവി. ഷിബിൻ. ജി ശാമുവേൽ ആണ് പത്തനാപുരം സെന്റർ പിവൈപിഎ ചുമതല വഹിക്കുന്നത്.

**മതം തീർക്കുന്ന വേലിക്കെട്ടുകൾക്ക് ഉള്ളിൽ ഒതുങ്ങാതെ കൂടുതൽ വിശാലമായി ചിന്തിക്കാൻ നമുക്കു കഴിഞ്ഞാൽ ഇതിലും ഉന്നതമായ നാം അർഹിക്കുന്ന വിജയങ്ങൾ നമുക്ക് കൈവരിക്കാൻ കഴിയും. എന്റെ മതവിഭാഗം ഒരുക്കുന്ന ഓണാഘോഷം അതല്ല എങ്കിൽ മല്ലപ്പള്ളി സംഗമം പോലുള്ള പ്രദേശിക ഓണാഘോഷങ്ങൾക്ക് ഉപരിയായി ജാതിമതപ്രാദേശിക വേലിക്കെട്ടുകൾക്കപ്പുറം മലയാളികൾ അതല്ലെങ്കിൽ ഇന്ത്യാക്കാർ എന്ന നിലയിൽ നമുക്ക് കുടിവരുവാനും സഹകരിക്കുവാനും കഴിയണം. പ്രാദേശിക സംഘടനകൾ ഓണം ആഘോഷിക്കുന്നതിൽ തെറ്റില്ല. എന്നാൽ അത് മലയാളികൾ എന്ന നിലയിൽ നമുക്ക് സഹകരിക്കുന്നതിന് തടസ്സമാവാൻ പാടില്ല.**



നൈനാൻ മാത്തുള്ള

# നിന്നെക്കൂടാതില്ലല്ലോ എന്നിൻ ഉള്ളിൽ പൂക്കാലം

ഓണം എല്ലാ മറുനാടാൻ മലയാളികളുടെയും മനസ്സിൽ ഹൃഹാതുരത്വം ഉണർത്തുന്ന ഓർമ്മകൾ സമ്മാനിക്കുന്നു. മനസ്സിൽ പച്ചപിടിച്ചുനിൽക്കുന്ന ഓർമ്മകൾ. ബാല്യകാലത്ത് നമ്മുടെയെല്ലാം നാവിൽ തുമ്പത്ത് തത്തിക്കളിച്ച രണ്ടുവരികളാണ്

'മാവേലിനാടുവാണിടും കാലം
മനുഷ്യരെല്ലാരും ഒന്നുപോലെ'

ഇന്ന് മനുഷ്യരെല്ലാവരും ഒന്നുപോലെയെന്ന് ചിന്തിക്കുക കൂടി വിഷമം-അത് ഒരു വിരോധാദാസമായി തോന്നാം. ആ വരികളുടെ പ്രശക്തി നഷ്ടപ്പെട്ടിരിക്കുന്നു. നാം അത് വിണ്ടെടുക്കേണ്ടിയിരിക്കുന്നു.

അറുപതുകളിലും എഴുപതുകളിലും മലയാളികൾ അമേരിക്കയിലേക്കു കുടിയേറി തുടങ്ങുമ്പോൾ ഒരു മലയാളിക്ക് മറ്റൊരു മലയാളിയെ കാണുമ്പോൾ നക്കിതിന്നാനുള്ള സ്നേഹം. അഞ്ചു പതിറ്റാണ്ടുകൊണ്ട് നമുക്കുവന്ന മാറ്റം ഇത്തരുണത്തിൽ ഒന്നു തിരിഞ്ഞുനോക്കേണ്ടത് ആവശ്യമാണ്.

ഇന്നു നാം സാമ്പത്തികമായി വളരെ മുന്നേറി എന്നത് വാസ്തവമാണ്. എന്നാൽ ആ മുന്നേറ്റത്തിൽ നമ്മുടെ മലയാളസംസ്കാരത്തിന്റെ ഭാഗമായിരുന്ന പലതും നഷ്ടപ്പെട്ടു എന്നു പറയാതിരിക്കാൻ വയ്യ സ്വജനസ്നേഹം, സാഹോദര്യം ഒരുമ തുടങ്ങിയ മൂല്യങ്ങൾ സാമ്പത്തികമായി മുന്നേറാനുള്ള മത്സരത്തിൽ കൈമോശം വന്നു.

ഇന്ന് നാലു മലയാളികൾ കൂടിയാൽ നാലാമനെ ചേർത്ത് മൂന്നു സംഘടനകൾ ഉണ്ടാക്കാൻ ശ്രമിക്കുമെന്ന് അതിശയോക്തി കലർത്തിയാണങ്കിലും ഒരാൾ പറഞ്ഞതിൽ കാര്യം ഇല്ലാതില്ല.

സ്വാർത്ഥതയാണ് ഇതിനെല്ലാം മുഖ്യകാരണമെന്ന് മനസ്സിലാക്കാൻ വലിയ വിഷമമില്ല. നമ്മിൽ പലരും നമുക്കുവേണ്ടി മാത്രം അതല്ല എങ്കിൽ നമ്മുടെ കുടുംബത്തിനോ മതത്തിനോ, മതവിഭാഗത്തിനോ വേണ്ടി മാത്രം ചിന്തിക്കുന്നു. വിഭാഗിയ ചിന്തകൾ നമ്മെ പല തട്ടുകളിലാക്കിയിരിക്കുന്നു.

ഈ എഴുത്തുകാരൻ മല്ലപ്പള്ളിക്കാരനായതുകൊണ്ട് മല്ലപ്പള്ളിയിൽ നിന്നുള്ളവരെ കാണുന്നതിൽ ഒരു പ്രത്യേക സന്തോഷമുണ്ട്. എന്നാൽ എനിക്കു നിലനില്ക്കാൻ മല്ലപ്പള്ളിയും എന്റെ മതവിഭാഗവും മതി, മറ്റുള്ളവരുടെ സഹകരണം ആവശ്യമില്ല എന്നത് സാമ്പത്തിക മുന്നേറ്റം നമ്മിൽ വരുത്തിയ ഒരു സ്ഥിതിവിശേഷമാണ്. നിലനില്ക്കാൻ മല്ലപ്പള്ളിപോലും വേണ്ട എന്റെ മതവിഭാഗം മാത്രം മതി എന്ന സ്ഥിതിയും ആയിട്ടുണ്ട്. കാരണം മതവിഭാഗങ്ങൾ തീർത്ത വേലിക്കെട്ടുകൾ മല്ലപ്പള്ളി സംഗമം എന്ന സംഘടനയിൽപോലും വന്ന് സഹകരിക്കുന്നതിന് പലർക്കും വിലങ്ങു തടിയായി നില്ക്കുന്നു. സാമ്പത്തിക മുന്നേറ്റത്തോടുകൂടി സ്വജനസ്നേഹം, സാഹോദര്യം, ഒരുമ മുതലായ സാംസ്കാരിക മൂല്യങ്ങൾ കൈമോശം വരുകയും അതിന്റെ സ്ഥാനത്ത് ഞാനെന്ന ഭാവവും അതിൽനിന്നുളവാകുന്ന ഈഗോയും തല ഉയർത്തിനില്ക്കുന്നു. ഇന്ന് മതമെന്ന കണ്ണടയിൽക്കൂടി മാത്രമേ പലർക്കും മറ്റുള്ളവരെ കാണുന്നതിനു സാധിക്കുന്നുള്ളു-അഞ്ചുപതിറ്റാണ്ടും സാമ്പത്തിക മുന്നേറ്റവും നമ്മിൽ വരുത്തിയ മാറ്റം!

എൺപതുകളിലും തൊണ്ണൂറുകളിലും മലയാളികൾ കൂടുതലായി അമേരിക്കയിലേക്കു ചേക്കേറിയപ്പോൾ ആരാധന അഥവ പൂജയുടെ ആവശ്യത്തിനായി നാം മതപുരോഗിതന്മാരെയോ പൂജാരികളെയോ സ്വാമിമാരെയോ ക്ഷണിച്ചുവരുത്തി; അവർ അവരുടെ സ്വാർത്ഥതാല്പര്യത്തിൽ സുരക്ഷിതത്വമില്ലാഴ്കയിൽ, ഈശ്വരവിശ്വാസക്കുറവ് കാരണം നമുക്കു ചുറ്റും വേലികൾ തീർത്തു വലിയ വലിയ ആരാധനാ സൗധങ്ങളും; അതിനകത്ത് എല്ലാ ലഭ്യമാണ് എന്നുവന്നു- ആരാധനയും പൂജയും, ആട്ടവും പാട്ടും, കായിക വിനോദങ്ങളും, വിനോദസഞ്ചാരവും എല്ലാം എല്ലാം. അവർ ദൈവത്തിന്റെ പ്രതിപുരുക്ഷന്മാരാകയാൽ അവർ പറയുന്നതെല്ലാം നാം വേദവാക്യമായി കരുതി.

ഒരു പിതാവ് തന്റെ മരണക്കിടക്കയിൽ അന്യോന്യം വഴക്കടിച്ചിരുന്ന വിഘടിച്ചിരുന്ന തന്റെ മക്കളെയെല്ലാം കൂട്ടിവരുത്തി ഓരോരുത്തർക്കും ഓരോ വടി കൊടുത്തിട്ട് അത് ഒടിക്കുവാൻ ആവശ്യപ്പെട്ടു. ഓരോരുത്തരും നിഷ്പ്രയാസം അവർക്കു കിട്ടിയ വടി ഒടിക്കുവാൻ സാധിച്ചു. എന്നാൽ വടികളെല്ലാം കുട്ടിക്കെട്ടിയപ്പോൾ ആർക്കും അത് ഒടിക്കാൻ സാധിച്ചില്ല.

കാർമേഘത്തിനിടയിലും ഒരു രജതഖേ കാണുന്നുണ്ട്. ഒരു ചെറിയ കൂട്ടമായ മലയാളി സമൂഹത്തിന്റെ കൂട്ടായ പ്രവർത്തനം കൊണ്ടു കൂടിയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പ് കെ.പി.ജോർജ് ഫോർട്ട്ഹെൻസ് കൗണ്ടി ജഡ്ജ് ആയിട്ടും കൂലി മാതയു കൗണ്ടി കോർട്ട് ജഡ്ജി ആയിട്ടും തിരഞ്ഞെടുക്കപ്പെട്ടത്. മതം തീർക്കുന്ന വേലിക്കെട്ടുകൾക്ക് ഉള്ളിൽ ഒതുങ്ങാതെ കൂടുതൽ വിശാലമായി ചിന്തിക്കാൻ നമുക്കു കഴിഞ്ഞാൽ ഇതിലും ഉന്നതമായ നാം അർഹിക്കുന്ന വിജയങ്ങൾ നമുക്ക് കൈവരിക്കാൻ കഴിയും. എന്റെ മതവിഭാഗം ഒരുക്കുന്ന ഓണാഘോഷം അതല്ല എങ്കിൽ മല്ലപ്പള്ളി സംഗമം പോലുള്ള പ്രദേശിക ഓണാഘോഷങ്ങൾക്ക് ഉപരിയായി ജാതിമതപ്രാദേശിക വേലിക്കെട്ടുകൾക്കപ്പുറം മലയാളികൾ അതല്ലങ്കിൽ ഇന്ത്യാക്കാർ എന്ന നിലയിൽ നമുക്ക് കുടിവരുവാനും സഹകരിക്കുവാനും കഴിയണം. പ്രാദേശിക സംഘടനകൾ ഓണം ആഘോഷിക്കുന്നതിൽ തെറ്റില്ല. എന്നാൽ അത് മലയാളികൾ എന്ന നിലയിൽ നമുക്ക് സഹകരിക്കുന്നതിന് തടസ്സമാവാൻ പാടില്ല.

സമാധാനം ശക്തിയിൽ കൂടിയെന്നത് പ്രസിഡന്റ് റീഗന്റെ ഒരു സന്ദേശമായിരുന്നു. നമുക്ക് ഇവിടെ നിർഭയമായി വസിക്കണമെങ്കിൽ നമുക്കുവേണ്ടി സംസാരിക്കാൻ നമ്മുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിവുള്ളവർ അധികാര കസേരകളിൽ നമുക്കു അർഹതപ്പെട്ട സ്ഥാനങ്ങളിൽ ഉണ്ടായിരിക്കണം. അതിന് നാം ഒരുമിച്ചുനിന്ന് കൂട്ടായ പ്രവർത്തനം കാഴ്ചവയ്ക്കണ്ടിയത് ആവശ്യമാണ്.

ഇന്ത്യയിൽ ഇന്നുകാണുന്ന എല്ലാ സാമ്പത്തികവും ശാസ്ത്രീയവും ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ മുന്നേറ്റങ്ങൾ നാം അതിനുവേണ്ടി ഒരുമിച്ചുനിന്ന് പ്രവർത്തിച്ചതുകൊണ്ടാണ്. ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന സ്കൂളുകളും, കോളേജുകൾക്കും ആശുപത്രികൾക്കും ചാരിറ്റി സ്ഥാപനങ്ങൾക്കും ഇന്ത്യയുടെ കെട്ടുപണിയിൽ, ഇന്ത്യയുടെ ഇന്നത്തെ ജി.ഡി.പി.-ൽ ഉള്ള പങ്ക് പലരും വിസ്മരിക്കുന്നു.

മതങ്ങൾ അമേരിക്കയിൽ മലയാളി സമൂഹത്തെ പലതട്ടുകളിലാക്കിയതുപോലെ ഇന്ത്യയിലും മതം മനുഷ്യനെ സഹകരിക്കാൻ പറ്റാത്ത വിധം പലതട്ടുകളിലാക്കിയിരിക്കുകയാണ്. ഇന്നു കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി യുടെ നയം വിഭാഗിയതയുടെ നയമാണ്. ഭൂരിപക്ഷമായ ഹിന്ദുക്കളുടെ സഹകരണം മാത്രം മതി രാജ്യം ഭരിക്കുവാൻ എന്നതാണ് അവരുടെ പ്രവർത്തികൾ വിളിച്ചറിയിക്കുന്നത്. അത് ഒരിക്കലും സ്ഥായിയായ പുരോഗമനം കൊണ്ടുവരികയില്ല. താമസിയാതെ വിഘടന വാദവും ശഥിലീകരണ ശക്തികളും തലപൊക്കും. ഇന്ത്യയെ ഒരുമിച്ചുനിർത്തിയ ഭിത്തിയിൽ വിള്ളലുകൾ വീഴാൻ അധികം സമയം വേണ്ടിവരികയില്ല. സൈനിക ശക്തികൊണ്ട് അതല്ലങ്കിൽ പോലീസ് മുറകൾകൊണ്ട് ആർ.എസ്.എസ് കായിക ബലം കോണ്ട് ഈ ഭിത്തിയിൽ പിടിച്ചുനിർത്താം എന്നു ചിന്തിക്കുന്നത് മൗഢ്യമാണ്. വിഭാഗിയതയുടെ സ്ഥാനത്ത് സ്നേഹവും സാഹോദര്യവും ഒരുമയും നിലനിൽക്കട്ടെ എന്ന് ആശിക്കുന്നു.

ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിലെയും ഇന്നത്തെ രാഷ്ട്രീയ സാമുദായിക സ്ഥിതിക്ക് ഹൈന്ദവ സഹോദരങ്ങളെ മാത്രം പഴിചാരുന്നത് ശരിയല്ല. ഓരോ സമൂഹത്തിനും അവരുടേതായ പങ്കുണ്ട്.

ഗൾഫിൽനിന്നും അമേരിക്കയിൽ നിന്നും ഒഴുകിയെത്തിയ പണം പല ക്രിസ്ത്യൻ, മുസ്ലീം സഹോദരങ്ങളുടെ ജീവിതരീതിയിൽ വലിയമാറ്റം വരുത്തുകയും, മറ്റുള്ളവരെ മറന്നുകൊണ്ടുള്ള ഈ പെരുമാറ്റങ്ങൾ ഹൈന്ദവ സഹോദരങ്ങളിൽ നിക്ഷേധാന്മകമായ വിപരീതമായ വികാരങ്ങൾ ഉളവാക്കിയെങ്കിൽ അത് സ്വാഭാവികം മാത്രം.

കൂടാതെ ഇവരിൽ ചിലർ ഹൈന്ദവസഹോദരങ്ങളുടെ മതവികാരങ്ങളെ റൃണപ്പെടുത്തുന്ന രീതിയിൽ തങ്ങളുടെ മതവിശ്വാസമാണ് ശരിയായ മതമെന്ന് പ്രചരണം നടത്തുകയും ചെയ്തു. ഹിന്ദു മതമൗലികവാദികൾ തിരിച്ച് അതുതന്നെ ചെയ്യുകയും മറ്റുമതക്കാരെ കയ്യേറ്റം ചെയ്തും പ്രശ്നം കൂടുതൽ വഷളാക്കി.

അതുകൊണ്ട് നമുക്ക് പഴയതെക്കെ മറന്ന് ആദ്യം ഉണ്ടായിരുന്നതായ സ്നേഹത്തിലേക്കും സാഹോദര്യത്തിലേക്ക് തിരിച്ചുപോകാം.

നമുക്ക് തോളോടുതോൾ ചേർന്നുകൊണ്ട് കേരളവും ഇന്ത്യയും പുതുക്കിപണിയാം. ഓരോരുത്തരും മറ്റു സഹോദരങ്ങളോട് പറയാൻ കഴിയട്ടെ, "നിന്നെക്കൂടാതില്ലല്ലോ എന്റെ ഉള്ളിൽ പൂക്കാലം". അതെ നിന്നെക്കൂടാതില്ലല്ലോ എന്റെ ഉള്ളിൽ പൂക്കാലം അതല്ല എങ്കിൽ നിങ്ങളെക്കൂടാതില്ലല്ലോ ഞങ്ങളുടെ ഉള്ളിൽ പൂക്കാലം അതുതന്നെയായിരിക്കട്ടെ നമ്മുടെ ഓണക്കാല തീരുമാനവും. നഷ്ടപ്പെട്ടുപോയ സാഹോദര്യവും സമുദായിക മൈത്രിയും സഹിഷ്ണതയും നമുക്ക് വീണ്ടെടുക്കാം.



**ക്രിസ്തുവിലൂടെ യഥാർത്ഥ വിപ്ലവം എന്തെന്ന് തിരിച്ചറിഞ്ഞ നിമിഷത്തിൽ മാണിക്കൻ നായരുടെ ജീവിതത്തിന്റെ മറ്റൊരു അദ്ധ്യായം ആരംഭിക്കുകയായിരുന്നു.**

ജോർജ്ജ് കോശി മൈലപ്ര
ഡോ. ബാബു കെ. വർഗീസ്




**ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഏലംകുളം മനയ്ക്കൽ തറവാട്ടിലെ നെല്ലുകുത്തുകാരിയുടെ മകൻ. കൗമാരത്തിൽ തന്നെ വിപ്ലവ സ്വപ്നങ്ങളെ താലോലിച്ചു. അനീതിക്കെതിരെ പടപൊരുതാനുള്ള മനക്കരുത്ത് നേടി. ഇടതുപക്ഷ തത്വശാസ്ത്രത്തോടുള്ള അഭിനിവേശം ക്രമേണ സായുധവിപ്ലവത്തിന്റെ കനൽവഴികളിലൂടെയുള്ള പ്രയാണത്തിന് പ്രേരകമായി. ഒടുവിൽ കുപ്രസിദ്ധമായ കോങ്ങാട് ജന്മി വധക്കേസിൽ പങ്കാളിയായി തടവു വരിച്ചു.**

# പ്രശ്നങ്ങളുടെ പടയണി

ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഏലംകുളം മനയ്ക്കൽ തറവാട്ടിലെ നെല്ലുകുത്തുകാരിയുടെ മകൻ. കൗമാരത്തിൽ തന്നെ വിപ്ലവ സ്വപ്നങ്ങളെ താലോലിച്ചു. അനീതിക്കെതിരെ പടപൊരുതാനുള്ള മനക്കരുത്ത് നേടി. ഇടതുപക്ഷ തത്വശാസ്ത്രത്തോടുള്ള അഭിനിവേശം ക്രമേണ സായുധവിപ്ലവത്തിന്റെ കനൽവഴികളിലൂടെയുള്ള പ്രയാണത്തിന് പ്രേരകമായി. ഒടുവിൽ കുപ്രസിദ്ധമായ കോങ്ങാട് ജന്മി വധക്കേസിൽ പങ്കാളിയായി തടവു വരിച്ചു.

ശാന്തിയും സത്യവും തേടിയുള്ള സുദീർഘമായ ഒരു യാത്രയായിരുന്നു പിന്നീട്. ആദ്ധ്യാത്മികതയുടെയും ആൾദൈവങ്ങളുടെയും പൊയ്മുഖങ്ങൾ അനാവരണം ചെയ്യപ്പെട്ടപ്പോൾ അതിനപ്പുറത്തൊന്നുമില്ല എന്ന ബോദ്ധ്യത്തിൽ ജീവിതത്തിന് പൂർണ്ണവിരാമം കുറിക്കുവാൻ ഒരുങ്ങി. തികച്ചും യാദൃശ്ചികമായി സത്യത്തിന്റെ നേർമുഖം ദർശിച്ചു. സമ്പൂർണ്ണ വിപ്ലവത്തിന്റെ തുടക്കമായിരുന്നു അത്.

ചോരയിൽ ചാലിച്ചെഴുതിയ, സമാനതകളില്ലാത്ത ജീവിതാനുഭവങ്ങളുടെ നേർക്കാഴ്ച!

1939-ലെ രണ്ടാം ലോകമഹായുദ്ധകാലത്ത് മിലിട്ടറിയിൽ നിന്ന് ഫർണീച്ചർ പണിതു കൊടുക്കുവാനുള്ള ഓർഡർ ലഭിച്ചത് മാധവൻനായരുടെ ബിസിനസിലെ ശ്രദ്ധേയമായ ഒരു വഴിത്തിരിവായിരുന്നു. സുഗമമായ ഒരു കുതിപ്പായിരുന്നു പിന്നെ കുറെക്കാലത്തേക്ക്. എന്നാൽ പെട്ടെന്നൊരു ദിവസം മെഷീന് കാര്യമായ എന്തോ തകരാർ ഉണ്ടായി. പണി മുടങ്ങി. ആവശ്യക്കാർക്ക് സമയത്തിന് സാധനങ്ങൾ കൊടുക്കാൻ കഴിയാതെയായി. ഇതിനിടെ എങ്ങനെയോ, യന്ത്രം നന്നാക്കിയെടുത്തു. പക്ഷേ രണ്ടു ദിവസമേ അതിന് ആയുസ്സുണ്ടായിരുന്നുള്ളൂ. വീണ്ടും കേടായി. അങ്ങനെ മെഷീൻ നന്നാക്കലും കേടാകലും ഒരു പതിവ് പ്രക്രിയയായിത്തീർന്നു. വിഘ്നങ്ങൾ പിടിവിടാതെ മാധവൻനായരെ അലട്ടിക്കൊണ്ടേയിരുന്നു. തൽഫലമായി കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായി.

ജോലിക്കാർക്ക് വാരാന്ത്യത്തിൽ വേതനം കൊടുക്കണം. പക്ഷേ പണമില്ല. കടബാദ്ധ്യത വർദ്ധിച്ചു. കൂനിന്മേൽ കുരു എന്നതുപോലെ ഏറ്റവും പ്രധാന യന്ത്രോപകരണവും ഒടുവിൽ പണിമുടക്ക് പ്രഖ്യാപിച്ചു. മാധവൻനായർ വല്ലാതെ തകർന്നുപോയി. 'ഇങ്ങനെ തുടർന്നിട്ട് ഇനി കാര്യമില്ല. മരിക്കുക തന്നെ.' അയാൾ തീരുമാനിച്ചു.

എന്നാൽ ഏതോ ഒരു ശക്തി അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തി. ജാതകത്തിലുമൊക്കെ കടുത്ത വിശ്വാസിയായിരുന്നതു കൊണ്ട് പ്രശ്നപരിഹാരത്തിനായി മാധവൻനായർ സമീപിച്ചത് കേരളത്തിലെ ഏറ്റവും പ്രമുഖരായ ജ്യോത്സ്യന്മാരെയായിരുന്നു. അവർ 9 ദിവസം ജ്യോത്സ്യവിചാരം നടത്തി. കവടി നിരത്തി പ്രശ്നങ്ങളുടെ കാരണം കണ്ടെത്താൻ ശ്രമം നടത്തി. കിരാതമൂർത്തിയും നാഗദേവിയും ഒന്നിച്ചു കോപിച്ചതാണെന്നും, പ്രശ്നപരിഹാരം എത്രയുംവേഗം കാണണമെന്നുമായിരുന്നു ജ്യോത്സ്യന്മാരുടെ നിർദ്ദേശം.

അങ്ങനെ ഫാക്ടറിയുടെ പരിസരത്തു തന്നെ ഒരു ക്ഷേത്രം പണിയുവാൻ തീരുമാനമായി. ശ്രീരാമനും ഹനുമാനും പ്രതിഷ്ഠ.

ഇനിയൊരു പൂജാരിയെ വേണം. ആൾ വിശ്വസ്തനായിരിക്കണം. തദ്ദേശീയർക്ക് അംഗീകാര യോഗ്യനുമായിരിക്കണം. അങ്ങനെയൊരാളിനു വേണ്ടിയുള്ള അന്വേഷണം ഒടുവിൽ എത്തിച്ചേർന്നത് മാണിക്കൻ നായരിലായിരുന്നു. സത്യത്തിൽ ഇ.എം.എസിന്റെ ജ്യേഷ്ഠൻ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് മാണിക്കനെ ശുപാർശ ചെയ്യുകയായിരുന്നു.

ജോലിക്കാർക്ക് ശമ്പളം കൊടുക്കാൻ പണമില്ലാതെ വലഞ്ഞ ആ നാളുകളിൽ മാധവൻനായർ പണക്കാരുടെ വാതിലുകളിലെല്ലാം മുട്ടി. ഒരുപാട് പേരിൽ നിന്നും കടം വാങ്ങി. ഒടുവിൽ, കടം വീട്ടാനാകാതെ ജയിലിൽ പോകേണ്ടിവരുമെന്ന അവസ്ഥയിലാണ് അയാൾ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിനെ സമീപിച്ചത്. ഒരു ദിവസം കൽപ്പാത്തി പുഴയിൽ കുളിച്ചു കയറി, ഈറനുടുത്ത് മാധവൻനായർ മനയിലെത്തി നമ്പൂതിരിപ്പാടിന്റെ മുമ്പിൽ സാഷ്ടാംഗം വീണു.

"എന്നെ രക്ഷിക്കണം." അയാൾ കേണപേക്ഷിച്ചു. ബ്രഹ്മദത്തൻ കൂടെ കൈയൊഴിഞ്ഞാൽ ഇനി ആത്മഹത്യ മാത്രമേ നിവൃത്തിയുള്ളൂ എന്ന തീരുമാനത്തിലായിരുന്നു മാധവൻനായർ. പക്ഷേ നമ്പൂതിരിപ്പാട് കൈവിട്ടില്ല. തന്റെ വസ്തുവിൽ കുറെ വിറ്റിട്ട് അദ്ദേഹം മാധവൻനായർക്ക് 15000 രൂപ കൊടുത്തു. അങ്ങനെ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് കുമാർ ഇൻഡസ്ട്രീസിന്റെ ഒരു പ്രധാന പങ്കാളിയായി മാറി. ആ ബന്ധത്തിലാണ് മാണിക്കൻനായരെ, അദ്ദേഹം കുമാർ ഇൻഡസ്ട്രീസിലെ അമ്പലത്തിലേക്ക് പേരു നിർദ്ദേശിച്ചത്.

അങ്ങനെ മാണിക്കൻ നായർ കുമാർ ഇൻഡസ്ട്രീസിന്റെ ചുറ്റുവളപ്പിനുള്ളിലെ അമ്പലത്തിലെ ആദ്യ പൂജാരിയായി നിയോഗിക്കപ്പെട്ടു. പക്ഷേ മാണിക്കൻനായർക്ക് പൂജയും പ്രാർത്ഥനയും പരിചയമില്ലല്ലോ. ഒടുവിൽ അതിനും പരിഹാരം കണ്ടു.

മങ്കര രാമാനന്ദാശ്രമത്തിലെ മഹാസിദ്ധനായ സ്വാമികൾക്ക് ശിഷ്യപ്പെട്ടാണ് പൂജകർമ്മാദികൾ പഠിച്ചത്. ചെറുപ്പത്തിൽ വസൂരി വന്ന് രണ്ടു കണ്ണുകളുടെയും കാഴ്ച നഷ്ടപ്പെട്ടിരുന്നെങ്കിലും മങ്കര സിദ്ധൻ മഹാജ്ഞാനിയായിരുന്നു. മാണിക്കൻനായർ അഞ്ചു കൊല്ലം ഒരു ശാന്തിക്കാരന്റെ തൊഴിൽ ചെയ്തു. കുമാർ ഇൻഡസ്ട്രീസ് പരിസരത്തുള്ള ക്ഷേത്രത്തിലെ പൂജാരിയായിരുന്നപ്പോൾ പട്ടാമ്പിക്കാരൻ ശങ്കുണ്ണിനായർ എന്ന ഒരു കമ്പനി ജീവനക്കാരൻ മാണിക്കന്റെ ഉറ്റ സുഹൃത്തായിരുന്നു. അയാൾ മാണിക്കന് നിരോധിത മാസികകൾ നൽകും. വിപ്ലവപാഠങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്യും.

കമ്മ്യൂണിസത്തെപ്പറ്റി കൂടുതൽ സ്റ്റഡി ക്ലാസ്സുകൾ എടുത്ത് മാണിക്കനെ ഒരു കറതീർന്ന കമ്മ്യൂണിസ്റ്റുകാരനാക്കിത്തീർത്തത് ശങ്കുണ്ണിനായരായിരുന്നു. ഒരു പൂജാരിയുടെ ജോലിയാണ് ചെയ്യുന്നതെങ്കിലും മാണിക്കന്റെ കമ്മ്യൂണിസ്റ്റ് മനസ്സിന് ചെയ്യുന്നതൊന്നും ഉൾക്കൊള്ളാനാവുമായിരുന്നില്ല. കണ്ണുണ്ടെങ്കിലും കാണാത്ത, വായുണ്ടെങ്കിലും സംസാരിക്കാത്ത, ചെവിയുണ്ടെങ്കിലും കേൾക്കാത്ത, വെറും നിർജ്ജീവ വിഗ്രഹങ്ങളല്ലേ ഇവ. മനുഷ്യർ കടഞ്ഞെടുത്ത ഈ കൽപ്രതിമകൾക്ക് പാലും പഞ്ചാമൃതവും കൊടുക്കുന്നതിലെന്താണ് പ്രസക്തി? തന്നേക്കാൾ ശക്തിയുണ്ടെന്ന് തോന്നിക്കുന്ന മൃഗങ്ങളെയും പ്രകൃതിയേയും മഴയേയും കൊടുങ്കാറ്റിനെയുമൊക്കെ മനുഷ്യൻ എന്തിന് ആരാധിക്കണം? ഇതെല്ലാം മനുഷ്യന്റെ ചൊൽപ്പടിയിൽ നിൽക്കേണ്ടതല്ലേ? മാണിക്കൻനായരുടെ യുക്തിചിന്തകൾ വിശ്വാസത്തിന്റെ നേർത്ത സ്തരത്തിൽ നിരവധി തുളകൾ വീഴ്ത്തി.

*(തുടരും)*

## പിവൈസിക്ക് പുതിയ നേതൃത്വം


അജി കല്ലുങ്കൽ


റോയിസൺ ജോൺ


ഫിലിപ്പ് എബ്രഹാം


ഷൈജു ഞാറക്കൽ


ജോജി ഐപ്പ് മാത്യു

**തിരുവല്ല:** മലയാള പെന്തക്കോസ്തു യുവജനങ്ങളുടെ ഐക്യവേദിയായ പെന്തക്കോസ്തു യൂത്ത് കൗൺസിലിന്റെ പുതിയ സംസ്ഥാന പ്രസിഡണ്ടായി അജി കല്ലുങ്കലും (ഐപിസി) സെക്രട്ടറിയായി പാസ്റ്റർ റോയിസൺ ജോണിയും (എ.ജി) ട്രഷററായി പാസ്റ്റർ ഫിലിപ്പ് എബ്രഹാമും (ശാരോൻ) സ്റ്റേറ്റ് കോർഡിനേറ്ററായി പാസ്റ്റർ ഷൈജു ഞാറക്കലും (ചർച്ച് ഓഫ് ഗോഡ്) തെരഞ്ഞെടുക്കപ്പെട്ടു. ജോജി ഐപ്പ് മാത്യുസാണ് എക്സിക്യൂട്ടിവ് കമ്മിറ്റി ചെയർമാൻ. പാസ്റ്റർ ലിജോ കെ ജോസഫ് (ഡിപ്പാർട്ട്മെന്റ്സ് ചെയർമാൻ), ബ്ലസിൻ ജോൺ മലയിൽ (അഡ്മിനിസ്ട്രേഷൻ ചെയർമാൻ), ജിനു വർഗീസ് (സോണൽ ചെയർമാൻ) എന്നിവരെ തെരഞ്ഞെടുത്തു.

വൈസ് പ്രസിഡന്റുമാരായി പാസ്റ്റർ സാം ഇളമ്പൽ (സി.എ), ഇവാ.അജു അലക്സ് (പിവൈപിഎ), പാസ്റ്റർ സോവി മാത്യു (സിഇഎം), പാസ്റ്റർ പി എ ജെറാൾഡ് (വൈപിഇ), പാസ്റ്റർ ഷിബു മാത്യു (വൈപിസിഎ), പാസ്റ്റർ മാത്യു സാമുവേൽ (വൈപിഇ റിജിയൺ) എന്നിവരും ജോ. സെക്രട്ടറിമാരായി പാസ്റ്റർ സാം പീറ്റർ (ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച്), പാസ്റ്റർ തേജസ് ജേക്കബ് വർഗിസ് (ഫിലെദൽഫിയ), നിബു അലക്സാണ്ടർ (ഡബ്ല്യുഎംഇ), പാസ്റ്റർ ജയശങ്കർ ജി എസ് (പി.എം ജി) എന്നിവരും പ്രവർത്തിക്കുന്നു.

# കർത്താവേ ഞാൻ ഇവിടെ തനിച്ചാണ്

(17-ാം പേജ് തുടർച്ച)

ല്ലാമെല്ലാം സഭയ്ക്കു വേണ്ടി മാത്രം. മഠത്തിൽ ചേർന്ന ശേഷം ഡിഗ്രിയും ബി. എഡും പൂർത്തിയാക്കി ഞാൻ അധ്യാപികയായി. ഇപ്പോൾ മാനന്തവാടി ദ്വാരകയിലെ സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപികയാണ്. 34 വർഷമെന്നത് ഒരു മനുഷ്യജീവിതത്തിലെ വലിയൊരു കാലഘട്ടമാണെന്ന് കണക്കു ടീച്ചർ കൂടിയായ എനിക്കറിയാം. യേശുവിനെ പൂർണ്ണമായും പിന്തുടരാൻ ഇറങ്ങിത്തിരിച്ച എനിക്ക് നേരിടേണ്ടിവന്നത് കനത്ത പ്രതിസന്ധികളായിരുന്നു. ഇന്ന്, 54-ാം വയസ്സിൽ റിട്ടയർ ചെയ്യാൻ രണ്ടു വർഷം മാത്രം ബാക്കിനിൽക്കുമ്പോൾ സഭയ്ക്ക് ഞാൻ വെറുക്കപ്പെട്ടവളാണ്. സഹ കന്യാസ്ത്രീകളെല്ലാം ശത്രുവിനെപ്പോലെ എന്നോട് അകലം പാലിക്കുന്നു. ഏററവും അടുത്ത കൂട്ടുകാരായി കരുതിയവർ പോലും അപമാനിക്കുന്നു. പ്രീഡിഗ്രിക്കാലം മുതൽ എനിക്കൊരു ആത്മസുഹൃത്തുണ്ടായിരുന്നു. ഞങ്ങൾ തമ്മിൽ പങ്കുവയ്ക്കാത്ത രഹസ്യങ്ങളില്ല. എന്റെ വീട് അവരുടെയും വീടായിരുന്നു. വീട്ടിൽ വന്ന് അവർ താമസിക്കാറുണ്ടായിരുന്നു. മാതാപിതാക്കളും സഹോദരങ്ങളുമെല്ലാം അവരെ ഞങ്ങളുടെ വീട്ടിലെ അംഗമായി കരുതി. ഞങ്ങൾ ഒരുമിച്ചാണ് മഠത്തിൽ ചേർന്നത്. ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷന്റെ മാനന്തവാടി സെന്റ് മേരീസ് പ്രൊവിൻഷ്യൽ സുപ്പീരിയറാണിപ്പോൾ ആ സിസ്റ്റർ. ഒരിക്കൽ അമ്മയെന്ന് വിളിച്ചിരുന്ന അവരാണ് 84 വയസ്സായ വയോധികയായ എന്റെ അമ്മയെ, ഇപ്പോൾ 'ചേടത്തി' എന്ന് സംബോധന ചെയ്ത്, എന്നെ മഠത്തിൽ നിന്ന് കൊണ്ടുപൊയ്ക്കോളൂ എന്ന് കത്തെഴുതിയത്. ഇത്രമാത്രം അപഹസിക്കപ്പെടാൻ ഞാൻ ചെയ്ത തെറ്റെന്താണ്? സാമൂഹികമാധ്യമത്തിലൂടെയും അല്ലാതെയും ഒട്ടേറെപ്പേർ എന്നോട് ചോദിക്കുന്ന ചോദ്യമാണിത്.

**തെറ്റുകളുടെ പട്ടിക**

കവിതയെഴുതി, സി.ഡി. ഇറക്കി, ഡ്രൈവിംഗ് ലൈസൻസ് എടുത്തു, കാർ വാങ്ങി, ചുരിദാർ ധരിച്ചു ഇതൊക്കെയാണ് എന്നിൽ ചാർത്തപ്പെട്ട കുറ്റങ്ങൾ. ഇതിനൊക്കെ അപ്പുറത്ത് മറ്റൊരു തെറ്റു കൂടിയുണ്ട്. ബിഷപ്പ് ഫ്രാങ്കോ പീഡിപ്പിച്ച കന്യാസ്ത്രീക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സമരപ്പന്തലിലെത്തി സംസാരിച്ചു! എല്ലാറ്റിനും കാരണങ്ങളുണ്ടെനിക്ക്. ഞാൻ കവിതയെഴുതിയത് സുവിശേഷീകരണത്തിനാണ്. പ്രകൃതിയും ദൈവവുമാണ് വിഷയം. ഒരു മഠത്തിന്റെ സുപ്പീരിയറായിരുന്ന ഞാൻ ബെംഗളുരുവിൽ ഒരു വർഷത്തേക്ക് 'സമർപ്പിത ജീവിതം' എന്ന കോഴ്സിന് പഠിക്കാൻ മഠം നിർബന്ധപൂർവ്വം അയച്ചപ്പോൾ എഴുതിയ കവിതകളാണവ. ലോസ് ഓഫ് പേ എടുത്താണ് പോയത്. മഠം അധികാരികളുടെ കടുത്ത മാനസികപീഡനങ്ങളിലൂടെ ഞാൻ കടന്നുപോയ സമയമായിരുന്നു അത്. അസൂയയും അപമാനിക്കലുകളും നേരിട്ട അക്കാലത്ത് ഞാൻ പക്ഷേ പ്രതികരിച്ചതേയില്ല. കവിതയിലൂടെ ഞാൻ മാനസികപീഡനങ്ങളെ അതിജീവിച്ചു. 2015-ലാണ് ഇത് പ്രസിദ്ധീകരിക്കാൻ അനുമതി ചോദിച്ചത്. മറുപടി കിട്ടിയില്ല. 'മനുഷ്യാ, നീയാണ് മതമെന്നറിയുക, നിന്നുടെ മനമല്ലേ ദേവാലയം...' എന്നു തുടങ്ങുന്ന കവിതകൾ. പിന്നെ ഭക്തിഗാനങ്ങൾ എഴുതി. അത് സി.ഡി.യാക്കാനുള്ള അനുവാദം ചോദിച്ചതും നിഷേധിച്ചു. ആഗ്രഹം ഉള്ളിലൊതുക്കി ഞാൻ മുന്നോട്ടു പോയി.

**സീറോ ബാലൻസ് അക്കൗണ്ടുമായി ജീവിതം**

എന്റെ ജീവിതത്തിലെ പ്രധാന വഴിത്തിരിവ് 2017-ലാണ് സംഭവിച്ചത്. എയ്ഡഡ് സ്കൂൾ ടീച്ചറായ എനിക്കന്ന് 50,000 രൂപയോളം ശമ്പളമുണ്ട്. ജോലി ചെയ്യുന്നു എന്നല്ലാതെ അതിൽ നയാപൈസ പോലും സ്വന്തമായി എടുക്കാതെ എന്റെ അക്കൗണ്ടിൽ നിന്ന് എഫ്.സി.സി.യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് പതിവ്. സീറോ ബാലൻസ് ട്രാൻസ്ഫർ. പൊതുചെലവുകളെല്ലാം മഠത്തിന്റെ വകയാണ്. അല്ലാതെ ശമ്പളത്തിൽ നിന്ന് സ്വന്തമായി ഒരു രൂപ പോലും എടുക്കാൻ അനുവാദമില്ല. സ്കൂളിൽ വെച്ച് ചായ കുടിക്കണമെങ്കിൽ പോലും പ്രോവിൻസ് ഹൗസിൽ പോയി ട്രഷററെ കാത്തുനിന്ന് കണ്ട് 36 രൂപയുടെ വൗച്ചർ കൊടുത്ത് പൈസ വാങ്ങി വരണം. ഫോൺ റീചാർജ് ചെയ്യാനോ അതുപോലുള്ള സ്വകാര്യ ആവശ്യങ്ങൾക്കോ എല്ലാം ഇങ്ങനെ ഇരന്നു വാങ്ങേണ്ടി വരുന്ന ഗതികേട്. അത് കന്യാസ്ത്രീകളുടെ പൊതു അനുഭവമാണ്. മഠത്തിനു വേണ്ടി എന്നെപ്പോലുള്ളവർ എടുക്കുന്ന കൂലിപ്പണിക്ക് സർക്കാർ നൽകുന്ന ശമ്പളം മുഴുവൻ മഠത്തിന്റെ ഖജനാവിലേക്ക് ഒഴുകുകയാണ്. അതിൽനിന്ന് ഒരു രൂപ വേണമെങ്കിൽ കാലുപിടിക്കണം. ഈ അവസ്ഥയെ ഗതികേട് എന്നല്ലാതെ എന്താണ് പറയുക?

ഇക്കാലത്ത് എന്റെ അടുത്ത ഒരു ബന്ധു എന്നോട് പതിനായിരം രൂപ ചോദിച്ചു. മുപ്പതു വർഷത്തെ ലക്ഷക്കണക്കിനു രൂപ ശമ്പളം ഒരു പൈസ പോലും എടുക്കാതെ മഠത്തിന്റെ അക്കൗണ്ടിലേക്ക് സീറോ ബാലൻസ് ട്രാൻസ്ഫർ ചെയ്ത ഞാൻ പതിനായിരം രൂപ വേണമെന്ന് മദറിനോട് ആവശ്യപ്പെട്ടു. അന്ന് ആദ്യമായാണ് വ്യക്തിപരമായ ആവശ്യത്തിന് ഞാൻ പണം ചോദിച്ചത്. ബന്ധുവിന്റെ പേരുവിവരമൊന്നും നൽകിയില്ല. അതു കാരണം വ്യക്തത കുറവാണെന്നു പറഞ്ഞ് അവർ അപേക്ഷ നിഷേധിച്ചു. വയോധികയായ അമ്മയെ കാണാൻ പോകുമ്പോൾ പോലും വെറുംകൈയോടെ പോകാറുള്ള എനിക്ക് ഇതൊരു അടിയായി. ജോലിക്കു പുറമെ എന്നെ ഏല്പിച്ച ഇടവകപ്പള്ളിയിലെ ചുമതലകളും കൃത്യമായി ചെയ്തിരുന്ന എന്റെ ആദ്യമായുള്ള ന്യായമായ ഒരാവശ്യം നിഷേധിച്ചത് എന്നെ വേദനിപ്പിച്ചു. അതോടെ ഞാനൊരു തീരുമാനമെടുത്തു. എന്റെ അക്കൗണ്ടിൽ നിന്ന് പിന്നെ ഞാൻ ശമ്പളം കൊടുത്തിട്ടില്ല.

കവിത പ്രസിദ്ധപ്പെടുത്തുന്നത് നിഷേധിച്ചതിനെ തുടർന്ന് എന്റെ ശമ്പളത്തിൽ നിന്ന് പണം മുടക്കി അടിപ്പിച്ചു. പ്രസ്സിൽ വച്ചു തന്നെ പുസ്തകം ലളിതമായി പ്രകാശനം ചെയ്തു. ആ കവിതാ സമാഹാരം ആരും വാങ്ങരുതെന്ന് മാനന്തവാടി രൂപത മുഴുവൻ സഭ കർശന നിർദ്ദേശം നൽകി. ഭക്തിഗാനങ്ങൾ സി.ഡി.യാക്കാൻ അനുവാദം ചോദിച്ചത് പ്രൊവിൻഷ്യാളിന്റെ ചുമതല വഹിച്ചിരുന്ന ഗൈനക്കോളജിസ്റ്റ് കൂടിയായ സിസ്റ്റർ സ്റ്റെഫിനയോടായിരുന്നു. വിദ്യാസമ്പന്നയായ സിസ്റ്ററും അനുമതി നിഷേധിച്ചു. പക്ഷേ, ഞാൻ സി.ഡി. ഇറക്കി. സിനിമാനടൻ സ്ഫടികം ജോർജ്ജാണ് ഇത് പ്രകാശിപ്പിച്ചത്. തുടർന്ന് ഡ്രൈവിംഗ് പഠിക്കാനുള്ള അനുവാദം ചോദിച്ചു, നിഷേധിക്കപ്പെട്ടു. ഞാൻ പക്ഷേ, ഡ്രൈവിംഗ് പഠിച്ചു. ലൈസൻസ് എടുക്കാനുള്ള അനുവാദം ചോദിച്ചപ്പോഴും നിഷേധിച്ചു. ഇവിടെ വർഷങ്ങളായി ഇരുചക്രവാഹനം ഓടിക്കുന്ന കന്യാസ്ത്രീകളുണ്ട്. കാറും ജീപ്പും ഓടിക്കുന്ന എത്രയോ കന്യാസ്ത്രീകളുണ്ട് കേരളത്തിൽ. പിന്നെ എനിക്കു മാത്രം എന്താണ് വിലക്ക്? ഞാൻ ലൈസൻസിന് അപേക്ഷിച്ചു, കിട്ടി. പിന്നെ കാർ വാങ്ങാൻ അനുവാദം ചോദിച്ചു, അതും നിഷേധിച്ചു. ഞാൻ പക്ഷേ, ചെയ്യേണ്ടതു ചെയ്തു. ഏറ്റവും ചെലവു കുറഞ്ഞ ആൾട്ടോ കെ-10 ആണ് വാങ്ങിയത്.

എനിക്കൊരു ദീർഘവീക്ഷണമുണ്ട്. റിട്ടയർ ചെയ്യാൻ രണ്ടു വർഷമേയുള്ളൂ. അതുകഴിഞ്ഞാൽ മുഴുവൻസമയ സാമൂഹികപ്രവർത്തനത്തിലേക്കു മാറും. അപ്പോൾ കാർ കൂടിയേ തീരൂ. ഞാനിപ്പോൾ എം.എസ്.ഡബ്ല്യൂ. വിന് ചേർന്നുകഴിഞ്ഞു.

**തിരുവസ്ത്രത്തിലെന്തു കാര്യം?**

പലരും ചോദിക്കാറുണ്ട്: ചുരിദാറിലേക്ക് മാറണമെന്ന് സിസ്റ്റർക്കെന്താ ഇത്ര നിർബന്ധം? ആറു വർഷം മുമ്പ് ഞാൻ ചുരിദാറിലേക്ക് മാറാൻ അനുവദിക്കണമെന്ന് അപേക്ഷ കൊടുത്തതാണ്. ശാരീരിക പ്രശ്നമാണ് കാരണം. പോളിസ്റ്റർ അലർജിയാണെനിക്ക്. ചൂടുകാലമാകുമ്പോഴേക്ക് അസഹ്യമാകും. ശിരോവസ്ത്രത്തിനു കീഴിൽ എന്റെ നിറുകയിൽ മുടിയില്ല. ഈ ശാരീരിക അസ്വസ്ഥതകളിൽ നിന്നു രക്ഷപ്പെടാനാണ് ചുരിദാർ അനുവദിക്കാൻ അപേക്ഷിച്ചത്. ഇതും നിരസിച്ചു. തിരുവസ്ത്രമെന്നാൽ അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ വിയർത്തു കുതിർന്ന വസ്ത്രമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അല്ലാതെ വിയർക്കാത്തവരുടെ യൂണിഫോമല്ല. കേരള കന്യാസ്ത്രീകൾ മാത്രമാണ് തിരുവസ്ത്രത്തിൽ അള്ളിപ്പിടിച്ചു കിടക്കുന്നത്. ഇറ്റാലിയൻ കോൺഗ്രിഗേഷനു കീഴിലുള്ള സന്യാസിനിമാർക്ക് അവർക്കിഷ്ടമുള്ള വേഷം തിരഞ്ഞെടുക്കാം. കേരളത്തിൽ തന്നെ സാരി ധരിക്കുന്ന കന്യാസ്ത്രീകളില്ലേ? ഫ്രാങ്കോ ബിഷപ്പും റോബിനച്ചനും തിരുവസ്ത്രത്തിന് എന്തെങ്കിലും വില കല്പിച്ചിട്ടുണ്ടോ? എന്നിട്ട് തിരുവസ്ത്രം എന്നും പറഞ്ഞ് ചാകുന്നതെന്തിനാണ്? ശാരീരിക ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് കാലാവസ്ഥയ്ക്കിണങ്ങുന്ന വേഷം ധരിച്ച് സന്യാസം പൂർത്തിയാക്കാൻ ഞാൻ സ്വയം അനുവാദം എടുത്തു കഴിഞ്ഞു.

**വഞ്ചി സ്ക്വയറിലെ സമരപ്പന്തലിൽ**

എനിക്കെതിരെ അപമാനശ്രമം നടത്തുന്നതിനു പിന്നിൽ ബിഷപ്പ് ഫ്രാങ്കോയുടെ ആളുകളുണ്ട്. സമരപ്പന്തലിൽ പോയത് എന്റെ സഹജീവിയായ കന്യാസ്ത്രീയോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാനാണ്. സംസാരിക്കുകയും ചെയ്തു. അത് തെറ്റായി തോന്നുന്നില്ല. അവർക്ക് നീതി കിട്ടണം. സഭ കൈവിട്ടതോടെ ആ കന്യാസ്ത്രീകൾക്കൊപ്പം ആരുണ്ട്? ഇരയ്ക്കു വേണ്ടി ശബ്ദം ഉയർത്തിയില്ലെങ്കിൽ എന്റെ ക്രിസ്തീയത കൊണ്ട് എന്തു ഫലം? വേദനിക്കുന്നവന്റെ കണ്ണീരൊപ്പാനാണ് യേശുവും പറഞ്ഞത്.

**സി.സി. ക്യാമറകളുടെ വലയത്തിൽ ജീവിതം**

സ്വകാര്യത നിഷേധിക്കപ്പെട്ട ജീവിതമാണ് മഠത്തിൽ ഇപ്പോൾ എന്റേത്. പുറത്ത് പത്തോളം ക്യാമറകൾ. ഇതു പോരാഞ്ഞ് ഞാൻ കുളിക്കാൻ പോകുന്നതും ടോയ്‌ലറ്റിൽ പോകുന്നതും ഒപ്പിയെടുക്കാൻ പാകത്തിന് മുറിയുടെ മുന്നിൽ വെച്ച രണ്ടു ക്യാമറകൾ. രണ്ടാംനിലയിലെ എന്റെ മുറിയിൽ റോക്കറ്റിലാരും വരില്ലല്ലോ. ഞാനിപ്പോൾ സുരക്ഷാ പ്രശ്നങ്ങൾ നേരിടുകയാണ്. ശത്രുപാളയത്തിൽ ഞാനൊറ്റയ്ക്കാണ്. യേശു മാത്രമാണ് എനിക്കൊപ്പമുള്ളത്. അതിൽ ഞാൻ ജീവിക്കുന്നു. രാത്രിയിലെ ചൂടിൽ നിശാവസ്ത്രം ധരിച്ചുറങ്ങുന്ന എനിക്ക് ടോയ്‌ലറ്റിൽ പോകണമെങ്കിൽ വേഷം മാറേണ്ട ഗതികേട്. അല്ലെങ്കിൽ ലോകം പിറ്റേന്നു കാണുക നിശാവസ്ത്രം ധരിച്ച എന്നെയാണ്. കാണട്ടെ. ഇതൊക്കെ ചെയ്യുന്നത് ഇപ്പോൾ പൊതുജനം അറിഞ്ഞുകഴിഞ്ഞു. ഇനിയും എന്തൊക്കെയോ കൈവശം ഉണ്ടെന്നും പുറത്തുവിടുമെന്നും പേടിപ്പിക്കുന്നുണ്ട്. അതും പുറത്തുവിടട്ടെ. നിശാവസ്ത്രം ധരിച്ച് ടോയ്‌ലറ്റിൽ പോകുന്നതും ഉടുപ്പ് പൊക്കിപ്പിടിച്ച് നടന്നുപോകുന്നതും ഒക്കെയേ അവരുടെ പക്കലുണ്ടാവൂ എന്നെനിക്കുറപ്പുണ്ട്. കാരണം, എനിക്ക് മറ്റു രഹസ്യങ്ങളൊന്നുമില്ല.

**പിൻവാതിലിൽ കൂടി വരുന്നവർ**

രണ്ടു പത്രപ്രവർത്തകരെ അടുക്കളവശത്തു കൂടി മഠത്തിനകത്തു കയറ്റിയെന്നു പറഞ്ഞ് പുറത്തുവിട്ട ദൃശ്യങ്ങൾ ആയിരങ്ങൾ കണ്ടു. ഇത് അടുക്കളയുടെ ഒരു വശത്താണെന്നേയുള്ളൂ. മഠത്തിനു പിന്നിലെ വാതിലാണെന്നു മാത്രം. എന്നെ പിരിച്ചുവിട്ടതു മുതൽ മുൻവാതിൽ ഉള്ളിൽ നിന്നും പൂട്ടിയിരിക്കുകയാണ്. മറ്റുള്ളവർ മുൻവശം പൂട്ടി പുറത്തുപോയി കഴിഞ്ഞാണ് എന്നെ കാണാൻ പത്രപ്രവർത്തകർ വന്നത്. സ്ഥിരം വയ്ക്കുന്നിടത്ത് താക്കോൽ വച്ചിട്ടുമില്ലായിരുന്നു. അതിഥികളെ പുറത്തുനിർത്തി അപമാനിക്കാതിരിക്കാൻ പിൻവശത്തെ വാതിൽ തുറന്ന് ഉള്ളിൽ കയറ്റി. അതേ വാതിലിലൂടെയാണ് ദിവസം നാലു നേരം കാരയ്ക്കാമല പള്ളിയിലെ മുഴുവൻ അച്ചന്മാരും ഭക്ഷണം കഴിക്കാൻ ഈ മഠത്തിലേക്കു വരുന്നത്. പള്ളിയിൽ നിന്നും മഠത്തിലേക്കുള്ള എളുപ്പവഴിയാണത്. ഇപ്പോൾ ജീവിതം ഇങ്ങനെ

ഓഗസ്റ്റ് ഏഴിന് എന്നെ പിരിച്ചുവിട്ടതായി കത്തു കിട്ടിയതു മുതൽ മഠത്തിൽ നിന്ന് ഇറക്കിവിടാനുള്ള കഠിനശ്രമം നടക്കുകയാണ്. പഴയവരെ സ്ഥലംമാറ്റി. അധികൃതരുടെ പൂർണ്ണപിന്തുണയോടെ വലിയൊരു പടയെ രംഗത്തിറക്കി. അവർക്കു തോന്നിയതു പോലെയാണ് എന്നോട് പ്രവർത്തിക്കുന്നത്. അടുക്കളയിലെ സഹായിയെ പറഞ്ഞുവിട്ടു. ടി.വി. നശിപ്പിച്ചു. മൊബൈൽ വഴിയാണ് ഞാൻ വാർത്തകൾ കാണുന്നത്. നാലു പേർ അവരുടെ സൗകര്യത്തിനു ഭക്ഷണം വയ്ക്കും. അഗതിയെപ്പോലെ ഒരു നേരം ഞാൻ അതിൽനിന്ന് എടുത്തു കഴിക്കും. സഹാധ്യാപകർ കൊണ്ടുതരുന്ന ആഹാരമാണ് അല്ലാത്തപ്പോൾ കഴിക്കുക. മഠത്തിനുള്ളിൽ സത്യസന്ധതയില്ല. സഹജീവിയെ ദ്രോഹിച്ചിട്ട് 'കുരിശിൽ മരിച്ചവനേ' എന്ന് നീട്ടിപ്പാടിയിട്ടെന്തു കാര്യം? ഞാൻ ഇവിടം വിട്ട് എവിടെ പോകാൻ? വീടും ഉറ്റവരെയും വിട്ടെറിഞ്ഞ് 18-ാം വയസ്സിൽ ഞാൻ ഇറങ്ങിത്തിരിച്ചത് ഒരു കന്യാസ്ത്രീയായി സമൂഹത്തെ സേവിച്ചു മരിക്കാനാണ്. എഫ്.സി.സി.യിലെ 7000 കന്യാസ്ത്രീകളുടെ കണ്ണുകൾ ദാനം ചെയ്യാൻ സമ്മതപത്രം നൽകിയാൽ പതിനാലായിരം പേർക്ക് കാഴ്ച കിട്ടിയേനെ. എന്റെ കിഡ്നി ദാനം ചെയ്യാനുള്ള അനുമതിക്ക് അപേക്ഷ നൽകിയിട്ട് അനുവദിച്ചില്ല. ഇതൊക്കെ മെയിൽ അയച്ചതിന് എന്റെ പക്കൽ തെളിവുണ്ട്. പക്ഷേ, മരണശേഷം ശരീരം മെഡിക്കൽ കോളേജിനു നൽകാൻ മുദ്രപ്പത്രത്തിൽ എഴുതി വച്ചിട്ടുണ്ട്. അതിനാരുടെയും അനുവാദം വേണ്ടല്ലോ.

(കടപ്പാട്)

# സൈക്കിൾ ഉപദേശിക്ക് വീണ്ടും സഹായമെത്തി



ഭാരതമെമ്പാടും സൈക്കിളിൽ സഞ്ചരിച്ച് സുവിശേഷമറിയിച്ച സൈക്കിൾ ഉപദേശിക്ക് വീണ്ടും സഹായമെത്തി. ന്യൂയോർക്ക് ക്രൈസ്റ്റ് അസംബ്ലി ഓഫ് ഗോഡ് സഭാംഗം ബെന്നി പി. ചെറിയാൻ 14000 രൂപ ക്രൈസ്തവചിന്ത എഡിറ്ററെ ഏൽപ്പിച്ചു.

കൊച്ചി പള്ളുരുത്തിയിൽ നിന്നും സാജ് ഭവനിൽ പി.ഒ. വർഗീസ് 3000 രൂപയും, പറക്കോട് നിന്നും പുളിയന്നാലിൽ ജോർജ്ജ് കോശി 1000 രൂപയും അയച്ചുതന്നിട്ടുണ്ട്.

കൂടാതെ ഗുഡ് ന്യൂസ് കോഴിക്കോട് ഡിസ്ട്രിക്ട് കോർഡിനേറ്റർ റോയി മാത്യു ചീരനും 5000 രൂപ അയ്ച്ചുതന്നിട്ടുണ്ട്.

700 സ്ക്വയർഫീറ്റ് വലിപ്പമുള്ള ചെറിയ വീടിന്റെ പണി വാർക്ക വരെ ആയിട്ടുള്ളൂ. പണി തീർക്കാൻ ഇനിയും പണം ആവശ്യമാണ്. താല്പര്യമുള്ളവർക്ക് സഹായിക്കാം.

വിലാസം:

**CHRISTHAVACHINTHA**
Mesh Computers, Chelamattom,
Okkal P.O. - 683 550, Ernakulam Dt., Kerala.
Mob:9446571642

Registered
RNIKERMAL/1999/00213
Postal Reg. No. KL/KTM/007/2018-20
Licenced to post without Prepayment
KL/CR/KTM/WPP41/2018-20

# CHRAISTHAVA CHINTHA

First Christian Cultural Publication for all Keralites

*Address for Correspondence:*
**CHRISTHAVACHINTHA**
Mesh Computers, Chelamattom,
Okkal P.O. - 683 550, Ernakulam Dt., Kerala.
Mob:**9846271741, 9446571642, 0484-2982512**

Date of Publication : **3rd Oct. 2019** **Volume 20** **Issue 244** **Kottayam** **Email : ccnewsbag@gmail.com**

# "കർത്താവേ ഞാൻ ഇവിടെ തനിച്ചാണ്"

**ജോളി അടിമത്ര**



സിസ്റ്റർ ലൂസി കളപ്പുര

**ഇതൊരു കന്യാസ്ത്രീയുടെ കദനകഥയാണ്. പരിഷ്കൃതവും സംസ്കൃതവും സ്ത്രീപക്ഷവും എന്ന് മേനിപറയുന്ന, 'നവോത്ഥാന'ത്തിലേക്ക് അടിവെച്ച് മുന്നേറുന്ന ഒരു സമൂഹത്തിൽ സിസ്റ്റർ ലൂസി കളപ്പുര എന്ന കന്യാസ്ത്രീയുടെ ഇത്രയും നാൾ അടക്കിപ്പിടിച്ച സഹനങ്ങളുടെയും തനിച്ച് തുടരുന്ന പോരാട്ടത്തിന്റെയും കഥ.**

കഴിഞ്ഞ ദിവസങ്ങളിൽ സാമൂഹിക മാധ്യമങ്ങളിൽ അയിരങ്ങൾ പങ്കുവെച്ച വാർത്തയാണ് സിസ്റ്റർ ലൂസി കളപ്പുര തന്റെ ശരീരം മെഡിക്കൽ കോളേജിനു കൈമാറാനുള്ള സമ്മതപത്രം എഴുതിവച്ച കാര്യം. ഒരു സന്ന്യാസിനി തന്റെ മൃതദേഹം മെഡിക്കൽ കോളേജിനു നൽകണമെന്ന് മുദ്രപ്പത്രത്തിൽ എഴുതിവച്ച സംഭവം ചരിത്രമാകുകയാണ്. എന്നാൽ, സഭയിൽ നിന്ന് പിരിച്ചുവിട്ടതിനു പുറമേ സാമൂഹികമാധ്യമങ്ങളിലൂടെ തുടർച്ചയായി അപമാനിക്കപ്പെടുകയാണ് ഇപ്പോൾ ഈ കന്യാസ്ത്രീ. മാനന്തവാടി ദ്വാരകയിലെ സേക്രഡ് ഹാർട്ട് സ്കൂളിൽ സിസ്റ്ററെ കാണാനെത്തുമ്പോൾ അവർ ക്ലാസ്സ്മുറിയിലായിരുന്നു. വൈകുന്നേരം സ്കൂൾ വിട്ട് പുറത്തേക്കു വരുന്ന ടീച്ചറുടെ കൈയിൽ പിടിച്ച് ചേർന്നുനിന്ന് സംസാരിക്കുന്ന ആദിവാസി വിദ്യാർത്ഥികൾ. അവരുടെ വീടുകളിൽ പോകുകയും ബുദ്ധിമുട്ടുകൾ അറിയുകയും ഒപ്പം നിന്ന് ആത്മവിശ്വാസം പകരുകയും ചെയ്യുന്ന ടീച്ചറമ്മയാണവർക്ക് ലൂസി സിസ്റ്റർ. ഇതേ സ്നേഹത്തോടെ സിസ്റ്റർക്കൊപ്പം ചേർന്നു നിൽക്കുന്നു കാരയ്ക്കാമല ഇടവക പള്ളിയിലെ കത്തോലിക്കാ വിശ്വാസികളിൽ വലിയപങ്കും. തികച്ചും ജനകീയ. പക്ഷേ, പുറംലോകം മുഴുവൻ ഒപ്പം നിന്നിട്ടും സഭ മാത്രം തള്ളിപ്പറയുകയും അപമാനിക്കുകയും പുറത്താക്കാനുള്ള ശ്രമം നടത്തുകയും ചെയ്യുന്നതെന്തുകൊണ്ടാവും? നേരിൽ കണ്ടറിയണമെന്നു തോന്നിയതുകൊണ്ടാണ് സിസ്റ്ററെ തേടി അവർ താമസിക്കുന്ന കാരയ്ക്കാമലയിലെ മഠത്തിൽ പോയത്.

മഠത്തിനു ചുറ്റും പുറത്തേക്ക് തുറിച്ചുനോക്കുന്ന പത്തോളം സി.സി. ക്യാമറകളാണ് എന്നെ സ്വാഗതം ചെയ്തത്. കോളിംഗ്ബെല്ലടിച്ച് കാത്തുനിന്നിട്ടും ആരും ഇറങ്ങിവന്നില്ല. തുടർന്ന് പിൻവശത്തെ വാതിലിലൂടെ മഠത്തിലേക്കു കയറിപ്പോയി. ചാനലുകളിൽ ഇടംപിടിച്ച പിൻവാതിൽ, ആരും ഉരിയാടാനില്ലാതെ തികച്ചും അനാഥയെപ്പോലെ അതിനുള്ളിൽ അവരുടെ ജീവിതം. മൂന്നര പതിറ്റാണ്ട് സഭയ്ക്കു വേണ്ടി അദ്ധ്വാനിച്ച ഈ കന്യാസ്ത്രീ എങ്ങനെയാണ് പെട്ടെന്ന് അനഭിമതയായത്? പിന്നിട്ട ജീവിതാനുഭവങ്ങളെപ്പറ്റി സിസ്റ്റർ ലൂസി സംസാരിക്കുമ്പോൾ അതിൽ കൊടുങ്കാറ്റുകളും ഉരുൾപൊട്ടലുകളും അടക്കിപ്പിടിച്ച തേങ്ങലുകളുമുണ്ട്.

## സ്വപ്നവും യാഥാർത്ഥ്യവും

കണ്ണൂർ ജില്ലയിലെ കരിക്കോട്ടക്കരിയിലാണ് ഞാൻ ജനിച്ചത്. സാമൂഹികപ്രവർത്തകനും കർഷകനുമായ പരേതനായ സ്കറിയായുടെയും റോസമ്മയുടെയും 11 മക്കളിൽ ഏഴാമത്തവൾ. അപ്പനായിരുന്നു എന്റെ മാതൃകാ പുരുഷൻ. നല്ലൊരു സാമൂഹികപ്രവർത്തകയാകണം എന്നായിരുന്നു ബാല്യത്തിലെ എന്റെ സ്വപ്നം. പത്തിൽ പഠിക്കുമ്പോഴേ കന്യാസ്ത്രീയാകാനുള്ള തീരുമാനം ഞാൻ വീട്ടിലറിയിച്ചു. എന്നാൽ ചാച്ചനും എന്റെ മൂത്ത സഹോദരന്മാർക്കും താല്പര്യം ഇല്ലായിരുന്നു. ആരെതിർത്താലും മഠത്തിൽ ചേരുമെന്ന ഉറച്ച തീരുമാനവുമായി പ്രീഡിഗ്രി കഴിഞ്ഞപ്പോൾ ഞാൻ കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ ചേർന്നു. വീട്ടിൽ തീരുമാനം അറിയിച്ചു. മുഴുവൻ സമയവും സമൂഹത്തിനായി ജീവിക്കണം. അതിന് സന്യസ്തജീവിതം തിരഞ്ഞെടുക്കുകയാണെന്ന എന്റെ ഉറച്ച തീരുമാനത്തിനു മുന്നിൽ ഒടുവിൽ വീട്ടുകാർ വഴങ്ങി. 1985-ലാണ് നിത്യവ്രതവാഗ്ദാനം ചെയ്ത് ഞാൻ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിൽ (എഫി.സി.സി.) സ്ഥിരം സഭാംഗമായത്. ഇപ്പോൾ 34 വർഷം പൂർത്തിയായി.

മാതാപിതാക്കളെയും കുടുംബത്തെയും ഉറ്റബന്ധങ്ങളെയും ഉപേക്ഷിച്ചാണ് ഒരാൾ സന്യസ്തജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. മഠമാണ് പിന്നെ അവരുടെ കുടുംബം. ജീവിക്കുന്നതും ജോലി ചെയ്യുന്നതും ശമ്പളം വാങ്ങുന്നതും എ

*(ശേഷം പേജ് 16)*

**17-ാമത് ഐ.പി.സി. ഫ്ളോറിഡ ഫാമിലി കോൺഫറൻസ്**

**20 പേർക്ക് ഒരു ലക്ഷം രൂപ വീതം**

# വിവാഹ സഹായം നൽകുന്നു

**പത്ത് വനിതകൾക്ക് ക്രൈസ്തവചിന്ത വഴിയാണ് സഹായം നൽകുന്നത്**

**അപേക്ഷയുടെ മാതൃക**

1. അപേക്ഷകന്റെ പേര് :
   വിലാസം :
   ഫോൺ നമ്പർ :
2. പെൺകുട്ടിയുമായുള്ള അപേക്ഷകന്റെ ബന്ധം :
3. പെൺകുട്ടിയുടെ തൊഴിൽ, വിദ്യാഭ്യാസം :
4. കുടുംബാംഗങ്ങളുടെ തൊഴിൽ, വരുമാനം സംബന്ധിച്ച പൂർണ്ണവിവരങ്ങൾ :
5. കുടുംബത്തിന്റെ മാസവരുമാനം :
6. വസ്തുവിന്റെ വിസ്തീർണ്ണം :
7. പെൺകുട്ടിക്ക് കൊടുക്കാനുദ്ദേശിക്കുന്ന ഓഹരി തുക :
8. അംഗമായിരിക്കുന്ന സഭ :

നാലു മാസത്തിനകം വിവാഹം നടന്നിരിക്കണം. ◆ പെൺകുട്ടിയുടെ രക്ഷിതാക്കൾക്ക് അപേക്ഷ നൽകാം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ മാത്രം അപേക്ഷിക്കുക. ◆ അപേക്ഷകരെ നേരിൽ കണ്ട് അർഹരെന്ന് ബോധ്യപ്പെട്ടാൽ മാത്രം സഹായം. ◆ പണം നൽകാമെന്ന് വാഗ്ദാനം ലഭിച്ചിട്ടേ വിവാഹം ഉറപ്പിക്കാവൂ.

**സഭാ പാസ്റ്ററുടെ വിശദമായ ശുപാർശകത്ത് സഹിതം അപേക്ഷിക്കുക. അപൂർണ്ണമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.**

വീട്ടിൽ എത്താവുന്ന വഴി വ്യക്തമായി അപേക്ഷയിൽ കാണിച്ചിരിക്കണം.

*അപേക്ഷ അയയ്ക്കേണ്ട വിലാസം:*
**CHRISTHAVACHINTHA,**
**Mesh Computers, Chelamattom, Okkal P.O. - 683 550, Ernakulam Dt., Kerala.**
**Mob:9446571642, 0484-2982512**

**റവ. ആന്റണി റോക്കി**
നാഷണൽ കൺവീനർ

**ബ്രദർ ഏബ്രഹാം**
നാഷണൽ സെക്രട്ടറി

**ജോൺസൺ ഏബ്രഹാം മേലേടത്ത്**
നാഷണൽ ട്രഷറർ

Printed and Published by K.N. Russel, Chraisthava Chintha, Panayakkazhippu Road, Nagampadom, Kottayam 1, Printed at Mayur Printers , S.H. Mount, Choottuvely, Kottayam and published at Kottayam. Owned by : K.P. John and K.N. Russel.Editor : K.N. Russel. Editor Incharge : M.P. Tony Mob : 9846271741. Typesetting : Art Windows, Perumbavoor Ph: 9446139597.